V നിയമനിർമ്മാണകാര്യം

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലാ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : Sir, I have a point of order ഒന്നാമത് ന്യായമായ നിലയിൽ നിയമസഭയിൽ അവതരിപ്പിച്ച് ബില്ല് പാസ്സാക്കിയില്ല. എന്നാൽ ഒരു ഓർഡിനൻസാണ് പുറപ്പെടുവിച്ചതുതന്നെ വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. "ശക്തർ ആൻറ് കൗശം" ഞാൻ വായിക്കാം. ഇനിയെങ്കിലും ഇത് ആവർത്തിക്കാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഇത് വായിക്കുന്നത്.

Financial Memorandum of Bills involving expenditure :

'The memorandum has to invite particular attention to the clauses involving expenditure and also to give an estimate of the recurring and non-recurring expenditure involved in case the Bill is passed into law. Such clauses or provisions in the Bill are printed in thick type or in italics.' അതൊന്നും ഇവിടെ ഇല്ലല്ലോ ? അതു പോകട്ടെ. അങ്ങനെ ചെയ്യണമെന്നാണ് നിയമത്തിലെ വ്യവസ്ഥ. ഇവിടെ ഇറാലിക്സുമില്ല ടൈപ്പ്സുമില്ല. എന്നാൽ അതിന്റെ കണക്കെങ്കിലും ഒന്നു പറയേണ്ട, അതും ഇല്ല. ഇതിനെ സംബന്ധിച്ച് പാർലമെൻറിൽ ഒരിക്കൽ ഒരു സംഭവമുണ്ടായി. അന്ന് സ്പീക്കർ പറഞ്ഞത് ഇതാണ്. "The Minister was asked to furnish a detailed statement giving the particulars of recurring expenditure".

So here in this Bill this is the provision for the year 1986-87 an amount of Rs. 175·96 lakhs non-plan and Rs. 80 lakhs plan has been provided. പ്രൊവിഷൻ പറഞ്ഞില്ല എന്നു മാത്രമല്ല ഇത് റെക്കറിംഗാണോ നോൺ റെക്കറിംഗാണോ ? എന്ത് നിലയിലുള്ള ചെലവാണ് ? ഇതിനെ സംബന്ധിച്ച് ഒരു ഡീറ്റയിൽസ് അംഗങ്ങൾക്ക് കിട്ടാൻ ന്യായമായും അവകാശമുണ്ട്. ഇതു തന്നെ ഒരു ഇറെഗുലാരിറ്റിയാണ്. ഇത് നിരവധി തവണ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. പാർലമെൻറിൽ വരുന്ന നടപടിയിൽ അവിടെ ബഹുമാനപ്പെട്ട സ്പീക്കർ മന്ത്രിയോട് റെക്കറിംഗ് ആൻറ് നോൺ റെക്കറിംഗിന്റെ സ്റ്റേറ്റുമെൻറ് സഭയിൽ വയ്ക്കാൻ പറഞ്ഞു. അത് ഇവിടെ ഇപ്പോൾ ചെയ്യണമെന്ന് ഞാൻ പറയുന്നില്ല. ഭാവിയിൽ അത് ചെയ്യണം. അതുകൊണ്ട് ഇതു വളരെ സ്പെസിഫിക്കായിട്ട് പറയണം. കോടിക്കണക്കിന് രൂപയാണ് സർക്കാരിന്റെ കൺസോളിടേറ്റഡ് ഫണ്ടിൽ നിന്നും ഈ നിയമം നടപ്പിലാക്കിയാൽ ചെലവുണ്ടാകുക. അപ്പോൾ കോടിക്കണക്കിന് രൂപ ചെലവ് വരുന്നത് റെക്കറിംഗാണോ നോൺ റെക്കറിംഗാണോ എന്ന് സ്പെസിഫൈ ചെയ്തു പറയണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച ഒരു സംഗതിയെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഈ ബില്ല് നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ കൊച്ചി സർവ്വകലാശാലയ്ക്ക് നൽകി വന്നിരുന്നതിൽ കൂടുതൽ സംസ്ഥാന സഞ്ചയിക നിധിയിൽനിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല. കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് സർക്കാർ വാർഷിക ഗ്രാന്റ് നൽകുന്നുണ്ട്. 1986-87 വർഷത്തേക്ക് 175 96 ലക്ഷം രൂപ നോൺ-പ്ലാൻ വിഹിതമായും എൺപതു ലക്ഷം രൂപ പ്ലാൻ വിഹിതമായും. കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്ക് ഗ്രാന്റായി നൽകിയിട്ടുണ്ട്. ഇതിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച സംഗതി ഇതിൽ റെക്കറിംഗ് എക്സ്പെൻറിച്ചർ എത്രയാണ് നോൺ റെക്കറിംഗ് എക്സ്പെൻറിച്ചർ എത്രയാണ് എന്ന് സ്പെസിഫിക്കായിട്ടും ചൂണ്ടിക്കാണിക്കണമെന്നാണ്. സാധാരണ ഗതിയിൽ നമ്മുടെ നിയമസഭയിൽ ഒരു ധനകാര്യ മെമ്മോറാണ്ടത്തിലും കൃത്യമായിട്ട് പറയാറില്ല. ഇവിടെ ഒരു പ്രിസംഷൻ എന്നു പറയുന്നത് 175.96 ലക്ഷം രൂപ നോൺ പ്ലാനിൽ വന്നിരിക്കുന്നതാണ് റെക്കറിംഗ് എക്സ്പെൻറിച്ചറായി കണക്കാക്കി വരുന്നത്. എൺപത് ലക്ഷം രൂപ പ്ലാനിൽ ഈ പ്രാവശ്യം വച്ചിരിക്കുന്നതാണ് നോൺ റെക്കറിംഗ് എക്സ്പെൻറിച്ചറായിട്ട് കണക്കാക്കുന്നത്. എന്തായാലും ഇനി തയ്യാറാക്കുന്ന ബില്ലിൽ സ്പെസിഫിക്കായിട്ട് തന്നെ റെക്കറിംഗും നോൺ റെക്കറിംഗും കൃത്യമായി സ്പ്ലിറ്റ് ചെയ്തു അങ്ങനെ തന്നെ പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ : വിദ്യാഭ്യാസമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്തിരിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ് : (തുടർച്ച) സർ, 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ സാമൂഹ്യസേവനം സംബന്ധിച്ച് 6-ാം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ നേരത്തെ നിലവിലുണ്ടായിരുന്ന കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഒരു സയൻസ് ആൻഡ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയാക്കി ഉയർത്തിക്കൊണ്ടുള്ള ഒരു ഓർഡിനൻസിനു പകരമുള്ള ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ 1986 ഫെബ്രുവരി 23-ാം തീയതിയാണ് ഈ ഓർഡിനൻസ് ആദ്യമായി പ്രഖ്യാപിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എങ്കിലും പ്രസക്തമായ രണ്ടുമൂന്നു കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. 1980-ൽ പ്ലാനിംഗ് ബോർഡ് കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച്, പൊതുവായി നമ്മുടെ സംസ്ഥാനത്ത് സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിനുവേണ്ടി പ്രത്യേകമായി ഒരു വിഭാഗം ആരംഭിക്കാമോ വേണ്ടയോ എന്നുള്ള കാര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി ഇന്നത്തെ ഗവൺമെന്റിന്റെ മുമ്പിൽ ഒരു റിപ്പോർട്ട് 1980-ൽ സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന അവസരത്തിൽതന്നെ 1982-ൽ ജാദവ്പൂർ വൈസ്ചാൻസലറായിരുന്ന പ്രൊഫസർ മുനീന്ദ്രമോഹൻ ചക്രബർത്തിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയുണ്ടായി. ആ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ഇപ്പോഴത്തെ നിലവിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി തന്നെ, ഇപ്പോഴത്തെ നിലകൊള്ളുന്ന സ്ഥലവും അതിന്റെ സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് അതൊരു സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിൽ തെറ്റില്ല എന്ന് ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനുവേണ്ടിയുള്ള ക്രമീകരണങ്ങളും നടത്തണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് ശുപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നത തല കോൺഫറൻസ് സെപ്റ്റംബർ മാസം 12-ാം തീയതി വിളിച്ചുകൂട്ടി. ആ കോൺഫറൻസിൽവച്ച് ശ്രീ. വി. ആർ. പിള്ളയുടെ നേതൃത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഒരു വിദഗ്ദ്ധസമിതി രൂപീകരിക്കുകയും ചെയ്തു. ആ കമ്മിറ്റിയിൽ ശ്രീ. ഗവാരിക്കർ, ശ്രീ. എം. ആർ. സീതാരാമൻ ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ശ്രീ. രാമചന്ദ്രൻ, ഡോക്ടർ ഗോപാലൻ, ഡോക്ടർ വാസുദേവൻ എന്നിവർ അംഗങ്ങളായിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ കൊച്ചിൻ സർവ്വകലാശാല തന്നെ ശാസ്ത്ര–സാങ്കേതിക കാര്യങ്ങൾക്ക് ഊന്നൽ നൽകാൻ സർവ്വഥാ യോഗ്യമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശ്രീ. ഇ. പത്മനാഭൻ : സർ, ഈ ചക്രബർത്തി കമ്മിറ്റി റിപ്പോർട്ട് എന്ന് അങ്ങ് പരാമർശിക്കുന്നുണ്ട്. ഈ ബാക്ഗ്രൗണ്ട് മെറ്റീരിയൽസിൽ, അതു മാത്രം ഞങ്ങളിൽ നിന്ന് ഒളിപ്പിച്ചു വച്ചത് എന്തിനാണ് അതിന്റെ ഒരു കോപ്പി തരാമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന്റെ കോപ്പി തരാൻ ബുദ്ധിമുട്ടില്ല. അത് ഒളിപ്പിച്ചു വയ്ക്കുന്നതുമല്ല. സർ, ഈ ചക്രബർത്തി കമ്മിറ്റി റിപ്പോർട്ട് എന്നുപറയുന്നത് ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടല്ല. കൊച്ചിൻ യൂണിവേഴ്സിറ്റിതന്നെ, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വിദഗ്ദ്ധമായ നടത്തിപ്പിനെക്കുറിച്ചും, അതിനെ മറ്റൊരു രൂപത്തിൽ രൂപാന്തരപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതിനു വേണ്ടി നിയമിച്ച ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പികൾ ധാരാളമായിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. പത്മനാഭന് ഒരു കോപ്പി നൽകുന്നതിന് ബുദ്ധിമുട്ടില്ല. എല്ലാവർക്കു നൽകാനുള്ള കോപ്പികൾ അവയിലബിളല്ല. ആവശ്യമുള്ള കോപ്പീസ് വന്നിട്ട് എല്ലാവർക്കും തരാം. അതിനെത്തുടർന്നാണ് ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചത്. ആ സമിതി ഒരു റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തത്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ സംസ്ഥാനത്ത് ഇതിനു വേണ്ടി പ്രത്യേകമായൊരു സ്ഥാപനം ആരംഭിക്കേണ്ടതില്ല. നിലവിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റിയെതന്നെ ഒരു ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്ക് ഊന്നൽ കൊടുത്താൽ . മതിയെന്ന് പ്രത്യേകമായി പറയുകയും ചെയ്തിരിക്കുന്നു. അതുപോലെതന്നെ ഗവേഷണ രംഗത്ത് അതൊരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മാതൃകയിൽ ആയിരിക്കണം രൂപം കൊള്ളേണ്ടത് എന്നും സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ സർവ്വകലാശാലയെ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രമാക്കുകയും, അങ്ങനെ ശാസ്ത്ര സാങ്കേതിക സർവ്വകാലശാലയാക്കുമ്പോൾ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പഴയ കൊച്ചിൻ സർവ്വകാലാശാലയിൽ ഉണ്ടായിരുന്ന ഫിസിയും നിയമവും വകുപ്പുകളും ഗാന്ധിജി യൂണിവേഴ്സിറ്റിയിലേക്ക് മാറ്റുന്നതിന് മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തു. അതിനാവശ്യമായ ഭേദഗതി ഓർഡിനൻസായി അവതരിപ്പിച്ചു. അതിനെ ഹൈക്കോടതി ചോദ്യം ചെയ്തു. ഹൈക്കോടതി താൽകാലികമായി അതു തടഞ്ഞു. അവർ പറഞ്ഞത്, കൊച്ചിൻ യൂണിവേഴ്സിറ്റി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയായി ഉയർത്താതിരിക്കുന്നിടത്തോളം കാലം . ഇങ്ങനെയൊരു നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ലെന്നാണ്. അതെല്ലാം കൂടിപരിഗണിച്ചശേഷം ഈ യൂണിവേഴ്സിറ്റിയെ ഒരു ശാസ്ത്ര സാങ്കേതികയൂണിവേഴ്സിറ്റിയായി ഉയർത്തിക്കൊണ്ട് ഒരു ഓർഡിനൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചു. ഈ ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ കാരണം ഹൈക്കോടതി വിധി നിലവിലുണ്ടായിരുന്നതുകൊണ്ടും, ഹിന്ദി, നിയമ വകുപ്പുകൾ മാറാൻ ഗവൺമെന്റ് നേരത്തെ തീരുമാനമെടുത്തിരുന്നതുകൊണ്ടും നിയമസഭ സമ്മേളിക്കുന്നതുവരെ അതിനുവേണ്ടി കാത്തിരിക്കാനുള്ള ബുദ്ധിമുട്ടു കൊണ്ടുമാണ്. സർ, ഈ പുതിയ യൂണിവേഴ്സിറ്റിയുടെ ഘടനയിൽ ചില

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റിക്ക് ഒരു സെനറ്റ് ഉണ്ടായിരിക്കുന്നതല്ല. അതുപോലെതന്നെ നോമിനേറ്റ് ചെയ്യപ്പെട്ട 14 അംഗങ്ങളുടെ ഒരു സിൻഡിക്കേറ്റ് ആയിരിക്കണം ഭരണം നടത്തേണ്ടത്. നോമിനേറ്റ് ചെയ്യപ്പെട്ട അക്കാഡമിക് കൗൺസിലായിരിക്കും നേരത്തെ ഉണ്ടായിരുന്ന എലക്ടഡ് അക്കാഡമിക് കൗൺസിലിനു പകരമുള്ളത്. ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് അംഗങ്ങളുടെ ബിരുദാനന്തര പഠനവും ഗവേഷണവുമായിരിക്കും സർവ്വകലാശാലയുടെ പ്രഥമമായ ലക്ഷ്യം. ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രമുഖനായിട്ടുള്ള ഒരാളെ വൈസ് ചാൻസലറായി നിയമിക്കണം. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി രൂപീകരിക്കുകയും അതിനുവേണ്ടി നിയമം കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഗാന്ധിജി സർവ്വകലാശാലയിലേക്ക് നേരത്തെ മാറ്റാൻ തീരുമാനിച്ചിരുന്ന ഹിന്ദി, ലാ ഡിപ്പാർട്ടുമെന്റുകളും ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ തന്നെ തുടരണമെന്നാണ് ഇപ്പോഴത്തെ തീരുമാനം. കഴിഞ്ഞ ഫെബ്രുവരി മാസം 23-ാം തീയതി ഈ ഓർഡിനൻസ് പ്രസിദ്ധീകരിച്ച ശേഷം ഇത് സംബന്ധിച്ച് ധാരാളം പരാതികളും ഉയർന്നുവന്നു. ഈ നിയമസഭയിൽതന്നെ ശ്രീ. മുഹമ്മദലി ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം വഴി ഇക്കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സർ, ഞാൻ ഈ നിയമസഭയിൽ നൽകിയ ഉറപ്പിൽ ചില കാര്യങ്ങൾക്ക് മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. അന്ന് പ്രധാനമായും നിയമസഭയിലും പത്രങ്ങളിലും വന്ന ഒരു ആക്ഷേപമെന്നു പറയുന്നത്, ഇതിൽ സെനറ്റ് ഇല്ലാതാക്കി, സിൻഡിക്കേറ്റിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല, വൈസ് ചാൻസലർക്ക് നിയന്ത്രണമില്ലാത്ത അധികാരങ്ങൾ കൊടുത്തിരിക്കുന്നുവെന്നുമാണ് ഇത് സംബന്ധിച്ച് ഉയർന്നുവന്നത്. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാര്യത്തിൽ ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ ചില കാരണങ്ങളുണ്ട്. ഇപ്പോൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ സ്വീകരിച്ചിരിക്കുന്ന നിലപാട് സെനറ്റ് നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് ആവശ്യമില്ലെന്നാണ്. അതിനകത്ത് യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. പുതിയ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ രൂപം കൊള്ളുകയോ നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തുകയോ ചെയ്യുമ്പോൾ എലക്ടഡ് സെനറ്റ് ആവശ്യമില്ലെന്നും സിൻഡിക്കേറ്റ് ആവശ്യമില്ലെന്നും ഒരു നിലപാട് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ സ്വീകരിച്ചിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തെ സംബന്ധിച്ച പുതിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനുമായി ചർച്ച നടത്തിയ അവസരത്തിൽ കമ്മിഷന്റെ മുൻപാകെ ചില കാര്യങ്ങൾ ഞാൻ അവതരിപ്പിക്കുകയുണ്ടായി. ഈ സഭയിൽതന്നെ പാസ്സാക്കിയ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ ഇവിടെയുള്ള മുഴുവൻ അംഗങ്ങളുടെയും വികാരങ്ങളെ മാനിച്ചുകൊണ്ടാണ് സെനറ്റും സിൻഡിക്കേറ്റും നിലനിറുത്താനുള്ള തീരുമാനം എടുത്തിരിക്കുന്നത്. എന്നാണെങ്കിലും ഗവൺമെന്റിന്റെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് പുതിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ ചെയർമാൻ സെനറ്റ് നിലനിറുത്താമെന്ന് സമ്മതിക്കുകയുണ്ടായി. ആ സെനറ്റ് നിലനിറുത്താമെന്ന് സമ്മതിച്ചപ്പോൾ അതിനകത്ത് പ്രധാനമായും ചെയ്തിരിക്കുന്ന ഒരു സംഗതി സെനറ്റിന് ഇന്നുള്ള പരമാധികാരം എടുത്തുകളയണമെന്നുള്ളതാണ്. അങ്ങനെ യു. ജി. സി. നിർദ്ദേശിക്കുകയുണ്ടായി. ആ നിർദ്ദേശം ഇപ്പോൾ നിലവിലുണ്ട്. ബില്ലിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ യു. ജി. സി. യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഏതു മാറ്റവും വരുത്തുന്നതിന് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. അത് ഞാൻ ആദ്യമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ

തന്നെ യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ വൈസ് ചാൻസലറിൽ കേന്ദ്രീകരിച്ചുകൊടുത്തുവെന്നുള്ള ആക്ഷേപമുണ്ടായിരുന്നു. അതിനെത്തുടർന്ന് രണ്ടാമത് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. വൈസ് ചാൻസലർക്ക് കൊടുത്തിരിക്കുന്ന പല അധികാരങ്ങളും എടുത്തുമാറ്റുകയുണ്ടായി. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബിൽ അനുസരിച്ച് യൂണിവേഴ്സിറ്റിയുടെ അധികാരങ്ങളെല്ലാം ചാൻസലറുടെ അല്ലെങ്കിൽ ഗവർണ്ണറുടെ പരമാധികാരത്തിൻ കീഴിലായിരിക്കും എന്നാക്കിത്തീർത്തിട്ടുണ്ട്. വൈസ്ചാൻസലറുടെ 5 വർഷമായിരുന്ന നിയമന കാലാവധി ഇപ്പോൾ മറ്റു യൂണിവേഴ്സിറ്റികളിൽ നിലവിലുള്ളതുപോലെ 4 വർഷമായി കുറച്ചിട്ടുണ്ട്. അങ്ങനെയുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ഇപ്പോഴത്തെ ഭേദഗതി കൊണ്ടു വന്നിരിക്കുന്നത്. അതുപോലെ മറ്റൊരു മാറ്റം വരുത്തിയിരിക്കുന്നത് വൈസ് ചാൻസലറും സിൻഡിക്കേറ്റും എടുക്കുന്ന ശിക്ഷണ നടപടികൾക്കെതിരായി അപ്പീൽ കൊടുക്കാൻ ജീവനക്കാർക്ക് അവകാശം കൊടുത്തിട്ടുണ്ട്; ഇങ്ങനെ കുറെ മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ടാണ് പുതിയ ബിൽ കൊണ്ടുവന്നിരിക്കുന്നത്. നിയമസഭയിൽനിന്നും രണ്ട് അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം നൽകിക്കൊണ്ടും ഈ നിയമത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന യൂണിവേഴ്സിറ്റിയുടെ പരിധിയെന്നു പറയുന്നത് പ്രാദേശികമായിട്ടു മാത്രമായിരുന്നു. അത് കൊച്ചിൻ കോർപ്പറേഷനും, ആലുവാ മുനിസിപ്പാലിറ്റിയും പറവൂർ മുനിസിപ്പാലിറ്റിയും എറണാകുളത്തോട് ചേർന്നു കിടക്കുന്ന ഏതാനും പഞ്ചായത്തുകളുമായിരുന്നു. ഇപ്പോഴത്തെ ബിൽ അനുസരിച്ച് ഇതിന്റെ പ്രാദേശിക പരിധി എടുത്തുകളയുകയും സംസ്ഥാനവ്യാപകമായ ഒരു യൂണിവേഴ്സിറ്റിയാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൈസ് ചാൻസലറുടെ നിയമനത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. രജിസ്ട്രാറുടെയും ഫൈനാൻസ് ഓഫീസറുടെയും നിയമനത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പിന്നെ സമിതികളെ സംബന്ധിച്ചിടത്തോളവും ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ഭേദഗതികളോടുകൂടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

സർ, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായ രൂപത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് ബുദ്ധിമുട്ടില്ല. പിന്നെ സഭയിൽ ഉയർന്നു വരുന്ന പൊതുവായ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് ആവശ്യമായിട്ടുള്ള ഭേദഗതി സബ്ജക്റ്റ്. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന അവസരത്തിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടില്ല. സർ, ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിൽ ഒരു ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി വേണം, അല്ലെങ്കിൽ ഒരു സ്ഥാപനം വേണം എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. അത് കാലാകാലങ്ങളായി എല്ലാവരും ഉന്നയിച്ചിരുന്ന ഒരു ആവശ്യമാണ്. അതിൻമേൽ നടപടികൾ സ്വീകരിച്ചാണ് ഇപ്പോഴത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുത്താൻ ഉള്ള തീരുമാനം ഗവൺമെന്റ് എടുത്തതും അതനുസരിച്ചുള്ള നിയമനിർമ്മാണം, അല്ലെങ്കിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നതും. ഇതിനകത്ത് സൗകര്യപ്രദമായ നിലയിൽ, സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾക്ക് അനുസൃതമായ നിലയിൽ, ഈ യൂണിവേഴ്സിറ്റിയെ രൂപാന്തരപ്പെടുത്തത്തക്ക നിലയിൽ ക്രിയാത്മകമായ സജഷൻസ് ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്ന് വന്നാൽ അത് ഉൾക്കൊള്ളുവാൻ ഗവൺമെന്റ് സന്നദ്ധമാണ്. സബ്ജക്റ്റ് കമ്മിറ്റിയുടെ സ്റ്റേറ്റജിൽ ആ കാര്യങ്ങൾ പരിശോധിക്കുകയും അതിനുശേഷം ആ ബില്ല് ഈ നിയലിലുള്ള ഭേദഗതികളോടുകൂടി നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്യാം എന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri K. V. Surendranath : Sir , I moye that "This House resolves to disapprove the Cochin University of Science and Technology Ordinance 1986 (Ordinance No. 48 of 1986)".

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഈ ഓർഡിനൻസ് നിരാകരിക്കണം എന്നുള്ള ഈ പ്രമേയത്തോടൊപ്പം ഇതിനെപ്പറ്റിയുള്ള അഭിപ്രായങ്ങളും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ജേക്കബിനു നാലുകൊല്ലത്തിനിടക്ക് രണ്ടു യൂണിവേഴ്സിറ്റി ഉണ്ടാക്കിയതിലുള്ള ക്രെഡിറ്റു അവകാശപ്പെടാം. അത് ഒരു വലിയ ക്രെഡിറ്റാണ്. കേരളത്തിലെ മുൻ മന്ത്രിമാർക്കാർക്കെങ്കിലും ഈ അസുലഭ ഭാഗ്യം സിദ്ധിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ് ശ്രീ. മുണ്ടശ്ശേരി മാസ്റ്റർക്കും ആ അസുലഭ ഭാഗ്യം സിദ്ധിച്ചിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. എനിക്ക് ഒരു കാര്യമേ പറയാനുള്ളു. അദ്ദേഹത്തെ ഇംഗ്ലീഷിൽ പറഞ്ഞാൽ.....

"Power without glory, opportunity without credit".

ഇതാണ് അദ്ദേഹത്തിനു വിധിക്കപ്പെട്ടത്. സത്യത്തിൽ ഗവൺമെൻറിനു ഇങ്ങനെ ഒരു അടിയന്തിര ആവശ്യമുണ്ടോ എന്നു പരിശോധിച്ചു ആ അടിയന്തിര ആവശ്യത്തിന്റെ കാര്യമൊക്കെ അദ്ദേഹം ഇവിടെ പറഞ്ഞു.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ...

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഇങ്ങനെ ഒരു അടിയന്തിരമായ ആവശ്യം ഒരു ഓർഡിനൻസിൽകൂടി, ഒരു യൂണിവേഴ്സിറ്റി സ്ഥാപനം നടപ്പാക്കുന്നതിലുള്ള അടിയന്തിര സ്വഭാവമുള്ള കാര്യം എന്തായിരുന്നു എന്നു അദ്ദേഹം ഇവിടെ പറഞ്ഞു. ഇതിന്റെ ഫലമായി പത്രപംക്തികളിലും അക്കാടമിക് സർക്കിംസിലുമൊക്കെ വളരെക്കാലമായി, ഇത് ഒരു സംസാര വിഷയമായതാണ്. ഒരു ചാൻസിലറും പ്രോ-വൈസ് ചാൻസിലറും തമ്മിൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ, വൈസ് ചാൻസിലറും പ്രോ-വൈസ് ചാൻസിലറും തമ്മിൽ ഗവൺമെൻറും വൈസ് ചാൻസലറും തമ്മിൽ, എന്ത് വാദപ്രതിവാദമാണെന്നോ ഇവിടെ നടന്നത്. ഇതെല്ലാം പത്രപംക്തികളിൽ വന്നു ഗവർണ്ണർ കൂടിയ ചാൻസലറും വലിയ വാദപ്രതിവാദത്തിനിടയായി. ഇത്രയും അധികം ആശയക്കുഴപ്പം ഉണ്ടാക്കിയ, ഇത്രയധികം അസംതൃപ്തി വെറുതെ നമ്മുടെ അക്കാടമീഷ്യൻസിന്റെ ഇടയിൽ കുത്തിയുണ്ടാക്കിയ മറ്റൊരു നിയമനിർമ്മാണ സംരംഭം നമ്മുടെ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിലും ഈ സഭയുടെ നിയമനിർമ്മാണ ചരിത്രത്തിലും ഇതുവരെ ഉണ്ടായിട്ടില്ല. അത്രക്ക് കൺഫ്യൂഷനാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരു പ്രശ്നവും പരിഹരിച്ചില്ല. പരിഹരിച്ചത് എന്താണെന്നു വച്ചാൽ ഗാന്ധിജി യൂണിവേഴ്സിറ്റി പടച്ചു വിട്ടതുപോലെ മറ്റൊരു യുണിവേഴ്സിറ്റി ഉണ്ടാക്കി. സയൻസ് ആൻറ് ടെക്നോളജി എന്ന പേരിൽ ഇപ്പോഴും അവിടെ നിലനിൽക്കുന്ന കുറെ സ്ഥാപനങ്ങളും എല്ലാം കൂടി കൂട്ടിച്ചേർത്ത് കൊച്ചിൻ യൂണിവേഴ്സിറ്റിയെന്നു പറയുന്ന ഒരു യൂണിവേഴ്സിറ്റി ഇവിടെ ഉടലെടുത്തു. പടച്ചുവിട്ട കുഞ്ഞ് ജീവിക്കുമോ ? അതോ ശിശുമരണം സംഭവിക്കുമോ ? അല്ലെങ്കിൽ വികലാംഗനായ ഒരു കുട്ടിയായി അത് വളരുമോ ? ഇതൊക്കെ ചോദ്യങ്ങളാണ്. വളരെ മോശമായ രീതിയിലുള്ള ഒരു ജനനമാണിത്. അതിന്റെ ഫലമായിട്ട് വളരുന്ന.....

.....

.....മാസം തികയാതെ മാത്രമല്ല, ജൻമനാ തന്നെ അംഗവൈകല്യത്തോടുകൂടി ജനിച്ചിരിക്കുന്നു എന്നുള്ളതാണ്. അതാണ് സംഭവിച്ചിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അപ്പോഴും അങ്ങനെയുള്ള മറ്റു ക്രെഡിറ്റ് ശ്രീമാൻ ജേക്കബിന് കൊടുക്കണം എങ്കിൽ അത് കൊടുക്കണമെന്ന് ആഗ്രഹമുള്ളവർക്ക് കൊടുക്കാം. ഈ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ കഴിഞ്ഞ രണ്ടുകൊല്ലം വിദ്യാഭ്യാസ രംഗത്ത് നടന്ന കൊഴുത്ത മറിച്ചിലുകളും, അസംതൃപ്തികളും, ആവശ്യങ്ങളും, പരാതികളും, സമരങ്ങളും ഇതിന്റെയൊക്കെ തുടർച്ചയായി ഇതിനെല്ലാം ഒരു ക്രൗൺ പീസായിട്ടാണ് വാസ്തവത്തിൽ ഈ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയുടെ രംഗപ്രവേശനം എന്നാണ് അതിനെപ്പറ്റി പറയുന്നത്. സർ, സയൻസ് ആൻഡ് ടെക്നോളജി രംഗത്ത് ഏറ്റവും ഉയർന്ന വിദ്യാഭ്യാസവും, പോസ്റ്റ് ഗ്രാഡുവേറ്റും, പോസ്റ്റ് ഡോക്ടറേറ്റ് വിദ്യാഭ്യാസവും കൊടുക്കുന്നതിനും, പരീക്ഷണങ്ങളും ഗവേഷണവും നടത്തുന്നതിനും വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും എല്ലാം ഒരു കേന്ദ്രം സെൻറർ ഓഫ് എക്സലൻസ് വേണം എന്നത് ഒരു പുതിയ ആശയമല്ല. ഈ സർക്കാരോ, ശ്രീമാൻ ജേക്കബോ ഒന്നും കണ്ടുപിടിച്ചതല്ല. ഇവർ അത് ഉണ്ടാക്കിയതിനു മുൻപ് തന്നെ ആന്ധ്രായിൽ ജവഹർലാൽ നെഹറു യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി വന്നു. തമിഴ്നാട്ടിൽ പേരറിഞ്ഞ അണ്ണാ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി വന്നു. മറ്റ് സ്ഥലങ്ങളിലും ഇന്ന് അത് നടത്താനുള്ള ശ്രമമുണ്ട്. യൂണിവേഴ്സിറ്റിയെന്നുള്ള പേരൊന്നുമില്ലാതെതന്നെ ഇതുപോലുള്ള സമഗ്രമായ നിയമനിർമ്മാണത്തിന് പരിശ്രമിക്കാതെതന്നെ ഇൻഡ്യയിലും, ലോകത്തിലെ മറ്റ് പല ഭാഗങ്ങളിലും യൂണിവേഴ്സിറ്റികൊണ്ട് ഉദ്ദേശിക്കുന്നതിനേക്കാളും കവിഞ്ഞ മട്ടിൽ വിജ്ഞാനരംഗത്ത്, ശാസ്ത്രീയ രംഗത്ത് സംഭാവന ചെയ്ത സ്ഥാപനങ്ങളായ എം. ഐ. ടി. ഉൾപ്പെടെ, മാത്തമാറ്റിക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഉൾപ്പടെ സോവിയറ്റ് യൂണിയനിലെ പവ്വർ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്ന് പറയുന്ന ലോക പ്രശസ്തമായ ടെക്നോളജി സെൻറർ ഉൾപ്പെടെ അതിന്റെ സെൻസിറ്റീവ് ആക്റ്റിവിറ്റീസിൽ ഈ സന്നാഹങ്ങൾ ഒന്നും കൂടാതെ ഈ പാരാഫെർനേലിയ ഒന്നും കൂടാതെ ഈ അലങ്കാരവസ്തുക്കൾ ഒന്നും കൂടാതെ ഇത്തരം കുഴപ്പങ്ങൾ ഉണ്ടാക്കാനുള്ള ശ്രമത്തിനു പോകാതെ സ്ഥാപിച്ചു. ഇവിടെ മറ്റാരെങ്കിലും ചെയ്തതിനെ ബുദ്ധിപൂർവ്വം പഠിക്കുന്നതിന് യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്നുള്ളതാണ് എന്റെ പരാതി. ആ പരാതികൾ ഞാൻ വളരെ ചുരുക്കത്തിൽ പറയാം. തമിഴ്നാട് ലജിസ്ലേഷന്റെ അല്പം ചില്ലറ ഭേദഗതികളോടുകൂടിയ ഒരു പകർത്തിയെഴുത്താണ് ഇവിടെ നടത്തിയിരിക്കുന്നത്, ആ പകർത്തിയെഴുത്ത് നടത്തുന്നതിൽ കൂടി ആശയത്തിന് വളരെയധികം മങ്ങലും വൈകല്യവും ഉണ്ടായിട്ടുണ്ട്. ഞാൻ ഇവിടെ വൈകല്യമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞത് അലങ്കാരഭാഷയിൽ പറഞ്ഞതല്ല, യഥാർത്ഥത്തിൽ വൈകല്യം ഉള്ളതുകൊണ്ടാണ്. സയൻസ് ആൻഡ് ടെക്നോളജിയെന്നു പറയുമ്പോൾ അതിനകത്ത് അപ്ലൈഡ് സയൻസ് എന്ന് പറയുന്ന വാചകം എഴുതിച്ചേർത്തിട്ടുണ്ട്. ഒരു പ്രസ് ഇതിനകത്ത് എഴുതിചേർത്തിട്ടുണ്ട് പക്ഷെ ഇത് വായിച്ചാൽ തോന്നുന്ന ഇംപ്രഷൻ ഇപ്പോൾ നമ്മുടെ പ്യൂവർ ഫാക്ട്സിനു, അടിസ്ഥാന ശാസ്ത്രത്തിനു, പ്യൂവർ ഫിസിക്സ്, പ്യൂവർ കെമിസ്ട്രി, പ്യൂവർ ലൈഫ് സയൻസ് ഇതിനകത്ത് ഉണ്ടോ? ഒരു മഹത്തായ സംരംഭം ഏറ്റെടുത്ത് പത്തോ, പതിനഞ്ചോ കൊല്ലംകൊണ്ട് ഉണ്ടാക്കാനുള്ള ഒരു പരിശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നതെന്നാണ് തോന്നുന്നത്. അത്ര വളരെ ഉയർന്ന രീതിയിൽ പറക്കാൻ ശ്രമിക്കാതിരിക്കുകയല്ലേ ഭേദം. തൽക്കാലം ഇന്ന് നമ്മുടെ വ്യവസായ രംഗത്ത്, ശാസ്ത്രീയ രംഗത്ത്, സാങ്കേതിക രംഗത്ത്, ഉയർന്ന് വന്നിരിക്കുന്നതും പരിഹാരം കാണാൻ കഴിയാതെ ഇരിക്കുന്നതുമായ പ്രായോഗിക പ്രശ്നങ്ങൾ ഇന്ന് വ്യവസായ രംഗത്ത് ആളുകൾ വളരെ വേഗം തീരുമാനം ഉണ്ടാക്കാൻ എന്ന് പറഞ്ഞ് നിലവിളിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമായ വിധത്തിൽ അപ്ലൈഡ്

LIBRARY ARCHIVES Kerala Legislative Assembly

സയൻസിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നുള്ള ഒരു ആശയം, ഞാൻ പലവുരു ഈ ഡ്രാഫ്റ്റ് ഇംഗ്ലീഷിലും, മലയാളത്തിലും വായിച്ചിട്ട് ആ ആശയം ഇതനകത്ത് കാണാനില്ല. അക്കൂട്ടത്തിൽ ഒന്ന് പറയാനുള്ളത് ആ ഡ്രാഫ്റ്റ് മലയാളത്തിൽ തർജ്ജമ ചെയ്തതാണോ, അതോ ഒറിജിനൽ ആണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഭേദഗതി ചെയ്തു ഇനിമേലെങ്കിലും ഗ്ലോസറി കൂടി എഴുതി ചേർക്കണം. ഈ ബില്ലുകൊണ്ട് അവതരിപ്പിക്കുമ്പോൾ ഉദ്ദേശിക്കുന്ന അർത്ഥം എന്താണെന്ന് കാണിക്കുന്നതിനുവേണ്ടി ഒരു ഗ്ലോസറി കൂടി എഴുതിച്ചേർത്തില്ലെങ്കിൽ ആ വകുപ്പിലുള്ള കൺഫ്യൂഷൻ വേറെയാണ്. ഞാൻ പറഞ്ഞ അപ്പൈഡ് എന്നുള്ള ആസ്പെക്റ്റ് ഇതിനകത്തില്ല. അത് വ്യക്തമാക്കാൻ ആന്ധ്രയിലെ ജവർഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയുടെ ഓബ്ജക്റ്റിൽ പറഞ്ഞിരിക്കുന്ന ചില ഭാഗങ്ങൾ ഞാൻ വായിച്ച് കേൾപ്പിക്കാം. ആ ഓബ്ജക്റ്റിൽ പല കൂട്ടം പറയുന്നതിന്റെ കൂട്ടത്തിൽ അതിൽ എടുത്ത് പറയുന്നത്—

(i) to provide for the advancement of learning and knowledge in engineering, technology, physical and social sciences, architectuare and fine arts by teaching, research, experimentation or practical training or by such other means as the University may deem fit ;

(ii) to provide that form of education which allows studentsts to spend periods of intramural learning associated with periods of extramural work so that upon graduation not only they possesa range of accademic learning but know also of the relevance of that learning to the affiairs of the State in general and the country at large ;

(iii) to Promote—

(a) thinking on new concepts, techniques practices, in the relevant fields of knowledge and their application to indigenous conditions ;

(b) designing and organisation of new courses of study and training, evaluation and examination system ;

(c) research relevant to the economic growth of the country ;

(d) entreprenourship among the students of the constituent colleges ; and

(e) industrial consultancy services in the different faculties of the colleges.

ഇതും നമ്മൾ എഴുതിവച്ചിരിക്കുന്ന ഓബ്ജക്ട്സും തമ്മിൽ ആനയും അടുപ്പോലുള്ള വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിന്റെ കൺസെപ്റ്റിനെ സംബന്ധിച്ചിടത്തോളം വളരെ വളരെ ഔട്ട് ബോർഡ് ആയിട്ടുള്ള, ഔട്ട് ഓഫ് ഡേറ്റ് ആയിട്ടുള്ള സങ്കൽപ്പമാണ് ഈ ഓർഡിനൻസ് തയ്യാറാക്കിയ ആളുകൾക്കുള്ളത്. ഞങ്ങൾ മുൻകൂട്ടി തീരുമാനിച്ചെന്ന് ഇവിടെ പറഞ്ഞു. ഇങ്ങനെ ഒരു സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന് നിശ്ചയിച്ചിരുന്ന സമയത്തുതന്നെ ഞങ്ങൾ തീരുമാനിച്ചു..ലായും, ഡിൽഹിയും ഇവിടെ നിന്ന് എടുത്ത് കോട്ടയത്ത് കൊണ്ടുപോകുമെന്ന്. അത് മുൻതീരുമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അപ്പോൾ നയം എന്താണ് ? നയം, സയൻസ് ആൻറ് ടെക്നോളജി പഠിപ്പിക്കുന്നിടത്ത് നിയമം പഠിപ്പിക്കാമോ ? പിന്നെ ഹിന്ദി ഭാഷകൂടി പഠിക്കാമോ? ഹിന്ദിയൊക്കെ കോട്ടയത്ത് കൊണ്ടുപോകണമെങ്കിൽ കൊണ്ടുപോയിക്കോളട്ടെ. പക്ഷെ ഇന്നത്തെ മോഡേൺ കൺസപ്റ്റ് എന്താണ് ? ഈ പറഞ്ഞ ഡിസിപ്ലിൻസൊക്കെ വെള്ളം കേറാത്ത അറകളിലേക്കെത്തിക്കുന്ന സ്ഥിതിയൊക്കെ എപ്പോഴേ പോയിരിക്കുന്നു. ഇപ്പോൾ ഓരോ ദിവസം കഴിയുന്തോറും പ്രാധ്യാത്തിലോട്ട് വന്നുകൊണ്ടിരിക്കുന്നത് ബോർഡർ ലൈൻ ഡിസിപ്ലിൻസ് ആണ്. ഇക്കണോമിക്സ് പഠിക്കുന്ന ഒരാളിന് ഇക്കണോമെട്രിക്സ് എന്നു പറയുന്ന ഡിസിപ്ലിൻസ് അറിയാതെ ഒരക്ഷരം മനസ്സിലാവുകയില്ല. എനിക്കൊന്നും മനസ്സിലാവുകയില്ല. കാരണം ഓരോ ദിവസം കഴിയുന്തോറും ഇക്കണോമിക്സും മാത്തമാറ്റിക്സും തമ്മിലുള്ള കോമ്പിനേഷനാണ്. ഇക്കണോമെട്രിക്സ് ഇല്ലാതെ ഒരിഞ്ചുമുന്നോട്ടു പോകാൻ സാധിക്കില്ല. ഇലക്ട്രോണിക്സ് വളർന്നു വന്നതിൻെറ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭാവന ബയോണിക്സ് എന്ന് പറയുന്ന ഒരു പുതിയ വിജ്ഞാനശാഖ വന്നിരിക്കുന്നുവെന്നുള്ളതാണ്. ബയോണിക്സിൻെറ ആപ്ലിക്കേഷൻ ആകുച്ചലായിട്ട് വാർ ഫെയറിൽ, ഇൻഡസ്ട്രിയലിൽ എല്ലാം വന്നുകഴിഞ്ഞു. ഇങ്ങനെയുള്ള ബോർഡർ ലൈൻ ഡിസിപ്ലിൻസ് ഉള്ള ഒരു കാലത്ത് ശാസ്ത്രം വേറെ അതിൻെറ നാച്ചുറൽ സയൻസ് വേറെ ജൈവ ശാസ്ത്രങ്ങൾ വേറെ പിന്നെ സാമൂഹ്യശാസ്ത്രമാണെങ്കിൽ നീളമുള്ള കുളയുടെ മറേറയറ്റം കൊണ്ടുപോയി തൊടാൻ പാടില്ലാത്തവിധമായിട്ടുണ്ട്. എന്ത് പറയാൻ. മാനേജുമെൻറ് പഠിപ്പിക്കുന്നുണ്ട്. മാനേജ്മെൻറ് ശാസ്ത്രം ആകാം. എന്ത് ശാസ്ത്രമാണ് മാനേജുമെൻറിന്. അത് ശാസ്ത്രമാണെന്നു അംഗീകരിക്കാമെങ്കിൽ അതിൻെറ ഭാഗമാണ് ലേബർ ലാ, ഇൻഡസ്ട്രിയൽ ലാ, കമ്പനി ലാ, ലാ പാടില്ല. ലാ കോട്ടയത്ത് പൊയ്ക്കൊള്ളണം. ലാ കോളേജ് കൊണ്ടുപോയതുപോലെ കോതമംഗലത്തേക്ക് കൊണ്ടുപോകണമെന്ന് പറയാത്തത് നന്നായിപ്പോയി. ലാ കോട്ടയത്ത് കൊണ്ടുപോകണം. കൊച്ചിയിൽ പാടില്ല. ലാ ഇല്ലാതെ എന്തിനാണ് മാനേജുമെൻറ് പഠിക്കുന്നു ? ഇതെല്ലാം എത്രയധികം പരസ്പരം ബന്ധപ്പെട്ടതാണ്. ഞാൻ നേരത്തെ പറഞ്ഞ മസ്സാച്ചു സെറ്റ്സിലെ ലോകപ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ട് ടെക്നോളജിയിൽ എഞ്ചിനീയറിംഗാണ് മുഖ്യമെങ്കിലും അവിടെ അതുപോലെ പ്രാധാന്യം കൊടുത്ത് പഠിപ്പിക്കുന്ന ഹ്യൂമാനിറ്റീസ് ഉണ്ട്. Social Service യുദ്ധാനന്തര ലോകത്തിലെ ഏറ്റവും വലിയ പ്രശസ്തനായ ധീഷണാശാലിയായ നോം ചോംസ്ക്കി എന്നു പറയുന്ന ഭാഷാ ശാസ്ത്രജ്ഞൻ ലിംഗ്വിസ്റ്റിക് ഫിലോസഫി എന്ന് പറയുന്ന ഒരു പുതിയ ചിന്താപദ്ധതി തത്വശാസ്ത്രത്തിൽ കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ്. മസ്സാച്ചുസെറ്റ്സിലെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരദ്ധ്യാപകനാണദ്ദേഹം. ഭാഷാശാസ്ത്രമാണവിടെ പഠിപ്പിക്കുന്നത്. പക്ഷെ പഠിപ്പിക്കുന്നത് മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിലാണ്. നമ്മുടെ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളമിതൊക്കെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമൊക്കെയാണ്. ഇത് ശരിയാണോ ? ഇത് വളരെ തെറ്റാണ്. ഹ്യൂമാനിറ്റീസ് പഠിപ്പിക്കാതെ എഞ്ചിനീയേഴ്സിനെ പടച്ചു കൂട്ടിയിട്ട് എന്താണ് കാര്യം ? അവർക്ക് ഈ രാജ്യത്തെ പ്രശ്നങ്ങൾ മനസ്സിലാകുകയില്ല. അവർക്ക് ജനങ്ങളുടെ ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാകുകയില്ല. അവർക്ക് റിലവൻറായിട്ടുള്ള റിസർച്ച് എന്ത് വേണമെന്ന് നിശ്ചയിക്കുവാൻ കഴിയുകയില്ല. അവർ പുസ്തകപ്പുഴുക്കളാണ്, അല്ലെങ്കിൽ വെറും ഏട് നോക്കിമാത്രം പഠിക്കുന്നവരാണ്. അതുകൊണ്ടാണ് ആന്ധ്രയിലെ

LIBRARY ARCHIVES Kerala Legislative Assembly

സിനിമാ താരമായിരുന്ന രാമറാവു ഗവൺമെന്റിന്റെ കീഴിലുണ്ടാക്കിയ നിയമ നിർമ്മാണത്തിൽ ഇൻട്രാമ്യൂറലും എക്സ്ട്രാ മ്യൂറലുമൊക്കെ ഒന്നിച്ച് വേണമെന്ന് പറഞ്ഞതാണ്. നമുക്കത് സ്വീകരിക്കാൻ സാദ്ധ്യമല്ല. അതുപോലെ തന്നെ ഇതിന്റെ സങ്കൽപ്പത്തിൽത്തന്നെ വളരെയേറെ വൈകല്യങ്ങളുള്ള നിരവധി സംഗതികൾ കാണാൻ കഴിയും. ഏറ്റവും പ്രധാനപ്പെട്ട സംഗതി അപ്ലൈഡ് സയൻസിന് കൊടുക്കേണ്ട പ്രാധാന്യമാണ്. അപ്ലൈഡ് സയൻസിന് പ്രാധാന്യം കൊടുക്കണമെന്ന് പറയുമ്പോൾ ഒരു സംഗതിയുണ്ട്. ഞാൻ പറയുന്നതല്ല. 1970-ൽ അഖിലേന്ത്യാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടിയ Bi-National Conference on Physics Education Development-നെ സംബന്ധിച്ചിടത്തോളം അവർ എടുത്ത തീരുമാനങ്ങളിലൊന്ന്, അപ്ലൈഡ് സയൻസിന് വളരെയധികം പ്രാധാന്യം കൊടുക്കണം. അത് കൊടുക്കാതെയിരിക്കുകയെന്നുള്ളത് ഇൻഡ്യയിലെ ഏറ്റവും വലിയൊരു പോരായ്മയാണെന്നാണ് അവർ ചൂണ്ടിക്കാണിച്ച ഒരു കാര്യം. അതുപോലെയുള്ള നൂറുനൂറ് കാര്യങ്ങളുണ്ട്. ഇന്ന് കൊച്ചിയിലാണിരിക്കുന്നത്. കൊച്ചിയുടെ ചുറ്റുപാടിൽ നടക്കുന്ന പല പ്രശ്നങ്ങളും ഈ യൂണിവേഴ്സിറ്റി അറിയുമോ? അറിയണമെന്നുള്ള ഒരു കാഴ്ചപ്പാട് ഇത് സൃഷ്ടിക്കുന്നവർക്ക് ഉണ്ടോ? ആ കാഴ്ചപ്പാട് നിറവേറ്റത്തക്കവണ്ണമുള്ള സ്ട്രക്ച്ചർ ഈ യൂണിവേഴ്സിറ്റിയുണ്ടാകുമ്പോൾ ഉണ്ടാകുമോയെന്നൊക്കെ പരിശോധിച്ചു നോക്കണം. യൂണിവേഴ്സിറ്റിയുടെ സ്ട്രക്ച്ചറിന്റെ കാര്യം വരുമ്പോൾ അത് പറയാൻ സാധിക്കും. ഈ നോക്കുമ്പോൾ അത് ഇല്ലെന്നാണ് കാണാൻ കഴിയുക. അങ്ങനെ ഈ യൂണിവേഴ്സിറ്റിയെപ്പറ്റിയുള്ള അടിസ്ഥാനസങ്കൽപ്പത്തിൽത്തന്നെ വാസ്തവത്തിൽ വളരെ സാരമായ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നുവെന്നുള്ളതാണ് എനിക്ക് പറയാനുള്ള ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, യൂണിവേഴ്സിറ്റിയുടെ ഘടനയെപ്പറ്റിയാണ്. സെനറ്റ് ഇല്ല. സെനറ്റിനു തീരുമാനമെടുക്കാവാനുള്ള അധികാരമില്ലാതെ അഡൈ്വസറി അധികാരം മാത്രമുള്ള ഒരു ഗോസ്സിറ്റായിട്ട് ഗാന്ധിജി യൂണിവേഴ്സിറ്റി നിൽക്കുന്ന നിലവാരം-അതാണ് ഇപ്പോഴത്തെ നിലവാരം. ആകെയുള്ളത് സിൻഡിക്കേറ്റാണ്. ഈ സിൻഡിക്കേറ്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ 17 പേരുള്ള സിൻഡിക്കേറ്റ് വളരെ എളുപ്പത്തിൽ നോമിനേറ്റ് ചെയ്യപ്പെട്ടതാണെന്നു പറഞ്ഞു. നോമിനേറ്റ് ചെയ്യപ്പെട്ട സിൻഡിക്കേറ്റ് എന്നുള്ളതു മാത്രമല്ല ഇതിൽ അക്കാഡമിക്സ് എത്ര പേരുണ്ട്. അക്കാഡമിക്സായിട്ട് ഇതിനകത്തുള്ളത് അഞ്ചും നാലും രണ്ടുമായി പതിനൊന്നുപേർ പോയാൽ ആറുപേരാണ്. ആ ആറ് പേരിൽത്തന്നെ യൂണിവേഴ്സിറ്റിയിൽ അവിടത്തെ അക്കാഡമിക്സായിട്ടുള്ള മൂന്നേ മൂന്നു പേർ മാത്രമാണുള്ളത്. ബാക്കിയെല്ലാം നോമിനേഷൻ ആണ്. ഇതിൽ രണ്ടുപേർ ബ്യൂറോക്രാറ്റ്സ് ആണ്. നാലു പേർ അല്ലാത്ത ആളുകളാണ്. രണ്ടു പേർ എം. എൽ. എ. മാരാണ്. പിന്നെ പൊതുജന പ്രതിനിധികളെന്നു പറയുന്ന മൂന്ന് ആളുകളും. ഇങ്ങനെ വന്നാൽ തീരുമാനം കൂടുക്കേണ്ട ഏക ബോഡിയായിട്ടുള്ള സിൻഡിക്കേറ്റിൽ അക്കാഡമിക്സിന്റെ പ്രാതിനിധ്യം വളരെ വെട്ടിക്കുറയ്ക്കുകകൂടി ചെയ്തിരിക്കുന്നു. ഒന്ന്, തെരഞ്ഞെടുപ്പ് എന്നുള്ള തത്വം പരിപൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പ് എന്നുള്ള തത്വം ഉപേക്ഷിക്കുന്നതിന് കാരണമായിട്ട് പറയുന്നത് യു. ജി. സി. ഇങ്ങനെ പറഞ്ഞുപോയിയെന്നുള്ളതാണ്. ഈ പ്രശ്നങ്ങളൊക്കെ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഒരു കാര്യം പറയുകയുണ്ടായി. രണ്ടര കോടി രൂപ ഈ കൊല്ലം നിക്ഷേപിക്കും. നോൺ-പ്ലെഡ്ജിംഗുമായി ചേർത്തുവെന്ന് പറയുകയുണ്ടായി. യൂണിവേഴ്സിറ്റിയിൽ ഇപ്പോഴുള്ള സൗകര്യങ്ങളും ഉപകരണങ്ങളും ഏർപ്പാടുകളുമൊക്കെവച്ച് സയൻസ് ആൻഡ് ടെക്നോളജി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയായി മാറിക്കഴിഞ്ഞാൽത്തന്നെ ഈ രണ്ടര കോടി രൂപയ്ക്ക കത്ത് നിൽക്കണം. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷന്റെ പൈസ ഇതിന് പോയിയെന്നുള്ളതാണ് ഒരു പ്രധാന നേട്ടം. ഭിക്ഷാപാത്രവുമായി നടക്കുകയാണ്, അവർ തരാതിരിക്കാനാണ് സാദ്ധ്യത. പത്രക്കാർ എഴുതിയിരിക്കുന്നത് ഇതും ഗാന്ധിജി യൂണിവേഴ്സിറ്റി പോയ വഴിക്ക് പോകുമെന്നാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി ത്രിശങ്കു സ്വർഗ്ഗത്തിൽ തൂങ്ങുകയാണ്.

സർ, കോട്ടയത്ത് പോയാൽ അവിടെ മനോരമ ഓഫീസിന് അപ്പുറത്ത് ഒരു 2 നില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ''ഗാന്ധിജി യൂണിവേഴ്സിറ്റി' എന്ന് ബോർഡ് തൂങ്ങുന്നത് കാണാം. അതിനുപുറത്ത് യാതൊരു വകയുമില്ല. ഇതും ആ വഴിക്ക് തന്നെയാണ് പോകുന്നത്, അവിടുന്ന് പൈസ കിട്ടില്ല. സർക്കാരിന്റെ കണക്കുകൾ നോക്കിയിട്ട്, ഇതിനെപ്പറ്റി വളരെയധികം പഠിച്ച ആളുകൾ പറയുന്നത് ഓരോ കൊല്ലവും എഡ്യൂക്കേഷനിൽ ഇൻവെസ്റ്റ്മെന്റ് കുറഞ്ഞു വരുന്നു, എന്നാണ്. അതിൽ തന്നെ പ്രത്യേകിച്ചും ഹയർ എഡ്യൂക്കേഷന്റെ ശതമാനം കീഴോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പുതിയ വിദ്യാഭ്യാസ നയം വന്നു. ആ വിദ്യാഭ്യാസ നയത്തിന്റെ പ്രധാനപ്പെട്ട ലാക്ക് എന്താണ്. വിദ്യാഭ്യാസം എന്ന് പറയുന്ന ഭാരം ചുമക്കുന്നതിന് വേറെ ആരെയെങ്കിലും ഏൽപ്പിച്ചു കൊടുത്തേയ്ക്കാമെന്നുള്ളതാണ്. വാസ്തവത്തിൽ അത് അങ്ങനെ തെളിച്ചു പറഞ്ഞില്ലെങ്കിൽത്തന്നെയും സ്വകാര്യ മേഖലയിൽ ഏൽപ്പിച്ചുകൊടുക്കണമെന്നുള്ളത് തന്നെയാണ്. ഈ ഭാരം മുഴുവൻ താങ്ങാൻ കഴിയുകയില്ല എന്നുള്ളതാണ് അതിന്റെ കാരണം. അതിന് പൈസ എവിടെനിന്ന് ഉണ്ടാകും. പൈസ ആര് തരും മറ്റ് സ്ഥലങ്ങളിലൊക്കെയാണെങ്കിൽ ഈ സർക്കാരിന്റെ ഗ്രാൻറുകളെ ആശ്രയിച്ചല്ല നടക്കുന്നത്. മറ്റു രാജ്യങ്ങളിലാണെങ്കിൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പോലും ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ ധനസഹായം, സർക്കാർ കൊടുക്കുന്ന ഗ്രാൻറിനു പുറമേ ലഭിക്കുന്നുണ്ട്. അതാണ് മുഖ്യമായത്. അത് സ്വകാര്യ സ്ഥാപനങ്ങൾക്കല്ല. പൊതുമേഖലയാണ്. പൊതുമേഖലയാക്കിയതുകൊണ്ട് അവർ ആ ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറുകയില്ല. അവർ കൂടുതൽ ഭംഗിയായിട്ട് ആ ചുമതല നിർവ്വഹിക്കുകയാണ്. ഇവിടെ നമ്മളുടെ സ്ഥിതി എന്താണ്? സ്വാതന്ത്ര്യം കിട്ടി 40-ാമത്തെ കൊല്ലമായിട്ടും, നമ്മുടെ സ്ഥിതി സർക്കാരിന്റെ സ്പൂണിൽ നിന്നും ഒഴിച്ചുകൊടുക്കുന്നതുകൊണ്ട് ജീവിക്കണം എന്നുള്ളതാണ്. ഫീസ് ഇനത്തിലുള്ള വരുമാനത്തിന്റെ അംശവും, പെർസന്റേജും കുറഞ്ഞുകുറഞ്ഞ് വരികയാണ്. ഓരോ വർഷം കഴിയുമ്പോഴും ഫീസ് വളരെ അപ്രസക്തമായ കാര്യമായി മാറിവരികയാണ്. ഫീസ് ഈടാക്കുന്നതുകൊണ്ട് ഇത്രയും ചുരുങ്ങിയ എണ്ണം ആളുകളെ പഠിപ്പിക്കുന്ന സ്ഥലത്തുനിന്ന് എം. എസ്.സി. ക്കും, എംഫില്ലിനും, പി.എച്ച്. ഡി.ക്കും പഠിക്കുന്ന, ഗവേഷണം ചെയ്യുന്നവരിൽ നിന്ന് എന്ത് ഫീസ് വാങ്ങാനാണ്. ഫീസ് ഏതായാലും പ്രശ്നമല്ല. പിന്നെന്താണ് വരുമാനമാർഗ്ഗം. വരുമാന മാർഗ്ഗമൊന്നുമില്ല. വരുമാന മാർഗ്ഗമൊന്നുമല്ലാത്തതുകൊണ്ട് യു. ജി. സി. ൽ പറയുന്ന എല്ലാം സാധാരണ നമ്മുടെ നാട്ടിൻപുറത്ത് പറയുന്നതുപോലെ കുനിഞ്ഞ് നിന്നിട്ട് മൂക്കുകൊണ്ട് ''ക്ഷ'' എന്ന് എഴുതാൻ പറഞ്ഞാൽ എഴുതേണ്ട ഗതികേടിലാണ് നമ്മുടെ സർക്കാർ. ആ സമയത്താണ് ഗവൺമെന്റ് ഈ പുതിയ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി എന്നു പറഞ്ഞ് വന്നിരിക്കുന്നത്. ഇതൊന്നും നടക്കാൻ പോകുന്നില്ല. അപ്പോഴേ അത് ഒരു തണലായിട്ട് ഉപയോഗപ്പെടുത്തുകയാണ്. യൂണിവേഴ്സിറ്റി ആട്ടോണമിയെപ്പറ്റി ഒരു പാട് പേർ വാദിക്കാറുണ്ട്. ഇവിടെയും വാദിക്കുന്നുണ്ട്. ഇവിടെ കൊച്ചി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ ഗോപാലൻ അതിന്റെ വല്ലിയ വക്താവാണ്. അദ്ദേഹം ഒരു കാം കുരിശു യുദ്ധത്തിന്റെ വീറോടെയാണ് ഈ ആട്ടോണമിയെപ്പറ്റി സംസാരിക്കുന്നത്. കോളേജ് ആട്ടോണമിയെപ്പറ്റി അദ്ദേഹത്തിന്റെ ലേഖന മുണ്ട്. നമ്മുടെ വിദ്യാഭ്യാസമന്ത്രി കോളേജ് ആട്ടോണമിയുടെ കാര്യം വരുമ്പോൾ യൂണിവേഴ്സിറ്റി ആട്ടോണമിയുടെ കാര്യം വരുമ്പോൾ നേരെ മറിച്ചാണ്. എന്ത് ആട്ടോണമിയാണ്. 17 പേരുള്ള സിൻഡിക്കേറ്റിൽ 11 പേര് ജേക്കബ് പറഞ്ഞാൽ കേൾക്കുന്ന ആളും, പിന്നെ നിസ് സഹായൻമാരായ 6 പ്രൊഫസർമാരുമാണ്. മുൻപ് തന്നെ കൂടുതൽ ആളുകൾക്കും അറ്റാച്ച്മെന്റില്ലെന്ന് സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ആളുകളെ വച്ചുകൊണ്ട് ചുന്ന ആട്ടോണമിയാണ്. 2 എം. എൽ. എ. മാർ 3 പബ്ലിക്ക് മെൻ എന്നു പറയുന്ന രേണ കക്ഷിക്കാർ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇൻഫർമേഷനായിട്ട് ഒരു കാര്യം പറയാം. ഇത് ഞാൻ നിശ്ചയിച്ചതല്ല. യു. ജി. സി. യുടെ ആൾക്കാർ ആണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ആര് നിശ്ചയിച്ചാലും എനിക്ക് ആ ആശയത്തോട് ആണ് എതിർപ്പ്. എനിക്ക് നിങ്ങളോട് ഒരു എതിർപ്പുമില്ല. ഇതോടെ ആട്ടോണമിയുടെ കഥ കഴിഞ്ഞു. ആന്ധ്രാ യൂണിവേഴ്സിറ്റിയിൽ വന്ന ഒരു കാര്യത്തിനെ സംബന്ധിച്ച ആന്ധ്രാ ഹൈക്കോടതി സേർവീസ് രഘുവീർ പാസ്സാക്കിയ ഒരു ഓർഡറിൽ പറഞ്ഞത് ഇത് ഒരു തരം "കൂപ്പ്" ആണ് എന്നാണ്. മലയാളം എനിക്കറിയില്ല. "പിടിച്ചടക്കൽ, ബലാൽക്കാരത്തിൽ പിടിച്ചടക്കൽ" പൊടുന്നനേയുള്ള പട്ടാള അട്ടിമറി. യൂണിവേഴ്സിറ്റി ആട്ടോണമിയുടെ മേൽ ജനാധിപത്യത്തിന്റെ പേരിലുള്ള ഒരു "കൂപ്പ്". ആണിത്. ആ "കൂപ്പ്" അവിടെ അങ്ങനെ നഗ്നമായിട്ട് തെലുഗ് ദേശക്കാർ നടത്തിയെങ്കിൽ ഇവിടെ വേറൊരു വഴിയിൽ കൂടി യു. ജി. സി. യുടെ തണൽ ഉപയോഗിച്ച് മറ്റ് പല ന്യായങ്ങളും പറഞ്ഞ് ശ്രീമാൻ ജേക്കബ് അത് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. രോഗി ഇച്ഛിച്ചതും പാല്, വൈദ്യൻ കല്പിച്ചതും പാല് എന്നു പറഞ്ഞതുപോലെ 4 പേരെ കുത്തിത്തിരുകാൻ നമുക്ക് ഒരു സൗകര്യം കിട്ടി. 4 പേരല്ല, നമ്മം പറഞ്ഞാൽ കേൾക്കുന്ന ഭൂരിപക്ഷം പേരേയും കുത്തിത്തിരുകാൻ നമുക്ക് ഇവിടെ അവസരം കിട്ടി എന്നുള്ളത് ഒരു തണലായി ഉപയോഗിച്ചുകളഞ്ഞത് തീരെ മോശമായി പോയി എന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. ഈ ആട്ടോണമി ഏറ്റവും കൂടുതൽ വേണ്ടത് പ്രൈമറി സ്കൂളുകളിലല്ലേ ? പ്രൈമറി സ്കൂളുകളിൽ ഇഷ്ടംപോലെ ആർക്ക് വേണമെങ്കിലും എന്തും ചെയ്യാം. നഴ്സറി സ്കൂളുകളിൽ പോയാൽ പിന്നെ തോന്നിയതുപോലെയാണ്. 2 വയസ്സായ കൊച്ചു കുഞ്ഞുങ്ങൾക്ക് തിരിച്ച് പോടിക്കാൻ അറിഞ്ഞുകൂടല്ലോ. ഇഷ്ടം പോലെ ആകാം, പ്രൈമറിയിലും ആകാം, അപ്പർ പ്രൈമറിയിലും ആകാം. പക്ഷേ ആ ആട്ടോണമി വേണ്ടത് ഹയർ റിസർച്ച് നടക്കുന്ന സ്ഥലത്തായിരുന്നു. ഉള്ള പൈസയും കൊടുത്ത് ഒരു ലക്ഷ്യവും കൊടുത്തിട്ട് പരിപൂർണ്ണമായ സ്വാതന്ത്ര്യം കൊടുത്താൽ മാത്രമേ വാസ്തവത്തിൽ ശാസ്ത്രത്തിന് പുരോഗതി വരികയുള്ളൂ. അങ്ങനെയുള്ള നമ്മുടെ വിജ്ഞാനത്തിനുവേണ്ടി വിജ്ഞാന സമ്പാദനത്തിനും, വ്യാപനത്തിനും വേണ്ടി, നമ്മം ഉണ്ടാക്കി വച്ചിരിക്കുന്ന ഈ സംവിധാനത്തിന് ഏറ്റവും മുകളിൽ-പിരമിഡിന്റെ ടോപ്പ് സ്റ്റോസ്റ്റ് പോർഷൻ ആട്ടോണമി പരിപൂർണ്ണമായി, വിനാശകമായി നശിക്കുന്നു. ആ പ്രവർത്തനത്തിന്റെ ഒരു അടയാളമാണ് ഈ ബില്ല്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എനിക്ക് പറയാനുള്ളത്. പരമാവധി സ്വാതന്ത്ര്യം കൊടുത്ത് പൈസ കൊടുത്ത്, നിങ്ങടെ ഇഷ്ടംപോലെ പ്രവർത്തിച്ച്, ഇഷ്ടംപോലെ അതിന്റെ റിസൽട്ട് ഉണ്ടാക്കുക, ശാസ്ത്രത്തിന് സംഭാവനയുണ്ടാക്കുക എന്ന് പറഞ്ഞ് അവരെ സ്വാതന്ത്ര്യമായി വിടേണ്ടിടത്താണ് അവരെ കെട്ടിവരിഞ്ഞിരിക്കുന്നത്. ക്ലാർക്കുമാരെ നിയമിക്കുന്നതിനും ലക്ചറെ നിയമിക്കുന്നതിനും രജിസ്ട്രാറെ നിയമിക്കുന്നതിനും ഫൈനാൻസ് ഓഫീസറെ നിയമിക്കുന്നതിനും, പ്രോവൈസ് ചാൻസിലറെ നിയമിക്കുന്നതിനും വരെ സർക്കാരിനോട് ചോദിക്കണം. സർക്കാരിന്റെ അനുവാദം വാങ്ങണം സർക്കാർ അംഗീകരിക്കണം എന്നാണ് വാദിക്കുന്നത്. 3 കാര്യങ്ങളാണ് കോത്താരി പറയുന്നത്. യൂണിവേഴ്സിറ്റി അക്കാഡമിയുടെ 3 പ്രധാനപ്പെട്ട അംശങ്ങൾ കോത്താരി പറയുന്നു. 1 അവർക്ക് പഠന പദ്ധതി ഉണ്ടാക്കണം. ആ പദ്ധതി നടപ്പാക്കാനുള്ള പരിപൂർണ്ണമായ സ്വാതന്ത്ര്യം വേണം. രണ്ടാമത്തെ സ്വാതന്ത്ര്യം സ്റ്റാഫിനെ നിയമനങ്ങളിൽ പരിപൂർണ്ണമായി ഇടപെടാതിരിക്കൽ. മൂന്നാമത്തേത് എന്തെങ്കിലും ആയിക്കൊള്ളട്ടെ. ഇതാണ് പ്രധാനപ്പെട്ട 2 അംശം. ഈ 2 അംശത്തിലും കൈ കടത്തിക്കൊണ്ടുള്ള അക്കാഡമിക് കൗൺസിലിന്റെ കാൺസ്റ്റിറ്റ്യൂഷൻ എന്താണ്. അക്കാഡമിക് കൗൺസിൽ നോക്കിയാൽ അതിനകത്ത് ലോഡ് ചെയ്തിരിക്കുകയാണ്. ഈ പറഞ്ഞ നോമിനേറ്റ് സിൻഡിക്കേറ്റിലെ മെമ്പർമാർ മുഴുവൻപേരും അക്കാഡമിക് കൗൺസിലിലെ മെമ്പർമാരായിരിക്കണം. അതാണ് പറഞ്ഞിരിക്കുന്നത്. ഇതിനു പുറമേ വേറെ ചില മാന്യൻമാർ, ഉദ്യോഗസ്ഥൻമാർ, പിന്നെ ഡീനും, പിന്നെ സ്കൂളിൽ തലവൻമാരായിരിക്കുന്ന ആളുകളും. അപ്പോൾ അക്കാഡമിക് കൗൺസിലിംഗ് ഇതിനുമുൻപ് ഉണ്ടായിരുന്നതിനെക്കാളും വളരെ കൂടുതൽ പ്രാതിനിധ്യം, നോൺ അക്കാഡമിക്കും, ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുകയും ചെയ്യുന്നു. അക്കാഡമിക്കായിട്ട് അവിടെ ശേഷിക്കുന്ന ആളുകൾക്ക് ഇതെല്ലാം കൂടി കാണുമ്പോൾ, സർക്കാർ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, കമ്മീഷണർ, എന്നൊക്കെ പറയുന്ന ആളുകൾ ഇവരുടെ എല്ലാം മുന്നിൽ വച്ച് വായ് തുറക്കാനുള്ള ധൈര്യം സാധുക്കളായ പശുക്കളെ പോലെ ശാന്തൻമാരായ നമ്മുടെ അക്കാഡമിക് കൗൺസിലിലെ ആളുകൾക്ക് ഇല്ലാതെ പോയാൽ എന്തായിരിക്കും വരിക എന്ന് സംശയമൊന്നുമില്ല. അതിൽ നമുക്ക് അതിശയിക്കേണ്ട കാര്യമൊന്നുമില്ല.

ശ്രീ. എം. എം. ഹസ്സൻ : സർ, അക്കാഡമിഷ്യൻസിനെകുറിച്ച് അങ്ങയെ പോലെ ആദരവുള്ള ആളാണ് ഞാൻ. പക്ഷെ സാധുക്കളായ നിരപരാധികളായ എന്നൊന്നും പറയുന്നത് അത്ര ശരിയല്ല. നമ്മൾ രാഷ്ട്രീയക്കാരെക്കാൾ വേന്ദ്രൻമാരായ അക്കാഡമിഷ്യൻ ഇതിനകത്ത് കടന്നുകൂടിയിട്ടുണ്ട് എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : അതാണ് സിൻഡിക്കേറ്റിന്റെ കാര്യം. അക്കാഡമിക് കൗൺസിലിൽ പോലും അവരുടെ പ്രാതിനിധ്യം കുറയ്ക്കുകയും ഈ നോൺ അക്കാഡമിക്ക് പബ്ലിക്ക് മെൻ, എം. എൽ. എ., ഉദ്യോഗസ്ഥൻമാർ എന്നൊക്കെ പറയുന്നവരുടെ പ്രാതിനിധ്യം കൂട്ടുകയും ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. പിന്നെ ഇതിന്റെ സ്ട്രക്ചർ നോക്കിയാൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നു കാണാം. പക്ഷെ ചില സ്ഥലത്തൊക്കെ വളരെ സിഗ്നിഫിക്കൻറായിട്ട് ഉള്ള ചില ഒമിഷൻസുണ്ട്. ഖന്ന ഒരു ക്യാമ്പസ് ലൈഫ് ഓർഗനൈസ് ചെയ്യുന്നതിനുള്ള ഒറ ഏർപ്പാടും ഇതിൽ ഇല്ല. ഹോസ്റ്റൽ വേണം, ഹോസ്റ്റൽ ഫുൽ നോട്ടം വേണം എന്നൊക്കെ പറയുന്നുണ്ടല്ലോ ഒരു യൂണിവേഴ്സിറ്റി യൂണിയൻ വേണം. ഇന്നത്തെ കൺസപ്റ്റ് എന്തെന്ന് വച്ചാൽ ഹയർ ലേണിങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം റിസർച്ചിന് മാർഗ്ഗ നിർദ്ദേശം നൽകുന്ന ഗൈഡ് എന്ന് പറയുന്ന സീനിയർ സ്കോളറും വിദ്യാർത്ഥികൾ എന്ന് പറയുന്ന ജൂനിയർ സ്കോളർമാരും 2 കൂട്ടരും സ്കോളർമാരാണ്. 2 കൂട്ടരും സഹോദരന്മാരെ പോലെ വലിയ വ്യത്യാസം കൂടാതെ സ്റ്റാറ്റസിലും വ്യത്യാസം ഒന്നും കൂടാതെ ഇട പഴകി ജീവിക്കേണ്ട ആളുകൾ എന്നാണ് ഇന്നത്തെ ആധുനിക ലേണിങ്ങിലെ സങ്കൽപ്പം. ആ സങ്കൽപ്പം ഇല്ലാത്തതുകൊണ്ട് ആയിരിക്കും നമ്മുടെ വിദ്യാഭ്യാസ മന്ത്രിക്ക് ഈ ക്യാമ്പസ് ലൈഫ് ഓർഗനൈസ് ചെയ്യാനുള്ള സംവിധാനം ഇല്ലാത്തത്. അതുപോലെയാണ് യൂണിവേഴ്സിറ്റി യൂണിയൻ ഉണ്ടാക്കൽ. ആ യൂണിയനു പ്രവർത്തിക്കാനുള്ള ഫണ്ട്; സ്വാതന്ത്ര്യം ഇതിനൊയൊക്കെകാര്യത്തിൽ തന്നെ വ്യവസ്ഥ ചെയ്യണം. സ്റ്റാറ്റാറ്റ്യൂട്ടറികൊക്ക് വീട്ടാൽ പോര എന്ന്. തോന്നിയതിന്റെ കാരണം അതായിരിക്കും. ഒരു പ്രധാനപ്പെട്ട ഒമിഷൻ, 'ഡോക്യുമെന്റേഷനില്ല, എന്നുള്ളതാണ്. ഡോക്യുമെന്റേഷൻ എന്ന് പറയുന്നത് ഇന്നത്തെ ലോകത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. വിജ്ഞാന വികസനം. വ്യാപനം ഇവയൊക്കെ ജാറ് പായുന്നതുപോലെ വേഗത്തിൽ നടക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പുതിയ അറിവുകൾ രേഖപ്പെടുത്തിച്ച് വയ്ക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരാവശ്യമായി തീർന്നിട്ടുണ്ട്. അല്ലെങ്കിൽ ഇതെല്ലാം കൂടി ഓർമ്മക്ക് വായിക്കാൻ പറ്റുകയില്ല. ആവശ്യമുള്ളപ്പോൾ കമ്പ്യൂട്ടറിനോട് പറഞ്ഞ് എടുത്ത് സമ്പാദിക്കാം എന്നുള്ളതല്ലാതെ നമുക്ക് കൊണ്ടുനടക്കാൻ കഴിയുകയില്ല. വീടുകളിൽ സൂക്ഷിക്കാൻ കഴിയുകയില്ല, കൊണ്ടുനടക്കാൻ കഴിയുകയുമില്ല. ഈ ഡോക്യുമെന്റേഷൻ എന്ന് പറയുന്നത് ഏറ്റവും പ്രധാനപ്പെട്ട എല്ലാ യൂണിവേഴ്സിറ്റികളുടെയും ഒരു കാര്യമായിരിക്കെ ലൈബ്രറി വേണം എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ ഡോക്യുമെന്റേഷൻ പ്രത്യേക സെറ്റോടെ ഓർഗനൈസേഷൻ ഉണ്ടാക്കുന്ന കാര്യം പറഞ്ഞിട്ടില്ല.

ഇങ്ങനെയുള്ള മേജറായിട്ടുള്ള ചില തെറ്റുകളും കുറ്റങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ചാൻസലറുടെ കാര്യത്തെപ്പറ്റി ഇതിനകത്തുള്ള സങ്കൽപ്പം' "I am the lord of all my survey; my right there is none to question". എന്നുള്ളതിൽ ലോഡ് ആൻറ് മാസ്റ്റർ എന്നാണ്. അദ്ദേഹം ആരാണ്? by virtue of his Office ഗവർണ്ണറായിരിക്കുന്നതുകൊണ്ട് അദ്ദേഹം ചാൻസലറാകുന്നു, ഗവർണ്ണറായിരിക്കുന്ന ആൾ ചാൻസലറായതുകൊണ്ട് അദ്ദേഹം ചെയ്യുന്നതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല. ആര് എന്ത് ഓർഡർ പാസ്സാക്കിയാലും ഓർഡറാകുകയില്ല, അത് റെക്കമെന്റേഷനേ ആകുകയുള്ളൂ. ആ റെക്കമെന്റേഷൻ ചാൻസലർക്ക് സബ്മിറ്റ് ചെയ്യണം. അദ്ദേഹത്തിനു വീറ്റോ അധികാരംകൂടി കൊടുക്കണമെന്ന് എഴുതി വയ്ക്കാത്തത് നന്നായിപ്പോയി. ഇന്നത്തെ ചാൻസലറെപ്പറ്റി ഇതെഴുതിയ ആൾക്കറിയുമോ എന്തോ! പല യൂണിവേഴ്സിറ്റികളിലും പ്രശസ്തമായ ടാക്സ് ഫോർഡ് യൂണിവേഴ്സിറ്റി ഉൾപ്പടെ—ഇപ്പോൾ ഇത് നിലവിലുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല, പക്ഷേ ഒരു കാലത്തുണ്ടായിരുന്നു. അവിടത്തെ ഒരു സീനിയർ പ്രൊഫസറെ ഇലക്ട് ചെയ്തിട്ട് പ്രസിഡൻറാക്കുകയാണ് ചെയ്യുന്നത്. ചാൻസലർ എന്നല്ല പ്രസിഡൻറിനെ വിളിക്കുന്നത്. ആ സീനിയർ പ്രൊഫസർക്ക് ഇന്നയിന്ന യോഗ്യതകൾ വേണം, ഇത്രകൊല്ലത്തെ സർവ്വീസ് ഉണ്ടായിരിക്കണം, അദ്ദേഹം ശാസ്ത്രത്തിന്റെ വളർച്ചക്ക് എന്തെങ്കിലും സംഭാവനകൾ ചെയ്തിട്ടുള്ള ആളായിരിക്കണം എന്നൊക്കെയുണ്ട്. എങ്കിൽതന്നെയും ഇൻഡ്യയിൽ മാത്രം ഗവർണ്ണറായിട്ട് വരുന്ന ആൾ എക്സ്-പൊളിറ്റീഷ്യനോ അല്ലെങ്കിൽ പൊളിറ്റിക്സിലേക്ക് വീണ്ടും മടങ്ങാൻ ഇപ്പോഴും ആഗ്രഹിക്കുന്നയാളോ ആണ് വീണ്ടും വരിക.

LIBRARY ARCHIVES Kerala Legislative Assembly

ഏത് പാർട്ടിയായാലും ശരി, ബർത്തില്ലാതെ റെയിൽവേയിൽ സഞ്ചരിക്കുന്നതു പോലെ തൽക്കാലത്തേക്ക് ബർത്ത് കിട്ടാതിരിക്കുന്ന ആളുകളെപ്പോലെയാണിവർ, ബർത്ത് കിട്ടിയാൽ വേഗം മടങ്ങിപ്പോകും. ശ്രീ. അർജുൻസിംഗ് ഇപ്പോഴും മടങ്ങിപ്പോയില്ലേ ? വൈസ്പ്രസിഡൻറായിരുന്നു, ഗവർണ്ണറായിരുന്നു, അവസാനം ഇപ്പോഴും പോയി താവളമടിച്ചിരിക്കുന്നത് പഴയ സ്ഥാനത്ത് തന്നെ—കേന്ദ്രമന്ത്രിസഭ, അങ്ങനെയൊരാളാണ് ഗവർണ്ണർ എന്നു പറഞ്ഞു വരുന്നത്. ഗവർണ്ണർ എന്നു പറഞ്ഞാലുടൻ എല്ലാപേരും മുണ്ടു നിവർത്തിട്ട്, കൈയുംകെട്ടി വായുംമൂടി ഓച്ഛാനിച്ച് നിൽക്കണം. ഇത് നമ്മുടെ പഴയ ഫ്യൂഡൽ സംസ്ക്കാരത്തിന്റെ ബാക്കിയല്ലേ ? ഇത് ഇന്നത്തെ ലോകത്ത് കൊള്ളാവുന്നതാണോ ? ഗവർണ്ണറുടെ തിരുവായ്ക്ക് എതിർവായ് ഇല്ല എന്നൊക്കെ പറഞ്ഞാൽ, ബോംബെയിൽ ഒരു ഗവർണ്ണറുണ്ടായിരുന്നു; അദ്ദേഹം ബോംബെ യൂണിവേഴ്സിറ്റി വൈസ്-ചാൻസലറായിരുന്നു. അതുപോലെ പഴയ മന്ത്രിയുണ്ട്, നീൽഗംഗോ, മുഖ്യമന്ത്രിയായിരുന്ന ആളാണ്, അദ്ദേഹത്തിന്റെ മകളുടെ പഠിപ്പ്, മൂക്കാറെ മുഴുകിയ ആളായിരുന്നു അവിടത്തെ ചാൻസലറായിരുന്ന ഗവർണ്ണർ. പിന്നെ വളരെ വിചിത്രമായ ഒരാളുണ്ടായിരുന്നത് വെസ്റ്റ് ബംഗാളിലെ ഗവർണ്ണറാണ്, അദ്ദേഹം ഇപ്പോഴും ഉണ്ടെന്നാണ് തോന്നുന്നത്, അവിടെ ശ്രീ. ജ്യോതിബാസുവിന്റെ ഗവൺമെൻറുമായി യുദ്ധത്തിലാണ്. ഒരു ഗവർണ്ണർക്ക് പറ്റിയ പണിയാണോ ഇത് ? ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ വേണമെങ്കിലുമുണ്ട്.

ശ്രീ. ഒ. രേതൻ : ആന്ധ്രാപ്രദേശിലെ ഗവർണ്ണറായിരുന്ന റാംലാൽ എന്നയാൾ രാജ്ഭവനിലെ മുഴുവൻ സാധനങ്ങളും ട്രക്കിൽ കയറ്റിക്കൊണ്ടു പോയ വിവരം നിങ്ങൾക്കറിയാമോ ?

ശ്രീ. കെ വി. സുരേന്ദ്രനാഥ് : അങ്ങനെ പല കഥകളുണ്ട്. ഞാൻ ഇപ്പോൾ ഗവർണ്ണറുടെ കാര്യമല്ല പറയുന്നത്. ഗവർണ്ണറെ നമുക്കു ഒഴിവാക്കാം. ഏതായായും ഇവിടത്തെ ഗവർണ്ണർ ഇതുവരെ അങ്ങനെയൊന്നും ചെയ്തിട്ടില്ല ഏതായാലും ചാൻസലറായിരിക്കുന്ന ആൾ പരിശുദ്ധൻമാരും, ദൈവത്തിന്റെ ഭൂമിയിലെ അവതാരവുമാണെന്നുള്ള ധാരണ മാറണം. അതല്ലാത്ത ധാരണകൾ ധാരാളം വയ്ക്കാം, അതുകൊണ്ട് കുഴപ്പമൊന്നുമില്ല. ഇത് കേന്ദ്രമാണ്, രേണഘടനയാണെന്നൊന്നും പറഞ്ഞേക്കരുത്. ഇവിടെ നമ്മൾ പാസ്സാക്കാൻ പോകുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ചാൻസലറായിരിക്കാൻ പോകുന്നത്. നമുക്ക് വേണമെങ്കിൽ അങ്ങനെ അല്ലാതെ തീരുമാനിക്കാം, കുഴപ്പമൊന്നുമില്ല. ഇത് ഒരു അർത്ഥവുമില്ലാത്ത കാര്യമാണ്. ഗവർണ്ണർ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് നമുക്ക് ഊഹിക്കാമല്ലോ. ഗവർണ്ണറുടെ വീട്ടിലെ അടുക്കളക്കാരൻറെവരെ ശുപാർശ, ഗവർണ്ണറുടെ വീട്ടിലെ പ്യൂണിന്റെ ശുപാർശ, ട്രേഡ്യൂണിയൻ രംഗത്താണ് ഇതൊക്കെ വന്നുകൊണ്ടിരിക്കുന്നത്, തിരുവനന്തപുരത്തെ ട്രേഡ് യൂണിയനെന്നും ഇതൊരു പ്രശ്നമാണ്. ഗവർണ്ണറുടെ വീടിന്റെ ഇടപെടൽ ഇപ്പോഴല്ല, വളരെ മുമ്പ് ആണ്, ഇപ്പോഴത്തെ ഗവർണ്ണറെപ്പറ്റിയല്ല ഇവിടെ പറയുന്നത്. പിൻവാതിലിൽകൂടിയുള്ള രാഷ്ട്രീയ ഇടപെടലിനു സൗകര്യമുണ്ടാക്കിക്കൊടുക്കുന്ന വിധത്തിലാണ് ഗവർണ്ണറുടെ റോളും, ഫങ്ഷൻസും ഡ്യൂട്ടിയും പ്രിവ്വേഴ്സുമൊക്കെ ഇതിനകത്ത് നിശ്ചയിച്ചിട്ടുള്ളത് എന്നുള്ളത് കൊണ്ട് വാസ്തവത്തിൽ ഈ ബില്ലിനു എന്തെങ്കിലും ഗുണമുണ്ടെങ്കിൽ അതൊക്കെ ഇല്ലാതാക്കുന്ന വിധത്തിലാണ് ചെന്നെത്തുന്നത്.

രണ്ടാമത്തെ കാര്യം പ്രൊ-വൈസ്-ചാൻസലറുടേതാണ്. ശ്രീ. ടി. എം. ജേക്കബ് ഇപ്പോൾ ചോദിക്കാൻ പോകുന്നത് പണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടശ്ശേരി മാസ്റ്ററുടെ കാലത്തുണ്ടായിരുന്നില്ലേ എന്നായിരിക്കാം. പക്ഷേ മുണ്ടശ്ശേരി മാസ്റ്റർ പോയി പിന്നെയൊരു മുണ്ടശ്ശേരി മാസ്റ്റർ ഉണ്ടായിട്ടുമില്ല അങ്ങനെയൊന്ന് വേണമോ? അങ്ങനെയൊന്ന് പാടില്ല എന്നുള്ളത് വിദ്യാഭ്യാസമന്ത്രി കൂടെക്കൂടെ പറയുന്ന യു. ജി. സി. യുടെ ചെയർമാനായ മാധുരിഷാ വളരെ ശക്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് രാഷ്ട്രീയ ഇടപെടലിന് വളംവച്ചുകൊടുക്കുക മാത്രമാണ്. നാളെ മറ്റൊരു സെറ്റപ്പ് വന്നേക്കാം. ഇന്നത്തെ സെറ്റപ്പ് വച്ചു നോക്കുമ്പോൾ, ഞാൻ ഉൾപ്പെടെയുള്ള ആളുകളെ വച്ചുനോക്കിയാൽ നമുക്കെല്ലാം ശുപാർശ ചെയ്യാനും കേൾക്കാനുമുള്ള പ്രവണത ശക്തിപ്പെട്ടുവരുന്ന ഒരു കാലഘട്ടത്തിൽ ഇത് ഇല്ലാതിരിക്കുന്നതല്ലേ ഭംഗിയെന്ന് ശാന്തമായി ആലോചിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

ശ്രീ. ഇ. പത്മനാഭൻ : വൈസ് ചാൻസലർമാരാകാൻ വേണ്ടി രാഷ്ട്രീയക്കാരുടെ പിന്നിൽ ശുപാർശയുമായി നടന്നിട്ടുള്ളവർ മാത്രമാണ് ഇന്നത്തെ എല്ലാ വൈസ്ചാൻസലർ മാരുമെന്നുള്ളത് അങ്ങേക്കറിയാമോ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ചാൻസലർ, പ്രോവൈസ് ചാൻസലർ ഇത് രണ്ടിന്റെയും നടുവിൽപ്പെട്ട് ചിലപ്പോഴൊക്കെ നിർഭാഗ്യവാൻമാരായി തീരുന്ന വൈസ് ചാൻസലർ, പതിനേഴ് പേരടങ്ങുന്ന സിൻഡിക്കേറ്റിൽ പതിനൊന്ന് പേർ നമ്മൾ പറഞ്ഞാൽ കേൾക്കുന്നവരാണ്. അക്കാഡമിക് കൗൺസിലിലാണെങ്കിൽ അക്കാഡമിഷന്റെ ശബ്ദം പുറത്ത് കേൾക്കാൻ വയ്യാത്ത തരത്തിലുള്ള സംവിധാനം. ഇതെല്ലാംകൂടി വന്നുകഴിഞ്ഞാൽ അക്കാഡമിക് ഫ്രീഡം എന്നു പറയുന്നത് വിജ്ഞാന സമ്പാദന, വ്യാപനരംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ സ്വാതന്ത്ര്യം എന്നു പറയുന്നത് 'പൂജ്യ'മായി മാറുകയാണ്. അങ്ങനെ പൂജ്യമായി മാറുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ടാണ് ഈ നിയമത്തെ ആളുകൾ എതിർക്കുന്നത്. അക്കാഡമിക് ഫ്രീഡം എന്നു പറയുന്നത് വാസ്തവത്തിൽ അക്കാഡമിക് ഫ്രീഡമല്ല. രഘുവീറിന്റെ മാനേജ്മെന്റിൽ പറയുന്നത്, അത് നമ്മുടെ ഭരണഘടനയിൽ രേഖപ്പെടുത്തിവച്ചിരിക്കുന്ന അടിസ്ഥാനമൗലികാവകാശങ്ങളായ അഭിപ്രായസ്വാതന്ത്ര്യത്തിന്മേലുള്ള കൈയേറ്റമാണ്, കാരണം അക്കാഡമിക് ഫ്രീഡം ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഏറ്റവും വിലപ്പെട്ട ഒരു ഭാഗത്തിന്റെ സ്വാതന്ത്ര്യമാണ്, വിജ്ഞാനം സമ്പാദിക്കുന്ന രംഗത്ത് വച്ചുതന്നെ അടപ്പിട്ടുകഴിഞ്ഞാൽ, വായ്പൂട്ടിക്കഴിഞ്ഞാൽ, സപ്രസ്സ് ചെയ്തുകഴിഞ്ഞാൽപ്പിന്നെ ബാക്കി സ്ഥലങ്ങളിലെ കാര്യം പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് വിജ്ഞാനരംഗത്ത് അക്കാഡമിക് ഫ്രീഡം നിഷേധിക്കുന്ന ഈ സംഗതി നമ്മൾ എന്തു വില കൊടുത്തും അങ്ങേയറ്റം പരാജയപ്പെടുത്തേണ്ട ദുഷിച്ച ഒരു പ്രവണതയാണെന്നാണ് എനിക്ക് പറയാനുള്ളത്.

വി. സി. യുടെ കാര്യത്തിൽ മാത്രം വലിയ മാറ്റമൊന്നും ഇതിനകത്ത് വരുത്തിയിട്ടില്ല. വി. സി. യുടെ കാര്യത്തിൽ പഴയപോലെ പാനലിൽ പോകുക, അതിൽ ഒരാളെ എടുക്കുകയെന്നാണ്. അതിനു തന്നെ കഴിഞ്ഞ പ്രാവശ്യം നമ്മൾ ഇവിടെ വളരെയധികം വാദപ്രതിവാദം നടത്തിയതിനു ശേഷം വഴങ്ങിയതാണ്. പി. വി. സി. യുടെ കാര്യത്തിൽ ഇപ്പോൾ എഴുതിവച്ചിരിക്കുന്ന ഡ്രാഫ്റ്റ് പ്രകാരം ചാൻസലർ നിയമിക്കും. രണ്ട് സംഗതികൾ മാത്രമേയുള്ളൂ. ഒന്ന്, 56 വയസ്സായിരിക്കണം, രണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് സ്വീകാര്യമായിരിക്കണം. ഇങ്ങനെ ന്യായം പറയുന്ന വേറൊരു അമൻറ്മെൻറ് ബിൽ വരുന്നുണ്ട്. ആ ന്യായത്തിൽ പറയുന്നത് പി. വി. സി. യുടെ നിയമനത്തിൽ, ഇതിനപ്പുറമുള്ള നിയമനത്തെ സംബന്ധിച്ച് വന്നാൽ വി. സി. മാത്രമല്ല, നിയമനം ഔപചാരികമായി നടത്തുന്ന ഗവർണ്ണർ പോലും വിവാദത്തിന് വലിച്ചിഴക്കപ്പെടും എന്നുള്ളതാണ്. ആ ന്യായത്തിന് വല്ല അർത്ഥവുമുണ്ടോ ? ഗവർണ്ണർ ഗവർണ്ണറെന്നുള്ള നിലയ്ക്ക് രംഗത്ത് വരുന്നില്ല. ഗവർണ്ണർ ചാൻസലർ എന്നുള്ള നിലയിൽ മാത്രമേ വരുന്നുള്ളു. ഗവർണ്ണർ ഇങ്ങനെ രണ്ട് റോൾ ആക്ട് ചെയ്യുമ്പോൾ ഈ രണ്ട് റോളും കൂടി കൂട്ടിക്കുഴയ്ക്കാൻ പാടില്ലെന്നും ഗവർണ്ണറുടെ റോൾ വേറെയാണ്, അതുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരു റോൾ ആണ് ചാൻസലർക്ക് ഉള്ളത് എന്നും നമ്മുടെ ഹൈക്കോടതിവിധികളിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ഗവർണ്ണർ വാദപ്രതിവാദത്തിനതീതനായി നിൽക്കണമെന്നുള്ളതിനുവേണ്ടി പി. വി. സി. യുടെ നിയമനത്തിൽ ഗവൺമെൻറിന് കൈകടത്തണമെന്നു പറയുന്ന വാദം വളരെ വിചിത്രമായ, യാതൊരു നീതികരണവുമില്ലാത്ത, അടിസ്ഥാനരഹിതമായ ഒരു വാദമാണെന്നാണ് എനിക്ക് പറയാനുള്ളത്. പി. വി. സി. യെ അങ്ങനെ നിയമിക്കുന്ന സമയത്ത് പി. വി. സി. യുടെയും വി. സി. യുടെയും രണ്ട് അധികാരകേന്ദ്രങ്ങൾ അവിടെ വരും. അങ്ങനെ രണ്ട് അധികാര കേന്ദ്രങ്ങൾ വന്നാൽ വി. സി. യുടെ പുറത്തല്ലാതെ തന്നെ ഗവൺമെൻറിനും ചാൻസലർക്കും ചെലുത്താൻ കഴിയുന്ന സമ്മർദ്ദത്തിനു പുറമേ ഒന്നു കൂടി പി. വി സി. യെക്കൊണ്ട് ചെലുത്തിക്കാം എന്നുള്ള നോട്ടമുണ്ടോ ? ഉണ്ടെന്നു തോന്നിപ്പോകും, ഉണ്ടെങ്കിൽ അത് വളരെ മോശമാണ്. അവരുടെ രണ്ടുപേരുടെയും നിയമന കാലാവധി ഒപ്പം തുടങ്ങുകയും ഒപ്പം അവസാനിക്കുകയും ചെയ്യുന്ന വ്യവസ്ഥയല്ല ഇതിനകത്തുള്ളത്. നേരത്തെറിച്ച് വി. സി. പോയിക്കഴിഞ്ഞാലും പി. വി. സി. ക്ക് തുടരാം. പക്ഷേ വി. സി. വരുമ്പോഴും പഴയ പി. വി. സി. ഇരുന്നാൽ അതിന് ചില ഗുണങ്ങളുണ്ട്. അങ്ങനെ ചെക്കും ബാലൻസും നോമിനേറ്റ് ചെയ്ത ഒരു സയേ്ക്കത്ത് സർക്കാരിൻറെ വെറുമൊരു അധികാരമില്ലാത്ത, ഒരു അനുബന്ധമായി മാത്രം അധഃപതിക്കാൻപോകുന്ന ഒരു യൂണിവേഴ്സിറ്റിക്കകത്ത് ഇങ്ങനെ രണ്ട് സെൻറഴ്സ് ഉണ്ടാകുന്നു. ഈ രണ്ട് സെൻറഴ്സിനെയും ഗവൺമെൻറ് നേരിട്ട് നിയന്ത്രിക്കുന്ന ചെയ്യുന്ന ദുരവസ്ഥ, ഒരിക്കലും നമ്മൾക്കു ടോളറേറ്റ് ചെയ്യാൻ പാടില്ലത്ത ഒരു വ്യവസ്ഥ സൃഷ്ടിക്കാനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അതുകൊണ്ട് ഇതിനെ എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല.

നിയമനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ആളുകളെയും ഒന്നുകിൽ വി. സി. നോമിനേറ്റ് ചെയ്യും, അല്ലെങ്കിൽ പി. വി. സി. നോമിനേറ്റ് ചെയ്യും. നോമിനേറ്റ് ചെയ്ത ആളുകളും ഇരിക്കും, സിൻഡിക്കേറ്റിലെ ഒരാളും ഇരിക്കും. വാസ്തവത്തിൽ ഇത് പാസ്സായിക്കഴിഞ്ഞാൽ പിറേറ ദിവസം മുതൽ നടക്കാൻ പോകുന്നത് സർക്കാരിൽ, അധികാരസ്ഥാനങ്ങളിൽ, മന്ത്രിക്ക് മന്ത്രിയുടെ കക്ഷിക്ക്, ഭരണകക്ഷിക്ക് ഇഷ്ടപ്പെടാറുതിയില്ലാത്ത വിധം സമ്മർദ്ദവും ശുപാർശയും ആണ്. ആ ശുപാർശ ചെറുത്തുനിൽക്കാനുള്ള വയ്യാതെ വരുമ്പോൾ ക്രമക്കേട് കാണിക്കുകയും ചെയ്യും. ഇതാണ് ഇവിടെ നടക്കാൻ പോകുന്നത്.

സർ, ഒരു സംശയവും വേണ്ട, ഇതിൽ നിന്ന് കയ്യൊഴിഞ്ഞ് ആ ബോഡിക്ക് തീരുമാനങ്ങളെടുക്കാൻ, സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ വിടുന്നതിനു പകരം ഓരോ ചെറിയ നിയമനത്തിലും ഫിനാൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർ/രജിസ്ട്രാർ മുതൽ കീഴോട്ട് സകല പോസ്റ്റുകളിലെയും നിയമനം സർക്കാർ കൂടി അറിഞ്ഞുകൊണ്ട് സർക്കാരിന്റെ കൂടെ ഔപചാരികമോ അനൗപചാരികമോ ആയ സമ്മതത്തോടും ഇഷ്ടത്തോടും കൂടി മാത്രമേ നടത്താവുന്ന ഏർപ്പാടു വന്നുകഴിഞ്ഞാൽ ഓട്ടോണമി കടലാസിൽ മാത്രം അവശേഷിക്കുന്ന ഡിക്റേറ്റഡായി തീരും. അതാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്.

സെനറ്റിന്റെ കാര്യം ശ്രീ. പത്മനാഭൻ ഒക്കെ ആവശ്യപ്പെട്ടു. ആ റിപ്പോർട്ട് തരാതിരിക്കുന്നത്, വീട്ടുപോയതാണ് അല്ലെങ്കിൽ സാങ്കേതികമായി സാധിക്കാതെ വന്നതാണ് എന്നു ഞാൻ വിചാരിക്കുന്നില്ല. സർക്കുലർത്തി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം സെനറ്റ് വേണമെന്നാണ്. 'സെനറ്റ് കൂടിയേ തീരൂ എന്നാണ്' അതിൽ പറഞ്ഞിരിക്കുന്നത്. സെനറ്റ് വേണമെന്ന് ശുപാർശ ചെയ്തയാളാണ് സയൻസ് ആൻഡ് ടെക്നോളജി സർവ്വകലാശാല സ്ഥാപിക്കണമെന്ന് പറഞ്ഞത്, അങ്ങനെ സർവ്വകലാശാല സ്ഥാപിക്കണമെന്നു പറയുകയും സെനറ്റ് വേണ്ട എന്ന് വയ്ക്കുകയും ചെയ്യുന്നതിനു മതിയായ കാരണമുണ്ട്. യു. ജി. സി. ഉണ്ടായതുകൊണ്ട് ഞങ്ങൾ ചെയ്യുന്നു എന്നു പറയേണ്ട. യു. ജി. സി. യുമായി വാദിക്കാൻ അറിയില്ല. അതുപോലെതന്നെ വൈസ് ചാൻസലർക്ക് കൊടുത്തിരിക്കുന്ന പവേഴ്സിനെപ്പറ്റി പറയാം. വളരെ കാര്യങ്ങൾ സെനറ്റിനെയോ സിൻഡിക്കേറ്റിനെയോ ചുമതലപ്പെടുത്തുന്ന സബ് കമ്മിറ്റിക്കോ അല്ലെങ്കിൽ ഭാരം ഏൽപ്പിക്കുന്ന മെമ്പർമാർക്കോ അന്വേഷിക്കാവുന്നതാണ്. സിൻഡിക്കേറ്റിന്റെ പവേഴ്സ് വായിച്ചുനോക്കിയാൽ വളരെ രസകരമാണ്. ജനനവും മരണവും ഒഴിച്ചുള്ള എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈസ് ചാൻസലർമാരുടെ പവേഴ്സിൽ

"(7) The Vice-Chancellor shall have the right of visiting and inspecting institutions maintained or recognised by the University.
(8) If at any time, except when the Syndicate or the Academic Council is in Session, the Vice-Chancellor is satisfied that an emergency has arisen requiring him to take immediate action involving the exercise of any power vested in the Syndicate or the Academic Council, the Vice-Chancellor may take such action as he deems fit, and shall, as soon as may be, report the action taken by him to the Syndicate or the Academic Counell, as the case may be....."

എന്നുകഴിഞ്ഞ്, താഴെപ്പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. (a) to make "appointments to posts below the rank of Assistant Registrar, and prescribe their duties ;

(b) to suspend, dismiss or otherwise punish any employee of the University of and below the rank of Deputy Registrar/Reader ;

(c) to take disciplinary action aganist students of the University.'

ഇങ്ങനെ അദ്ധ്യേഹത്തിന് ഇല്ലാത്ത അധികാരങ്ങളൊന്നുമില്ല. അങ്ങനെ തെരഞ്ഞെടുപ്പിൽ കൂടി വരുകയെന്നുള്ളത് ഇല്ലാതാക്കുക, നോമിനേറ്റഡ് സഭ ഉണ്ടാക്കുക, യൂണിവേഴ്സിറ്റിയുടെ സ്വന്ത അധികാരം ഇല്ലാതാക്കുക, യൂണിവേഴ്സിറ്റിക്ക് ഫണ്ടിനുവേണ്ടി ഗവൺമെന്റിനെ ആശ്രയിക്കാതെ മാർഗ്ഗമില്ലായെന്ന് വരുത്തുക, ഇതിന്റെ പുറമേ ഏറ്റവും കൂടുതൽ അധികാരങ്ങളും അധികാരസ്ഥാനങ്ങളായ വി. സി. ക്കും പി. വി. സി. ക്കും കൊടുക്കുക ഇതൊക്കെയാണ് ഈ ആക്ടിന്റെ ഫലമായിട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതെല്ലാം ഡീ-മോണിടൈസ് ചെയ്യുന്നതിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറയുന്നത്. ഡീ-മോണിറൈസ് നടക്കുമോ ? നടത്താവുന്നതിന്റെ പരമാവധി ജനങ്ങളെ ഒഴിവാക്കാൻ വേണ്ടിയാണ്. പ്രതിപക്ഷ രാഷ്ട്രീയക്കാരെ ഒഴിവാക്കാം. പ്രതിപക്ഷ രാഷ്ട്രീയക്കാർക്ക് ബന്ധമുള്ള വിദ്യാർത്ഥി സംഘടനയേയോ അദ്ധ്യാപക സംഘടനയേയോ ഒഴിവാക്കാം. അല്ലാതെ ഒരു താത്തിലുമുള്ള പൊളിറ്റിക്സ് കടത്തിവിടാതിരിക്കാനുള്ള ഭദ്രത ഇതിൽക്കൂടി വരുമോ. റൂളിംഗ് പാർട്ടിസിന്റെ രാഷ്ട്രീയം നടക്കും; ശുപാർശയും കൊള്ളരുതായ്മയും നടക്കും; നെപ്പോട്ടിസവും ഫേവറിറ്റിസവും നടക്കും. അത് മാത്രമാണ് നടക്കാൻ പോകുന്നത്. ഇതൊക്കെയാണ് എനിക്ക്. മുഖ്യമായിട്ട് ഇതിന്റെ പ്രധാനവശങ്ങളെപ്പറ്റി പറയാനുള്ളത്. വളരെയധികം മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. മാറ്റം വരുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് രണ്ടാം വായനയുടെ ഘട്ടത്തിൽ ഭേദഗതികളും മുഖേന പറയാൻ സാധിക്കും. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ഇന്നത്തെ രൂപത്തിൽ ശക്തിയുക്തം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, വളരെ ആലോചിച്ചതിനുശേഷമാണ് ഞാൻ ഇങ്ങനെയൊരു പ്രമേയം സഭയുടെ പരിഗണനയ്ക്കായി കൊണ്ടുവന്നിട്ടുള്ളത്. ഇന്നത്തെ ദിവസം തന്നെ ഈ നിയമസഭയെ ഒരു പ്രഹസനമാക്കി മാറ്റുന്ന, അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്തതുപോലെ ഒരു റബ്ബർ സ്റ്റാമ്പാക്കി മാറ്റുന്ന സംഭവം ഉണ്ടായി. വിധി വൈപരീത്യമെന്നു പറയട്ടെ, ഇന്ന് നമ്മുടെ ധനകാര്യമന്ത്രി ഒരു ഓർഡിനൻസ് ഇവിടെ അവതരിപ്പിച്ചു. ആ ഓർഡിനൻസ് ഈ നിയമസഭയ്ക്കുള്ള ഒരു പ്രധാനപ്പെട്ട അവകാശത്തെ എടുത്തുകളയുന്ന ഒരു ഓർഡിനൻസാണ്. കോടി കണക്കിന് രൂപ ഈ ഗവൺമെന്റ് കണ്ടിജൻസി ഫണ്ടിൽ നിന്ന് എടുത്തു. ലെജിസ്ലേറ്റീവ് സാംഗ്ഷൻ ഇല്ലാതെ ചെലവാക്കുന്നതിനുള്ള ഒരു ഓർഡിനൻസാണ് ഇന്നു കാലത്ത് വളരെ ലഘുവായി അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. പത്തുപതിനഞ്ചുകോടി രൂപയുടെ ചെലവിനുള്ള ഒരു ഓർഡിനൻസാണ് അദ്ദേഹം രാവിലെ ഇവിടെ അവതരിപ്പിച്ചത്. എന്തിനാണ് ഞങ്ങളൊക്കെ ഇവിടെ കൂടിയിരിക്കുന്നത് ? നിയമസഭയോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് ചെയ്യുന്ന ചെലവുകളെ സംബന്ധിച്ച് ഈ സഭയിൽ ഇന്നുവരെ കണക്ക് വന്നില്ല. വെള്ളപ്പൊക്കത്തിനാണ് പത്തു കോടി രൂപ ചെലവാക്കി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്.

ബ്രിട്ടീഷ് പാർലമെന്ററിലെ സ്ഥിതി നമുക്കറിയാം. യുദ്ധം നടന്നുകൊണ്ടിരുന്നപ്പോഴും ഹിറ്റ്ലർ ബോംബ് വർഷിച്ചുകൊണ്ടിരുന്നപ്പോഴും ബ്രിട്ടീഷ് പാർലമെന്റ് മന്ദിരത്തിൽ ബോംബ് വീഴുമെന്ന് അറിയാമായിരുന്നിട്ടും ജനപ്രതിനിധികളുമായി അവിടത്തെ ചെലവുകളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ചർച്ചചെയ്ത് തീരുമാനമെടുത്തിരുന്നു. അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിൽ ഒരു ഓർഡിനൻസുവഴി അല്ല നിത്യവും കാര്യങ്ങൾ ചെയ്തിരുന്നത് ; പാർലമെന്ററിന്റെ അംഗീകാരത്തോടുകൂടിയാണ്. ബ്രിട്ടണിൽ പോലും അന്ന് അത് നടപ്പിലാക്കിയിരുന്നു. കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായി അല്ലെങ്കിൽ സൗജന്യറേഷൻ കൊടുക്കണമെന്നുള്ള ഒറ്റക്കാരണത്താൽ അത് സഭയിൽ ചർച്ചചെയ്തുകൂടെ ? വെള്ളപ്പൊക്കമുണ്ടായാൽ അതുപോലെതന്നെ സൗജന്യറേഷൻ കൊടുക്കേണ്ട സ്ഥിതി വിശേഷം വന്നാൽ നിയമസഭ കൂടുന്നതിന് എന്താണ് ഇത്ര പ്രയാസം. നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടിയാൽ അങ്ങനെയൊരു ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ സഭ പണം അനുവദിക്കുകയില്ല എന്ന് അവർ കരുതിയോ ? എന്നിട്ട് നിയമസഭയോട് ആലോചിക്കാതെ, നിയമസഭയുടെ സാംഗ്ഷൻ ഇല്ലാതെ ശ്രീ. തച്ചടി പ്രഭാകരൻ ഓർഡിനൻസ് അവതരിപ്പിച്ചു. അദ്ദേഹത്തിന് ഈ ഗതികേട് വന്നല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്)

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ അത് മനസിലാക്കാതെയാണ് പറയുന്നത്. 10 കോടി രൂപ കേന്ദ്രഗവൺമെന്റ് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി തന്നത് ചെലവഴിക്കണമെങ്കിൽ കണ്ടിജൻസി ഫണ്ടിൽനിന്നും മാത്രമേ ചെലവഴിക്കാൻ പറ്റൂ. അതിൽനിന്നും ഒൻപതേ മുക്കാൽ കോടി രൂപയാണ് സൗജന്യറേഷൻ കൊടുത്തപ്പോൾ ചെലവഴിച്ചത്. റേഷൻ വ്യാപാരികൾ കാശ് മുഴുവനും കൊടുത്തില്ലെങ്കിൽ റേഷൻ വിതരണം മുടക്കുമെന്നു പറഞ്ഞതുകൊണ്ടാണ് അഡീഷണലായിട്ട് 15 കോടി രൂപകൂടി കണ്ടിജൻസി ഫണ്ടിൽനിന്നും ഉപയോഗിച്ചത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറഞ്ഞത് ഇപ്പോൾ ശരിവച്ചു. 10 കോടി രൂപ കേന്ദ്രം തന്നത് ചെലവുചെയ്യണമെങ്കിൽ ഞങ്ങളോട് ആലോചിച്ചുകൂടെ ? അതുപോലെ സൗജന്യറേഷൻ കൊടുക്കുന്ന കാര്യം ഞങ്ങളോട് ആലോചിച്ചുകൂടെ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, വെള്ളപ്പൊക്കം ഉണ്ടാകുന്നെന്ന് ഗവൺമെന്റ് കരുതിയിരുന്നില്ല. കേന്ദ്രം തരുന്നത് വിനിയോഗിക്കാൻ വേണ്ടിയാണ്. അതിൽ സഭയിൽ ആർക്കും എതിർപ്പുണ്ടാകുന്നെന്ന് തോന്നുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, നിങ്ങൾ ഒരു അത്യാവശ്യ കാര്യത്തിന് ഒരു ഓർഡിനൻസ് പ്രഖ്യാപിക്കുന്നത് മനസിലാക്കാം. പക്ഷേ കണ്ടിജൻസി ഫണ്ടിൽനിന്നും പണമെടുത്തു ചെലവുചെയ്യുന്നതിന് ഓർഡിനൻസ് കൊണ്ടുവരുന്ന സ്ഥിതിവിശേഷം ഒരിക്കലും അഭികാമ്യമല്ല. ഈ സഭയിൽ വന്നിട്ട് എന്തു കാര്യം ? ഭൂരിപക്ഷം ഉണ്ടെന്ന് വച്ചിട്ട് എല്ലാ നടപടിക്രമങ്ങളേയും കീഴ്വഴക്കങ്ങളേയും ലംഘിക്കുന്നത് ശരിയാണോ ?

ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ : സർ, ഇവിടെ ചർച്ച ചെയ്യുന്നത് കൊച്ചിൻ യൂണിവേഴ്സിറ്റി ബില്ലാണ്. ഈ ഫൈനാൻസ് കാര്യവും മന്ത്രി രാവിലെ അവതരിപ്പിച്ച ഓർഡിനൻസിന്റെ കാര്യവുമൊക്കെ സംസാരിക്കുന്നത് ഓർഡറിലാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ബില്ലിൽ ഒതുങ്ങിനിന്നു സംസാരിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട ചെയർമാനും തെറ്റ് പറയിക്കൂടാ. ഈ സഭയുടെ സാധാരണഗതിയിലുള്ള ഭരണഘടനാപരമായ നിയമ നിർമ്മാണം അടക്കമുള്ള കാര്യങ്ങൾ ഇല്ലാതായിരിക്കുന്നു എന്നാണ് എന്റെ വാദം. കേവലമൊരു കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ആൻഡ് ടെക്നോളജി മാത്രമല്ല. ഞാൻ അവതരിപ്പിച്ച പ്രമേയത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് ഈ ആവശ്യമാണ്. ഓർഡിനൻസ് എല്ലാ കാര്യത്തിനും പുറപ്പെടുവിക്കുന്ന സ്ഥിതിവിശേഷം ഇല്ലാതാകണം. അതുകൊണ്ടാണ് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത് എന്തു ചെലവു ചെയ്യാൻ ആയാലും ഒരു നൂറുരൂപ ചെലവു ചെയ്യാനായാലും നിയമസഭയുമായി ആലോചിക്കണം, നിയമസഭയുടെ സാങ്ഷനോടുകൂടി മാത്രമേ ചെലവ് ചെയ്യാവൂ എന്ന്. ഒരു ഓർഡിനൻസുവഴി ചെലവുചെയ്യേണ്ടയാതൊരു സാഹചര്യവും നമ്മുടെ നാട്ടിൽ ഉണ്ടായില്ല. ഉണ്ടായിക്കൂടാ. നമുക്ക് ചർച്ച ചെയ്യാം. അതുകൊണ്ട് കേവലം സാമ്പത്തിക കാര്യങ്ങൾക്കുപോലും നിയമസഭയെ മറികടന്നു ചെയ്യുന്ന ഈ സമ്പ്രദായത്തോട് ഞങ്ങൾക്ക് ആക്ഷേപം ഉണ്ട്. ഞങ്ങൾക്ക് വിമർശനം ഉണ്ട്. സൗജന്യ റേഷൻ കൊടുത്ത കുർപ്പാടിനെക്കുറിച്ചും ഞങ്ങൾക്ക് വിമർശനം, ഉണ്ട്. റേഷൻ കൊടുത്തതിനെ സംബന്ധിച്ചല്ല. ആ റേഷൻ വിതരണം പക്ഷപാതപരമായിരുന്നു. ആ പണം ചെലവുചെയ്തത് ദുർവിനിയോഗമാണ് നടത്തിയത്. അതിനെക്കുറിച്ച് ഞങ്ങൾക്ക് അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇവിടെ പറയാനുള്ള സന്ദർഭം ഉണ്ടോ ? ഈ ബിൽ ഈ സഭയിൽ അവതരിപ്പിക്കുമെന്നുള്ളതിന് എന്താണുറപ്പ് ? അതുകൊണ്ട് എല്ലാ കാര്യങ്ങൾക്കും ഓർഡിനൻസ് പുറപ്പെടുവിക്കുന്ന പ്രവണതയെ ഞാൻ ശക്തമായി എതിർക്കുന്നു.

സർ, ഈ പശ്ചാത്തലത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് പരിശോധിക്കാം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അടിയന്തിര സാഹചര്യം ഈ രാജ്യത്ത് നിലവിലുണ്ടായിരുന്നോ ? കൊച്ചിൻ യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു സർവ്വകലാശാല നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചിരുന്നതാണ്. അതിന്റെ ആദ്യത്തെ വൈസ്ചാൻസിലർ പ്രൊഫ: ജോസഫ് മുണ്ടശ്ശേരി മാസ്റ്ററാണ്. ആ യൂണിവേഴ്സിറ്റി പ്രവർത്തിച്ചുകൊണ്ടിരുന്നു. അത് സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റിയായി ഒരു ഓർഡിനൻസുവഴി രൂപപ്പെടുവാനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് ഈ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. ഞാൻ ഈ പറയുമ്പോഴും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചും ചിലതു പറയേണ്ടി വരും. അത് പറയാതെ കടന്നുപോകുന്നത് ശരിയല്ല. നമ്മുടെ രാജ്യത്തെ ഉന്നത വിദ്യഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടിയാണല്ലോ കൊച്ചിൻ യൂണിവേഴ്സിറ്റി, സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുത്തുവാൻ തീരുമാനിച്ചത്. ഈ ബില്ലിന്റെ പേരിൽത്തന്നെ അപകടം പതിയിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സൂചിപ്പിക്കുകയുണ്ടായി, ഈ ബില്ലിന്റെ പരിധി കേരളം ഒട്ടാകെ വ്യാപിച്ചിരിക്കുവെന്ന്. അങ്ങനെ കേരളം ഒട്ടാകെ വ്യാപിക്കുന്ന ഒരു ബില്ലാണെങ്കിൽ എന്തിനാണ് കൊച്ചിൻ യൂണിവേഴ്സിറ്റി എന്ന് പേരു കൊടുത്തു ? കൊച്ചി എന്നു പറയുന്ന ഒരു പ്രദേശത്തിന്റെ പേരു കൊടുത്തു ? ഈ ഗവൺമെൻറിന് ഈവക കാര്യങ്ങളിൽ ഒരു പൊതുനയമുണ്ടോ ? കോട്ടയം യൂണിവേഴ്സിറ്റിക്ക് ഗാന്ധിജി യൂണിവേഴ്സിറ്റിയെന്ന് പേരു കൊടുത്തു ; മഹാത്മാഗാന്ധിയുടെ പേരു കൊണ്ടുവന്നു. ആ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 49 കോളേജുകളിൽ മൂന്നെണ്ണം മാത്രമാണ് ഗവൺമെൻറു കോളേജായിട്ടുള്ളത്. ബാക്കി 46 കോളേജുകളും പ്രൈവറ്റ് കോളേജുകളാണ്. അങ്ങനെ സ്വകാര്യ മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന ഒരു യൂണിവേഴ്സിറ്റിയാണ് ഗാന്ധിജി യൂണിവേഴ്സിറ്റി. പേര് രാഷ്ട്രപിതാവിൻേറതാണ്. അത് ബോധപൂർവ്വം കൊടുത്തതാണ്. കോട്ടയം യൂണിവേഴ്സിറ്റി എന്ന് ചേർത്തിരുന്നുവെങ്കിൽ ഒരു അപാകതയും ഉണ്ടാകുമായിരുന്നില്ല. കൊച്ചിയിൽ ഒരു സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോൾ അത് കേരളവ്യാപകമായി അധികാരത്തിർത്തി കൊടുക്കും. പേര് കൊച്ചിയെന്ന് ചുരുക്കും. കോട്ടയത്തെ പാരമ്പര്യത്തും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന ഒരു യൂണിവേഴ്സിറ്റിക്ക് മഹാത്മാഗാന്ധിയുടെ പേര് വലിച്ചിഴച്ച് കൊണ്ടുവരും. അങ്ങനെ ആരുടെയെങ്കിലും പേര് നിങ്ങൾക്ക് അഭികാമ്യമായി തോന്നുകയാണെങ്കിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. പ്രൊഫ: ജോസഫ് മുണ്ടശ്ശേരി മാസ്റ്ററുടെ നാമധേയത്തിൽ ഈ യൂണിവേഴ്സിറ്റി വിളിക്കപ്പെടണം. ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയെന്നപോലെ മുണ്ടശ്ശേരി യൂണിവേഴ്സിറ്റി എന്നറിയപ്പെടണം. ഉന്നതവിദ്യാഭ്യാസത്തിന് നിസ്തുലങ്ങളായ സേവനങ്ങൾ അർപ്പിച്ച ഒരു മഹാനായിരുന്നു ജോസഫ് മുണ്ടശ്ശേരി. നാം അദ്ദേഹത്തിന്റെ ചരമവാർഷികം ഇപ്പോൾ ആഘോഷിക്കുകയാണല്ലോ. മുണ്ടശ്ശേരി മാസ്റ്റർ കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അതുപോലെതന്നെ കൊച്ചിൻയൂണിവേഴ്സിറ്റിയിലെ ആദ്യത്തെ വൈസ്ചാൻസിലർ ആണ്. അങ്ങനെ വിവിധ മണ്ഡലങ്ങളിൽ പ്രശോഭിച്ചിരുന്ന മുണ്ടശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുള്ള ഒരു വിദ്യാഭ്യാസ പണ്ഡിതന്റെ നാമധേയത്തിൽ ഈ യൂണിവേ
ഴ്സിറ്റിയുടെ പേരുമാറ്റുന്നതിൽ യാതൊരു അപകടവുമില്ല. അത് ചെയ്യുന്ന
തിന്ന നിർദ്ദേശമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സന്ദർഭത്തിൽ
പറയുന്നത്. എന്തിനാണ് ഈ കൊച്ചി എന്നു പറയുന്ന ഒരു
പ്രദേശത്തിന്റെ പേരുകൊടുക്കുന്നു. കോട്ടയത്തെ ഒരു യൂണിവേഴ്സിറ്റി
ക്ക് ഗാന്ധിജി യൂണിവേഴ്സിറ്റിയെന്ന് പേര് ആകാമെങ്കിൽ കൊച്ചിയിൽ
പ്രവർത്തിക്കുന്ന സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റിയ്ക്ക്
കോളേവ്യാപകമായി പ്രവർത്തിക്കേണ്ട ഈ യൂണിവേഴ്സിറ്റിയ്ക്ക് തീർച്ച
യായിട്ടും അതിന്റെ ആദ്യത്തെ വൈസ്ചാൻസിലർ ആയിരുന്ന പ്രൊഫസർ
ജോസഫ് മുണ്ടശ്ശേരിയുടെ പേരുകൊടുക്കുന്നത് ഉചിതമാണ്. അത് ആ
ചടങ്ങോട് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ സ്മരണയായിരിക്കും. അതു
കൊണ്ട് കൊച്ചി എന്നുള്ള പേരുമാറ്റി മുണ്ടശ്ശേരി മാസ്റ്ററുടെ പേര് ഈ
യൂണിവേഴ്സിറ്റിയ്ക്ക് നൽകണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥി
ക്കുന്നു.

സർ, കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ആൻറ് ടെക്നോളജി യൂണി
വേഴ്സിറ്റിയായി മാറുന്നതിൽ വളരെയധികം വിമർശനങ്ങൾ ഉയർന്നു
വന്നിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ്
ചെയ്തിരിക്കുന്ന പല കോളേജുകളും ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ
കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള വിദ്യാഭ്യാസ മന്ത്രിയുടെ ഗൂഢശ്രമ
ത്തിന്റെ ഭാഗമാണ് ഇതെന്നുള്ള ഒരു ചിന്താഗതി അറിഞ്ഞോ അറിയാതേയോ ഈ
രംഗത്തെ വിദ്യാഭ്യാസപ്രവർത്തകരുടെയിടയിൽ ഉണ്ട്. അക്കാഡമിക് കോളേ
ജല്ലും, എറണാകുളത്തെ മഹാരാജാസ് കോളേജ് ആയിരുന്നാലും സെൻറ്
തോമസ് കോളേജ് ആയാലും അതുപോലെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ
അഫിലിയേറ്റ് ചെയ്തിരിക്കുന്ന മുഴുവൻ കോളേജുകളും ഗാന്ധിജി യൂണി
വേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമം ഇതിന്റെ
പിന്നിൽ അണിനിരക്കുന്നുണ്ട്. ഞാൻ ചോദിക്കട്ടെ സയൻസ് ആൻറ് ടെക്
നോളജി യൂണിവേഴ്സിറ്റിയിൽ മറ്റൊന്നും പാടില്ല എന്നുണ്ടോ ? ആകാം
എന്നാണ് ഗാർക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി കോതമംഗലത്ത് ഒരു ലാ കോളേജ്
തുടങ്ങുന്നതിനുവേണ്ടി ശ്രമിച്ചിരുന്നു. അതിനുവേണ്ടി ഒരു നീക്കവുമുണ്ടാ
യിരുന്നു ഇപ്പോഴും കൊച്ചിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലാ കോളേജും
അതിന്റെ നിയമ വിഭാഗവും ഇപ്പോഴത്തെ പുതിയ യൂണിവേഴ്സിറ്റിയിൽ
ചേരുന്നതിൽ യാതൊരു നിയമപരമായ അസാംഗത്യവുമില്ല. ന്യായമായും അത്
ചേരും. എന്നാൽ അതിനുപകരം എറണാകുളത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന
ലാ കോളേജും അഡ്വാൻസ് ഹിന്ദി പഠിപ്പിക്കുന്നതിനുള്ള വിഭാഗവും (ഹിന്ദി വിഭാ
ഗവും) ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള
ഒരു നീക്കം ഇതിന്റെ പിന്നിൽ ഉണ്ട്.

ശ്രീ. കെ. മുഹമ്മദാലി : സർ, ലാകോളേജും മഹാരാജാസ് കോളേജും
കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഇതുവരെ അഫിലിയേറ്റ് ചെയ്തിട്ടില്ല
എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ? അതൊരു അഫിലി
യേറ്റഡ് കോളേജല്ല എന്നുള്ള കാര്യം മെമ്പർ മനസിലാക്കിയിട്ടില്ലയെന്ന്
തോന്നുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അംഗീ
കരിച്ചിട്ടില്ലെന്നല്ല പറഞ്ഞത്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിൽ
പ്രവർത്തിക്കുവാൻ അതിന് അഫിലിയേഷൻ കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു ഫെഡറൽ യൂണിവേഴ്സിറ്റിയാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ? അതിന്റെ കീഴിൽ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് അഫിലിയേറ്റ് ചെയ്തിരുന്നുവെന്നുള്ള വിവരവും അറിയാമോ ?

ശ്രീ. കെ. സി. ജോസഫ് : ഇവിടെ ഹിറ്റ്ലറുടെ കാര്യം അങ്ങ് പറഞ്ഞുവല്ലോ. ഈ ബില്ല് മുഴുവനും അങ്ങ് വായിച്ചുനോക്കിയോയെന്ന് എനിക്ക് സംശയമുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഫെഡറൽ യൂണിവേഴ്സിറ്റിയായിട്ടാണ് ഈ നിയമത്തിൽ സംവിധാനം ചെയ്തിട്ടുള്ളത്. അതിലേക്ക് ഞാൻ കടക്കാതിരുന്നത് ചർച്ചചെയ്യുമ്പോഴാകാമെന്ന്. കരുതിയാണ്. അങ്ങനെ ഒരു ഫെഡറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇന്ന് നിരവധി കോളേജുകളും നിലവിലുണ്ട്. എഞ്ചിനീയറിംഗ് കോളേജ്, മറ്റ് വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെ ഇതിന്റെ പിന്നിലുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും "faculty of Law" ഫെഡറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽകൊണ്ടുവരുന്നതിന് സാങ്കേതികമായ യാതൊരു തടസ്സവുമില്ല. അതുപോലെതന്നെ ഹിന്ദിവിഭാഗം ഇതിന്റെ കീഴിൽ കൊണ്ടുവരുന്നതിനും യാതൊരു തടസ്സവുമില്ല. അതെല്ലാം അകറ്റി നിറുത്തി എന്നിട്ട് ഒരു മിഥ്യയായ സങ്കൽപ്പത്തിൽ ആ യൂണിവേഴ്സിറ്റി കേരളം മുഴുവൻ പ്രവർത്തിക്കുന്ന ഒരു യൂണിവേഴ്സിറ്റിയെന്നു വരുത്തിത്തീർക്കുക ; നിങ്ങൾ കേരളമൊട്ടാകെ എന്തു ചെയ്യാൻ പോകുന്നു ? 'സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റി' എന്ന പേര് കൊടുത്തിട്ട് രാജ്യം മുഴുവൻ എന്റേതെന്ന് പറയുകയും മുറ്റത്തു പ്രവർത്തിക്കുന്ന കോളേജുകളെ എല്ലാം വേറെയെവിടെയെങ്കിലും, ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റുചെയ്തുകൊണ്ട് ഈ ഫെഡറൽ യൂണിവേഴ്സിറ്റിയെ വാസ്തവത്തിൽ ഒരു യൂണിറ്ററി സ്ഥാപനമായി മാറ്റാനുള്ള ഒരു ശ്രമമാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ആ നാട്ടുകാരുടെ അഭിലാഷങ്ങളും വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന.....

ശ്രീ. കെ. സി. ജോസഫ് : കൊച്ചിൻ യൂണിവേഴ്സിറ്റി ആരംഭിച്ച കാലം മുതലേ ഫെഡറൽ യൂണിവേഴ്സിറ്റിയായിരുന്നുവെന്നും ഇന്നും ആ സംവിധാനമാണ് നിലനിൽക്കുന്നതെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ ഈ നിയമത്തെക്കുറിച്ചാണ് പറഞ്ഞത്. ഈ നിയമത്തിലുള്ള വ്യവസ്ഥകളനുസരിച്ച്, കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഫെഡറൽ യൂണിവേഴ്സിറ്റിയായി നിലനിറുത്തണം. ആ ഫെഡറൽ യൂണിവേഴ്സിറ്റിയിൽ ഈ സ്ഥാപനങ്ങളെല്ലാം ഉൾക്കൊള്ളണം. എന്താണ് അതിനുള്ള സാങ്കേതികമായ തടസ്സം ? ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇപ്പോഴത്തന്നെ കോളേജുകളുണ്ടല്ലോ. ഇതെല്ലാംകൂടി ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരണമെന്ന് നിർബന്ധമെന്താണ് ? ഹൈക്കോടതി പ്രവർത്തിക്കുന്നത് എറണാകുളത്താണ്. അതുമായി ബന്ധപ്പെട്ടതാണ് ലോകോളേജ്. ലീഗൽ സ്റ്റഡീസ് മുഴുവനും കോളേജുമായി ബന്ധപ്പെട്ടതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്തിന്റെ മുറ്റത്താണ് ആ സ്ഥാപനം സ്ഥിതിചെയ്യുന്നത്. നിങ്ങൾക്ക്. ഇതിനെമാറ്റി കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അടുക്കൽ കൊണ്ടുപോകണമെന്ന ദുർവാശി

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് ? വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ആളുകളും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. നമ്മൾ പാസ്സാക്കിയെങ്കിലും, ഞാൻ ഗാന്ധിജി യൂണിവേഴ്സിറ്റിയെ സ്വകാര്യ യൂണിവേഴ്സിറ്റിയായിട്ടാണ് കാണുന്നത്. ഇതിന്റെ കീഴിൽ ആകെ നാൽപ്പത്തിയൊൻപത് കോളേജുകളുള്ളതിൽ നാൽപ്പത്തിയാറെണ്ണവും സ്വകാര്യ കോളേജുകളാണ്. അങ്ങനെയുള്ള ഒരു യൂണിവേഴ്സിറ്റിയുടെ കീഴിയ ഈ രാജ്യത്തെ ഉന്നതമായ നിയമ വിദ്യാഭ്യാസവും ഹിന്ദി വിദ്യാഭ്യാസവും എല്ലാം സ്വകാര്യ മേഖലയ്ക്ക് കീഴ്പ്പെടുത്താൻവേണ്ടി കൊണ്ടുവരണമെന്നുള്ള നിർബന്ധബുദ്ധിയുടെ പിന്നിലുള്ള ചേതോവികാരമെന്താണ് ?

ശ്രീ. പി. സി. ജോർജ്ജ് : ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ, ശ്രീ. വി. ആർ. പിള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദിയും ലായും ഒക്കെ അങ്ങോട്ടേയ്ക്ക് മാറ്റിയത്, അല്ലാതെ വിദ്യാഭ്യാസ മന്ത്രിയുടെ അഭിപ്രായപ്രകാരമല്ല. ഇത് മനസ്സിലാക്കാതെയാണോ വക്കീൽ സംസാരിക്കുന്നത് ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവും രൂപീകരണത്തെത്തുടർന്നുള്ള കാര്യങ്ങളും. ഇന്ദിരാകോൺഗ്രസ്സിന്റെ യുവജനവിഭാഗവും ഉൾപ്പെടെയുള്ളവർ പല്ലുകടിച്ച് അമർത്തിക്കൊണ്ട്, അതിന്റെ അമർഷം തുറന്നുപറയാൻ നട്ടെല്ലില്ലാഞ്ഞതുകൊണ്ടാണ് ഈ സ്വകാര്യസംവിധാനത്തോട് യോജിക്കുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതവരുടെ നിലനിൽപ്പിന്റെയും ധയറിപ്പാടിന്റെയും പ്രശ്നമാണ്. അതുകൊണ്ട് അങ്ങനെയൊരു നിലപാടെടുക്കുന്നതിനെ സംബന്ധിച്ച് ഒരു വിശദീകരണത്തിനൊന്നും ഞാൻ ഒരുമ്പെടുന്നില്ല. പക്ഷേ ശ്രീ. പി. സി. ജോർജ്ജ് അതിനെ സംബന്ധിച്ച് വിവരങ്ങൾ മനസ്സിലാക്കാതെ ഒരഭിപ്രായം പറയുന്നത് മോശമാണ്. ഒന്നാമത്, ഒരു അന്വേഷണത്തെ നേരിടുകയല്ലേ ?

ശ്രീ. പി. സി. ജോർജ്ജ് : ഞാൻ മനസ്സിലാക്കിയ കാര്യമാണ് ഞാൻ പറഞ്ഞത്. ഞാൻ മനസ്സിലാക്കിയിരിക്കുന്നത്, ശ്രീ. വി. ആർ. പിള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് നിയമവും ഹിന്ദിയും മാറാൻ തീരുമാനിച്ചത് എന്നാണ്. അതിൽ തെറ്റുണ്ടെങ്കിൽ പറഞ്ഞുകൊള്ളണം. ഈ കമ്മിറ്റിയിൽ ഉണ്ടായിരുന്നത്, ശ്രീ. വി. ആർ. പിള്ള, ശ്രീ. വി. ആർ. ഗവാർക്കർ, ശ്രീ. എം. ആർ. സീതാരാമൻ, ശ്രീ. വി. രാമചന്ദ്രൻ, (ചീഫ് സെക്രട്ടറി) ഡോ. കെ. ഗോപാലൻ, ഡോ. എസ്. വാസുദേവ് തുടങ്ങിയ പ്രഗൽഭന്മാരാണ്. ഇവരെല്ലാം കേരളാകോൺഗ്രസ്സുകാരല്ല. ഞാൻ ബഹുമാനപ്പെട്ട അംഗത്തോട് അത്രയേ പറഞ്ഞുള്ളൂ. അല്ലാതെ, കേരളാകോൺഗ്രസ്സിന്റെയോ, വിദ്യാഭ്യാസവകുപ്പുമന്ത്രിയുടേയോ, കോൺഗ്രസ്സിന്റെ നേതാവ് മുഖ്യമന്ത്രിയുടേയോ ഒന്നും അഭിപ്രായപ്രകാരമായിരുന്നില്ല ആ തീരുമാനമെടുത്തത്. അല്ലാതെ പി. സി. ജോർജ്ജിനു ഇതുമായിട്ട് ഒരു ബന്ധവുമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറഞ്ഞത്, ഈ യൂണിവേഴ്സിറ്റി നിയമം സംവിധാനം ചെയ്തിരിക്കുന്നത് ഏതെങ്കിലുമൊരു റിപ്പോർട്ടിനെയോ കമ്മിഷനെയോ ആശ്രയിച്ചല്ല എന്നാണ്.

ശ്രീ. എം. എം. ഹസ്സൻ : മന്ത്രിയുടെ ആമുഖ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, ശ്രീ. ഗവാർക്കർ, ഡോ. വാസുദേവ്, ശ്രീ. സീതാരാമൻ, ശ്രീ. വി. രാമചന്ദ്രൻ, ശ്രീ. വി. ആർ. പിള്ള തുടങ്ങിയ സയൻസ് ആൻഡ്

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോളജിയിൽ പ്രാഗൽഭ്യമുള്ള ആളുകൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റി, സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി'ക്കുവേണ്ടി പ്രത്യേകമായി പഠനം നടത്തിയവരാണെന്ന്. അവർ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ യൂണിവേഴ്സിറ്റിയുടെ സ്ട്രക്ച്ചറിൽ മാറ്റം വരുത്തിയിരിക്കുന്നത്. ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വേണമെന്ന തീരുമാനിച്ച്, 'All India pattern' 'വച്ച്' യു. ജി. സി. യുടെ ഗൈഡ് ലൈൻസ് അനുസരിച്ചാണ് ഈ യൂണിവേഴ്സിറ്റിയുടെ പുതിയ ബില്ല് വന്നിരിക്കുന്നത്. പ്രൊഫസ്സർ മുണ്ടശ്ശേരി മാസ്റ്ററും പണ്ട് സങ്കൽപ്പിച്ചിരുന്നത് ഇതുതന്നെയാണ്. അന്ന് ചിലതിലൊക്കെ വെള്ളം ചേർന്നുപോയി യെന്നുള്ളതുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അതിനെക്കുറിച്ച് ഞാൻ പറയാം. ഇപ്പോൾ ശ്രീ. ഹസ്സൻ പ്രസക്തമായ ഭാഗങ്ങളിലേക്ക് വന്നു. കോത്താരി കമ്മിഷൻ, ആദ ശേഷയ്യാ കമ്മിഷൻ യൂണിവേഴ്സിറ്റി ഗ്രാന്റ് സ് കമ്മിഷൻ എന്നീ മൂന്നു കമ്മിഷനുകളുടെ റിപ്പോർട്ട് ശ്രീ. ഹസ്സന്റെ കയ്യിലുമുണ്ട്, എന്റെ കയ്യിലുമുണ്ട്. ഈ കമ്മിഷനുകളുടെ ഏതെങ്കിലുമൊരു ശുപാർശ ഈ നിയമത്തിൽ അംഗീകരിച്ചിട്ടുണ്ടോ? ഇല്ലെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ്: മുൻ പ്ലാനിംഗ് ബോർഡ് ആദ്യം ഒരു നിർദ്ദേശം വച്ചു. അതിനുശേഷം ചക്രബർത്തി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. പിന്നീട് ശ്രീ. വി. ആർ. പിള്ള ചെയർമാനായുള്ള ഒരു കമ്മിറ്റിവന്നു. ഈ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനകത്തുള്ള ഒരു പിശക് ഞാൻ ചൂണ്ടിക്കാണിക്കാം. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനും കോത്താരി കമ്മിഷനും പറയുന്ന ശുപാർശകളുടെ മൗലികമായ സ്വഭാവമെന്താണ്? "Autonomy for the Academy" യൂണിവേഴ്സിറ്റികൾക്ക് പരിപൂർണ്ണമായ സ്വയംഭരണാവകാശം നൽകണം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: വിദ്യാഭ്യാസ പരിഷ്ക്കാരത്തിന്റെ ഭാഗമായിട്ട് പരമമായ ആട്ടോണമി അക്കാഡമിക് രംഗത്ത് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി 'ഓപ്പൺ യൂണിവേഴ്സിറ്റി' വേണമെന്ന് വാദിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെയാണ് ഇവിടെ എല്ലാ കാര്യവും നിയന്ത്രിക്കുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: 'ഓപ്പൺ യൂണിവേഴ്സിറ്റി' എന്നു പറയുന്നത് വേറൊരു ആപ്പാണ്.

ശ്രീ. എം. എം. ഹസ്സൻ: എനിക്ക് അങ്ങയോട് ഒരു നിർദ്ദേശം പറയാനുണ്ട്. പശ്ചിമബംഗാൾ അങ്ങയുടെ നേതാവായ ശ്രീ. ജ്യോതിബാസു മുഖ്യമന്ത്രിയായി ഭരണം നടത്തുന്ന ഒരു സംസ്ഥാനമാണ്.....

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, വഴിതെറ്റിക്കാൻവേണ്ടിയാണ് പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ: വഴി തെറ്റിക്കാനല്ല ഞാൻ പറയുന്നത്. അവിടെ ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുണ്ട്. എന്താണ് ഇതേ രൂപത്തിൽത്തന്നെയാണുള്ളത്. ഒന്നുകിൽ സഖാവ് നായനാരോ അല്ലെങ്കിൽ വിദ്യാഭ്യാസവകുപ്പുമന്ത്രിയോ സർക്കാർ ചെലവിലോ പാർട്ടി ചെലവിലോ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ അവിടെ അയച്ച് അവിടത്തെ സയൻസ് ആൻറ് ടെക്നോളജി യൂണിവേഴ്സിറ്റിയെക്കുറിച്ച് ഒരു പഠനം നടത്താനുള്ള ഓഫർ വന്നാൽ അങ്ങ് അതി സ്വീകരിക്കുമോ ? അവിടെപ്പോയി പഠിച്ചിട്ട് വന്ന് രണ്ടു യൂണിവേഴ്സിറ്റി കളും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് മനസ്സിലാക്കുവാനുള്ള ഒരു സൗകര്യം കിട്ടിയാൽ അങ്ങ് അത് ഉപേക്ഷിക്കില്ലല്ലോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതല്ലല്ലോ പ്രശ്നം.

ശ്രീ. എം. എം. ഹസ്സൻ : അതാണ് പ്രശ്നം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതല്ല പ്രശ്നം. നമ്മൾ അവിടെ പോയി പഠിക്കുകയെന്നുള്ളതിനേക്കാൾ ഈ ബില്ലിന്റെ മൗചികമായ തകരാറിനെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. നിങ്ങൾ വച്ചിരിക്കുന്ന ഈ നിയമത്തിൽ ഒരൊറ്റ ഉദാഹരണംകൊണ്ട് ശ്രീ. ഹസ്സൻ പറഞ്ഞ വാദഗതിയെ ഞാൻ ഖണ്ഡിക്കാം. അതിനകത്ത് സിൻഡിക്കേറ്റിൽ ആകെ പതിനേഴു പേർക്കാണ് മെമ്പർഷിപ്പ് വച്ചിരിക്കുന്നത്. അതിൽ മൂന്നുപേരെയാണ് അക്കാഡമിക് കൗൺസിലിൽ നിന്ന് ആകെക്കൂടി നിർദ്ദേശിക്കുവാനുള്ളത്. ബാക്കി പതിനാലു പേരെയും നിശ്ചയിക്കുന്നത് ഗവൺമെൻറാണ്. ഇതാണോ ആട്ടോണമി ? ശ്രീ. ഹസ്സനോട് ഞാൻ ചോദിക്കുകയാണ്, ഈ രാജ്യത്തെവിടെയെങ്കിലും ഇങ്ങനെയുണ്ടോ ? ഒരു സിൻഡിക്കേറ്റിലുള്ള പതിനേഴുപേരിൽ പതിനാലുപേരെയും ഗവൺമെൻറ് നോമിനേറ്റ് ചെയ്യണമെന്നുള്ള സ്ഥിതിവിശേഷം വന്നാൽ നിങ്ങൾ ഈ സ്വയംഭരണാവകാശത്തെക്കുറിച്ച് പറയുന്നതിൽ യാതൊരടിസ്ഥാനവുമില്ല. വൈസ് ചാൻസലർമാർ മൂന്നുപേരെ നിശ്ചയിക്കുന്നതും ഗവർണ്ണറോട് ആലോചിച്ചിട്ടാണ്. ഫലത്തിൽ, പതിനേഴുപേരെയും നിയമിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഗവൺമെൻറിനാണ്. അതിൽ പൂർണ്ണമായും നോമിനേഷനാണ്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനുവേണ്ടി ഒരു മോഡൽ ആക്ട് കമ്മിറ്റി ഉണ്ടാക്കിയല്ലോ. കേന്ദ്രഗവൺമെൻറ് നിയമിച്ച യൂണിവേഴ്സിറ്റി ഗ്രാൻറ് കമ്മീഷൻ ഇൻഡ്യയിൽ ആകെയുള്ള യൂണിവേഴ്സിറ്റികൾക്ക് എങ്ങനെയൊരു നിയമനിർമ്മാണം വേണമെന്നു നിർദ്ദേശിക്കാൻ ഒരു മോഡൽ ആക്ട് നിശ്ചയിച്ചു. ആ മോഡൽ ആക്ടിന്റെ വ്യവസ്ഥകൾ ഇതിനകത്ത് ഉൾക്കൊണ്ടിട്ടുണ്ടോ ? ഇതിൽ മോഡൽ ആക്ട് ഉൾക്കൊള്ളിച്ചിട്ടില്ല. അതിൽ നയപരമായ ഒരു പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട ഹസ്സനും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും കേൾക്കാൻ വേണ്ടി പറയുകയാണ് ഒരുദ്യോഗത്ത് നമ്മുടെമന്ത്രി പറയും, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ ശുപാർശയെന്നു പറഞ്ഞാൽ സെനറ്റ്. പാടില്ല, തെരഞ്ഞെടുപ്പു പാടില്ലാ, അതുകൊണ്ട് സെനറ്റ് പിരിച്ചുവിടണം, നോമിനേഷൻ ഇല്ലാതാകണം എന്ന്. എങ്കിൽ മാത്രമേ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ സഹായം കിട്ടുകയുള്ളുവെന്ന്. ഇതാണ് ശ്രീ. ടി. എം. ജേക്കബിന്റെ വാദം. അതേയവസരത്തിൽ, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ ശുപാർശകളോട് നമുക്ക് യോജിക്കാൻ കഴിയില്ല. കാരണം അവർ പറയുന്നത് യൂണിവേഴ്സിറ്റിയിലെ ഗവേണിംഗ് ബോഡിയെ മുഴുവൻ നോമിനേറ്റ് ചെയ്യണം, അക്കാഡമിഷ്യൻസു മാത്രം മതി, രാഷ്ട്രീയമുള്ളവർ ആരും പാടില്ല, നിയമസഭാസാമാജികൻമാർ പാടില്ല, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാരും പാടില്ല എന്നാണ് ഗ്രാൻറ്സ് കമ്മീഷന്റെ ശുപാർശ.

സർ, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ മറെറാരു കാര്യം പറയുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളെല്ലാം നിയമസഭയിൽ ചർച്ച ചെയ്യണമെന്നതാണ് അത്. സംസ്ഥാന നിയമസഭകളിൽ യൂണിവേഴ്സിറ്റിയുടെ ഭരണത്തെ സംബന്ധിച്ചും യൂണിവേഴ്സിറ്റി സംവിധാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും ചർച്ച ചെയ്യണമെന്നാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ ശുപാർശ. അത് ജനാധിപത്യപരമാണോ? ഈ രാജ്യത്ത് വിദ്യാഭ്യാസ നയം എന്തായിരിക്കണം. പരീക്ഷാ സമ്പ്രദായത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയായിരിക്കണം സെമസ്റ്റർ സിസ്റ്റം വേണമോ, ഇന്നത്തെ സമ്പ്രദായം വേണമോ അതൊക്കെ തീരുമാനിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യേണ്ട വേദി ഏതാണെന്നു ചോദിച്ചാൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ പറയുന്നത് "ലെജിസ്ലേച്ചർ," ആണ് എന്നാണ്. നിയമസഭയിൽ ചർച്ച ചെയ്യണമെന്നാണ് അവർ പറയുന്നത്. ഈ നിലപാടിൽ യോജിക്കുവാൻ നിവൃത്തിയില്ല. ഈ വക കാര്യങ്ങളെ യൂണിവേഴ്സിറ്റികളിലും സിൻഡിക്കേറ്റുകളിലും തെരഞ്ഞെടുക്കപ്പെട്ട സമിതികളിലും ആയിരിക്കണം ചർച്ച ചെയ്യേണ്ടത്. ഇത് അക്കാഡമിക് ഡിസ്ക്ഷനാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ ശുപാർശകളെ അപ്പടി നടപ്പിലാക്കാനോ അപ്പടി സ്വീകരിച്ച് നിയമത്തിൽ ഭേദഗതി വരുത്താനോ സാദ്ധ്യമല്ലെന്ന്.

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്, മോഡൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ തന്നെ നിശ്ചയിച്ച ഒരു മോഡൽ ആക്ടിൽ യൂണിവേഴ്സിറ്റികൾക്ക്: പരിപൂർണ്ണമായ സ്വയംഭരണാധികാരം നൽകണമെന്ന വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇതിനകത്ത് പരിപാലിച്ചിട്ടുണ്ടോ? ഇല്ല. ഈ നിയമം അടിമുടി എടുത്ത് പരിശോധിച്ചാൽ അത് ബോദ്ധ്യമാകും. ഇവിടെ രണ്ടുമൂന്ന് ആളുകളെ ചേർത്ത് അവരുടെ റക്കമന്റേഷന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തതെന്നാണ് പറഞ്ഞത്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന കൊച്ചിൻ യൂണിവേഴ്സിറ്റിയെ മാറ്റി സയൻസ് ആന്റ് ടെക്നോളജിയിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങാൻ പോകുമ്പോഴും ഇതിനെ സംബന്ധിച്ച് വിവരമുള്ള ആളുകളുമായി ചർച്ച ചെയ്തിട്ടില്ല. നിങ്ങൾ ശ്രീ. വി. ആർ. പിള്ളയുമായും ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്തു. അത് ശരിയായിരിക്കാം. ഈ രാജ്യത്തെ അക്കാഡമിക് കാര്യങ്ങളിൽ ബോധമുള്ള, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനുമായി ബന്ധമുള്ള അവരുടെ നേതൃത്വത്തിലുള്ള ആളുകളുമായി ചർച്ച ചെയ്തിട്ടുണ്ടോ? ഇവിടത്തെ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരുടെ ശുപാർശകളനുസരിച്ച്, ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർക്കും അതുപോലെ അഡ്മിനിസ്ട്രേഷനും പ്രാമുഖ്യം നൽകിക്കൊണ്ട് ഉള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ കൊണ്ടുവന്നത്. യൂണിവേഴ്സിറ്റിയിൽ അഡ്മിനിസ്ട്രേഷനല്ല പ്രധാനം. യൂണിവേഴ്സിറ്റിയിലെ പ്രധാന ചർച്ചാ വിഷയം അക്കാഡമിക് ഡിസ്ക്ഷനാണ്. ആ അക്കാഡമിക് ഡിസ്ക്ഷനുള്ള യാതൊരു സൗകര്യങ്ങളും ഈ നിയമത്തിലെ വ്യവസ്ഥകളിലില്ല. ഇന്നും പരിമിതമായ ചില നോമിനേഷൻ കൊണ്ടുമാത്രം ഒരു യൂണിവേഴ്സിറ്റി പ്രവർത്തിക്കുമോ? ഇതിൽ അടിമുടി നോമിനേഷനാണ്. എല്ലാ പ്രധാനപ്പെട്ട ഔദ്യോഗിക ഭാരവാഹികളെയും നോമിനേറ്റ് ചെയ്യുകയാണ്. യൂണിവേഴ്സിറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുപോലും രാഷ്ട്രീയക്കാരനായിട്ടുള്ള, ഭരണകക്ഷി പ്രതിനിധിയായിട്ടുള്ള ഒരു ആളെ കൂടി വേണമെന്നാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് എന്ത് മര്യാദകേടാണ്?

ശ്രീ. എം. എം. ഹസ്സൻ: യൂണിവേഴ്സിറ്റികളിലെ ജനാധിപത്യ വൽക്കരണത്തെക്കുറിച്ച് നിയമസഭയ്ക്ക് പുറത്ത് ഘോരഘോരം പ്രസംഗിക്കുകയും നിയമസഭയ്ക്കകത്തുവന്ന്. ജനാധിപത്യ വ്യവസ്ഥിതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാരോ ബഹുജനങ്ങളുമായി ബന്ധമുള്ള പ്രതിനിധികളോ ഉണ്ടാ കമ്മിറ്റികളിൽ വരുന്നത്, ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം വച്ചു കൊണ്ട് രാഷ്ട്രീയമായി വളച്ചൊടിക്കുന്ന ഒരു ഇരട്ടത്താപ്പുനയമല്ലേ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇത് ഒരു ഇരട്ടത്താപ്പുമല്ല. യൂണിവേഴ്സിറ്റികളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള.... ശ്രീ. സീതിഹാജി ഒരു എം. എൽ. പി. ആണ്. ഇപ്പോഴത്തെ പോലെയുള്ള ആളുകളെ സിൻഡിക്കേറ്റിലെടുത്താൽ..... ഇപ്പോൾ കോട്ടയത്ത് അങ്ങനെ എടുത്തിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ : ഇന്നുള്ള സർവ്വ അക്കാഡമിഷ്യൻസിനെക്കാളും സാമാന്യ വിവരത്തിന്റെ കാര്യത്തിൽ ശ്രീ. സീതിഹാജി നമ്പർ 1 ആണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സാമാന്യ വിജ്ഞാനമല്ല ഇവിടെ ആവശ്യം. ഇവിടെ ആവശ്യം ടെക്നോളജിയും സയൻസുമാണ്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. പി. സീതിഹാജി ഫോറസ്ട്രിയുടെ ഒരു അതോറിറ്റിയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഫോറസ്ട്രിയെ സംബന്ധിച്ച് ഒരു യൂണിവേഴ്സിറ്റി വരുമ്പോഴും അതിനെക്കുറിച്ചാലോചിക്കാം.

ശ്രീ. വി. സി. കബീർ : ശ്രീ. എം. എം. ഹസ്സൻ പറയുന്നതു കേട്ടാൽ ജനപ്രതിനിധികളായ എം. എൽ. എ. മാരെ വയ്ക്കുന്നത് ഒരു കാര്യം. അതുപോലെ മറ്റു സമൂഹത്തിലെ പ്രധാനപ്പെട്ട മൂന്ന് ആളുകളെ നോമിനേറ്റ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അർത്ഥം മന്ത്രിയുടെ ഇഷ്ടപ്പെട്ട ആളുകളെയെല്ലാം നോമിനേറ്റ് ചെയ്യാമെന്നല്ലേ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : മന്ത്രിക്ക് നോമിനേറ്റ് ചെയ്യാം. ശ്രീ. സീതിഹാജിയാണെങ്കിൽ പിന്നെയും മനസ്സിലാക്കാം. ശ്രീ. സീതിഹാജിക്ക് കോമൺസെൻസെങ്കിലുമുണ്ട്. അതും ഇല്ലാത്ത ആളുകളല്ലേ ഇതിനകത്ത് ഇരിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ശരിയാണ്. അങ്ങ് അതിൽ ഇല്ലല്ലോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ ഇത് പറയാൻ കാരണം കേരളത്തിൽ അനേകം യൂണിവേഴ്സിറ്റികളുണ്ട്. കേരളാ യൂണിവേഴ്സിറ്റി ഗാന്ധിജി യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി. ഈ മൂന്നു യൂണിവേഴ്സിറ്റി നിയമങ്ങളിലുമില്ലാത്ത ഒരു വ്യവസ്ഥ നിയമത്തിനകത്ത് സംബന്ധിച്ച് എന്തിനാണ് എഴുതിച്ചേർത്തു ? ഈ അഴിമതി നടത്താൻ വേണ്ടിയാണ്. കേരളാ യൂണിവേഴ്സിറ്റിയിൽ രാഷ്ട്രീയ പ്രതിനിധികളായിട്ടുള്ളവർ തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ വേണമെന്നില്ല. അതുപോലെതന്നെ മറ്റു യൂണിവേഴ്സിറ്റികളിലൊന്നുമില്ലാത്ത ഒരു വ്യവസ്ഥ, ശ്രീ. ടി. എം. ജേക്കബിന്റെ പാർട്ടിയിൽപ്പെട്ട ആരെ സിൻഡിക്കേറ്റ് മെമ്പറായി, അയാൾതന്നെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന ഒരു സ്ഥിതിവിശേഷം ആണ് ഈ ഓർഡിനൻസുകൊണ്ടുണ്ടായിട്ടുള്ളത്.

ശ്രീ. എം. എം. ഹസ്സൻ : യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധികളായി എടുക്കുന്നതുകൊണ്ട് എന്തെങ്കിലും അപാകതയുണ്ടായിട്ടുണ്ടോ എന്ന് പ്രമുഖ നേതാവായ ശ്രീ. എസ്. രാമചന്ദ്രൻപിള്ളയോട് ചോദിക്കാമോ ? ഇപ്പോൾ കേരളാ യൂണിവേഴ്സിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റുകാരായ എത്ര ആളുകളുണ്ട് ? അവർ ആരെങ്കിലും വന്നതു കൊണ്ട് യൂണിവേഴ്സിറ്റി തകർന്നിട്ടുണ്ടോ ? അങ്ങ് അതിനെതിരായിട്ടാണ് ഇപ്പോഴും വാദിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതിനതിരായിട്ടല്ല. ശ്രീ. എസ്. രാമചന്ദ്രൻപിള്ളയും സുധാകരനും തെരഞ്ഞെടുക്കപ്പെട്ടവരാണ്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. എസ്. രാമചന്ദ്രൻപിള്ള ആദ്യമായി സർവ്വകലാശാലാ സിൻഡിക്കേറ്റിൽ വന്നത് നോമിനേറ്റ് ചെയ്തിട്ടാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇവരെല്ലാം തെരഞ്ഞെടുക്കപ്പെട്ടവരാണ്. തെരഞ്ഞെടുക്കപ്പെട്ടവർ വിദ്യാസമ്പന്നരും യോഗ്യതയുള്ളവരുമാണ്. എന്നാൽ ഹരിശ്രീ എന്നൊരക്ഷരം അവരുടെ അരികിൽക്കൂടി പോയിട്ടില്ല. അതാണ് അതിലെ സ്ഥിതിവിശേഷം. അത് ഈ രാജ്യത്തിന് അപമാനകരമല്ലേ ? ശ്രീ. സീതിഹാജി പള്ളിക്കൂടത്തിന്റെ തിണ്ണയെങ്കിലും കണ്ടിട്ടുണ്ട്. അതു പോലുമില്ലാത്ത ആളുകളാണ് ഇതിൽ കടന്നുകൂടിയിരിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : ശാസ്ത്ര സാങ്കേതിക വിഭാഗത്തിന്റെ വളർച്ചയ്ക്കും ആ രംഗത്ത് കൂടുതൽ ഗവേഷണങ്ങളും നടത്തുന്നതിനും പര്യാപ്തമായി ഏഴാം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് കുറെ പണം നീക്കിവച്ചിരുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനിൽ നിന്ന് ആ മേഖലയ്ക്ക് കൂടുതൽ പണം അനുവദിക്കാൻ ഇടയുള്ളതു കണക്കിലെടുത്തും ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ നിയമം മുഖേന ഗവൺമെന്റിന് ഇഷ്ടമുള്ള ആളുകളെവച്ച് ആ പണം ധൂർത്തടിക്കാൻ വേണ്ടിയും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് മെമ്പർമാരെ ഒഴിവാക്കി എല്ലാ മേഖലയിലും ഗവൺമെന്റിന് ഇഷ്ടമുള്ള മൂന്നാംകിട ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധൻമാരെ വയ്ക്കാൻ വേണ്ടിയല്ലേ ഇത് ഉണ്ടാക്കിയിരിക്കുന്നത് ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതിൽ ഒരു സംശയവുമില്ല. അതാണ് ഇവിടെ നടക്കുന്നത്. ശ്രീ. താമരാക്ഷൻ പറഞ്ഞ കാര്യം ഇവിടെ വളരെപ്രസക്തമാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഇതിൽ എനിക്കൊരു സംശയമുണ്ട്. ഞാൻ അര മണിക്കൂറായി അണ്ണന്റെ ഒരു പോയിന്റ് കുറിച്ചെടുക്കുവാൻ ഇരിക്കുകയാണ്. ഇതുവരെ ഒരു പോയിന്റും കിട്ടിയില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അനിയനു ഞാൻ പോയിന്റ് പറഞ്ഞു തരാം. അനിയൻ ശ്രദ്ധിച്ചാൽ മതി. ഞാൻ സംസാരിച്ചു വന്നത് സിൻഡിക്കേറ്റിന്റെ ഘടനയെക്കുറിച്ചാണ്.

ശ്രീ. എ. വി. താമരാക്ഷൻ : ഈ സഭയിൽ അണ്ണൻ എന്നും അനിയൻ എന്നും പറയാൻ പാടില്ല. അത് പിൻവലിക്കണം. ബഹുമാനപ്പെട്ട മെമ്പർമാർ എന്നു ഇവിടെ സംബോധന ചെയ്യണം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പോയിന്റിലേക്കു കടന്നു. സിൻഡിക്കേറ്റിന്റെ ഘടനയാണ് പോയിന്റ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പതിനേഴു മെമ്പർമാരുള്ള സിൻഡിക്കേറ്റിൽ പതിനാലു പേരു നോമിനേറ്റഡ് ആണ്. അവശേഷിക്കുന്ന മൂന്നു പേർ ഫാക്കൽറ്റികളുടെ ഡീൻ ആണ്. അപ്പോൾ പതിനേഴുമായി. ഞാൻ എന്റെ അനുജൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുകയാണ്....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ : അങ്ങ് സംസാരിച്ചപ്പോഴ ബാക്കി ഡീൻസ് ആണെന്ന് പറഞ്ഞു. ഈ ഡീൻസുകളെ ഐസ് ചാൻസലറാണ് നോമിനേറ്റ് ചെയ്യുന്നതെന്ന വിവരം അങ്ങ് മനസ്സിലാക്കിയിട്ടില്ലേ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അങ്ങ് പറയുന്നതിൽ ചില അപാകതകളുണ്ട്. ഇതിൽ 17 പേരും നോമിനേറ്റ് ചെയ്തത് മാത്രം വരുന്നവരല്ല. അല്ലാതെ തെരഞ്ഞെടുക്കപ്പെടുന്നവരുമുണ്ട്. അങ്ങ് ശരിക്കൊന്നു വായിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർ സിൻഡിക്കേറ്റിലുണ്ട്. ജനപ്രതിനിധികളം തെരഞ്ഞെടുക്കപ്പെട്ടുവരുന്നവരല്ലേ ? രണ്ട് എം.എൽ.എ. മാർ ഉണ്ട്, അവരെ തെരഞ്ഞെടുക്കുന്നതല്ലേ ?

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഈ 2 ആളുകളെ തെരഞ്ഞെടുക്കപ്പെടുന്നതാണെന്ന് പറഞ്ഞല്ലോ, അസംബ്ലി മെമ്പർമാരെപ്പോലും നോമിനേറ്റ് ചെയ്യുന്നതാണെന്ന് വായിച്ചപ്പോഴ മനസ്സിലായിട്ടുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ശ്രീ. ഹസ്സന് മനസ്സിലായിട്ടില്ല. ശ്രീ. ഹസ്സൻ ഒരു വിഭ്രാന്തിയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ശ്രീ. വർക്കല രാധാകൃഷ്ണൻ സിൻഡിക്കേറ്റിന്റെ ഘടനയെക്കുറിച്ച് സംസാരിച്ചല്ലോ. അപ്പോഴ ശ്രീ. ഹസ്സൻ ഉൾപ്പെടെയുള്ള ചില മെമ്പർമാർ ഓർമ്മിപ്പിക്കാൻ ആഗ്രഹിച്ചത് മുമ്പും ഇവിടെ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റുകളം ഉണ്ടായിരുന്നു എന്നാണ്. അതേ സമയത്ത് കേരളത്തിൽ നിലവിലുള്ള ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിയമത്തിൽ മഹാഭൂരിപക്ഷം അംഗങ്ങളേയും നോമിനേറ്റ് ചെയ്യേണ്ടതാണെന്ന ഒരു വ്യവസ്ഥ എഴുതിച്ചേർത്ത ഏതെങ്കിലും നിയമം ഇവിടെയുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇല്ല. അങ്ങനെയൊരു വ്യവസ്ഥ ഈ 5 യൂണിവേഴ്സിറ്റി നിയമത്തിലും ഇല്ല. കേരള യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി, ഗാന്ധിജി യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ഈ ഒരു യൂണിവേഴ്സിറ്റിയിലും നോമിനേറ്റ് ചെയ്യാൻ വ്യവസ്ഥയില്ല. 17 പേരേയും നോമിനേറ്റ് ചെയ്യാനാണ് ഇതിനകത്തെ വ്യവസ്ഥ. ഈ രാജ്യത്തെ ഡമോക്രസിയുടെ അർത്ഥമെന്താണ് ? സ്വയംഭരണാവകാശം പൂർണ്ണമായും നിഷേധിക്കപ്പെടുകയാണ്. എന്നിട്ട് ഒരു ഭാഗത്ത് പറയും രാഷ്ട്രീയക്കാർ ആരും ഇവിടെ പാടില്ലെന്ന്. അതേസമയത്ത് രാഷ്ട്രീയക്കാരെക്കൊണ്ട് നിറയ്ക്കുന്നതാണ് ഈ നോമിനേഷൻ. യൂണിവേഴ്സിറ്റിയിൽ രാഷ്ട്രീയക്കാർ പാടില്ലെന്നു പറയുന്ന ഗ്രാന്റ്സ് കമ്മിഷന്റെ ശുപാർശയെ ഈ നിയമം ഫലത്തിൽ നിഷേധിക്കുകയാണ്. രാഷ്ട്രീയക്കാരെ ഒഴിവാക്കണം, രാഷ്ട്രീയ ചർച്ച പെയ്യരുത് എന്നെല്ലാം പറയുന്നുണ്ട്.

സർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ റക്കമെന്റേഷൻ വേറൊരു തരത്തിൽ നാം പരിശോധിക്കണം. അവർ പറയുന്നതെന്താണെന്നറിയാമോ ? യൂണിവേഴ്സിറ്റി സെനറ്റ് ഒന്നും വേണ്ടെന്ന് പറയുന്നത് ഈ വകകാര്യങ്ങളം എല്ലാം നമ്മുടെ സംസ്ഥാന നിയമസഭയിൽ ചർച്ചചെയ്യണമെന്നാണ്. യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് കൗൺസിലിൽ ഈ അക്കാഡമിക് കാര്യങ്ങളൊന്നും ചർച്ച ചെയ്തുകൂടെന്നുള്ള അഭിപ്രായോഗികമായ, അശാസ്ത്രീയമായ ഒരു റക്കമെന്റേഷനാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ മുന്നോട്ടു വച്ചിട്ടുള്ളത്. ഞാൻ അതിന് എതിരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മാത്രമല്ല ഈ രാജ്യത്തെ വിവരമുള്ളവരെല്ലാം തന്നെ അതിനു എതിരാണു്. കോത്താരി കമ്മിഷൻ പറഞ്ഞു എക്സ്പേർട്ടു് കമ്മിറ്റി മോഡൽ നിയമം ഉണ്ടാക്കിയവർ പറഞ്ഞു ഈ അക്കാഡമിക് കൗൺസിൽ എല്ലാം ഡിസ്കസ് ചെയ്യേണ്ടതു് യൂണിവേഴ്സിറ്റി ആണെന്നു്. ആ യൂണിവേഴ്സിറ്റിയിൽ പരിപൂർണ്ണമായ സ്വയം ഭരണാവകാശം ഉണ്ടായിരിക്കണം. ആ യൂണിവേഴ്സിറ്റിയിൽ നോമിനേഷൻ പാടില്ല; ഗവർണ്ണർ അടക്കമുള്ള ആളുകളെ തെരഞ്ഞെടുക്കണം. ഇന്നു് ചാൻസലർ ആയിരിക്കുന്ന ഗവർണ്ണർ രാഷ്ട്രീയക്കാരനല്ലേ? എന്തുകൊണ്ടു് ഗവർണ്ണറെ ചാൻസലറായി എടുക്കുന്നു. ഗവർണ്ണർ പദവി പലരും ദുരുപയോഗപ്പെടുത്തിയിട്ടില്ല ഈ അക്കാഡമിക് കാര്യങ്ങളിൽ അതുകൊണ്ടു് ചാൻസലർ അടക്കമുള്ള ആളുകളെ തെരഞ്ഞെടുക്കാൻ പറയണം; അക്കാഡമിക് ഡിസിഷൻസ് ഇതിനകത്തു് നടക്കണം. ഇതിനെ സംബന്ധിച്ചു് സെമസ്റ്റർ സിസ്റ്റം വേണമോ, അതല്ല ഇന്നത്തെ മെമ്മറി മാത്രം കണക്കാക്കിയുള്ള എക്സാമിനേഷൻ സമ്പ്രദായം വേണമോ എന്നതിനെക്കുറിച്ചു് തീരുമാനമെടുക്കേണ്ട വേദി യൂണിവേഴ്സിറ്റി സെനറ്റാണു്. അല്ലാതെ നിയമസഭയല്ല. നിയമസഭയായിരിക്കണമെന്നാണു് ഗ്രാൻസ് കമ്മീഷൻ പറയുന്നതു്. അതു് തെറ്റാണു്. വേറെ ഒരു സംഗതി ഈ സന്ദർഭത്തിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണു്.

സർ, ഇങ്ങനെയുള്ള ഒരു നല്ല ചർച്ചയ്ക്കു് ഇവർ വൈമുഖ്യം കാണിക്കുന്നു എന്നു് മാത്രമല്ല, വാസ്തവം പറഞ്ഞാൽ ഈ യൂണിവേഴ്സിറ്റികളെ കേവലം ഒരു സോഷ്യലിസ്റ്റ് ആധിപത്യത്തിന്റെ, ബ്യൂറോക്രസിയുടെ മാത്രം ഒരു ഫ്രഞ്ചൈസാക്കി അധഃപതിപ്പിക്കുകയല്ലേ ചെയ്യുന്നതു്? എങ്ങനെ നമ്മുടെ നാടു് നേരേയാകും? ഈ തെറ്റായ ഒരു സമീപനം നമ്മളെ അംഗീകരിച്ചു നടപ്പിലാക്കുന്നതുകൊണ്ടു് ഉന്നത വിദ്യാഭ്യാസം ഇന്നു് എവിടെ എത്തിയിരിക്കുന്നു? സന്ദർഭവശാൽ അതുകൂടി പറയണം. അങ്ങേക്കുമറിയാം. നമ്മളെല്ലാം ജീവിക്കുന്ന ഈ നാട്ടിൽ, ഇന്നു് ഇപ്പോൾ ഒക്ടോബർ മാസം 27 ആയി. ഡിസംബർ 15-ാം 16-ാം ആകുമ്പോൾ സെക്കൻറ് ടേം തീർന്നു് ക്രിസ്മസ് അവധിയാകും. പിന്നെ മാർച്ചു് 31-നകം കിട്ടാവുന്ന സാദ്ധ്യായ ദിവസങ്ങളെ എന്നു പറയുന്നതു് നാല്പതോ നാല്പത്തിയഞ്ചോ ആണു്. ആ നാല്പത്തിയഞ്ചു് ദിവസം ആണു് ഇവിടത്തെ ഡിഗ്രി ക്ലാസ്സിൽ ഇനി അഡ്മിഷൻ വാങ്ങിക്കുന്ന ഒരു കുട്ടിക്കു് പഠിക്കാൻ കിട്ടുന്നതു്. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം അനുസരിച്ചു് ഫസ്റ്റ് ഇയർ ഡിഗ്രിക്കോഴ്സിനു് പബ്ലിക് പരീക്ഷയാണു്. 45 ദിവസം കൊണ്ടുപഠിച്ചു് ഒരു പബ്ലിക് പരീക്ഷയെഴുതുക എന്നുള്ള ഒരു സ്ഥിതിവിശേഷം ഈ രാജ്യത്തു് ആവിർഭവിച്ചില്ലേ? എന്തുകൊണ്ടാണു് ഇതു് സംഭവിച്ചതു്? വിവരദോഷികളും ഈ പ്രശ്നം കൈകാര്യം ചെയ്തതുകൊണ്ടാണു്. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളുടെ ഭാവി മുഴുവൻ അപകടത്തിലായില്ലേ? ഉന്നതവിദ്യാഭ്യാസം ഇന്നു് ഒരു കുത്തഴിഞ്ഞ പുസ്തകംപോലെ ആയില്ലേ? കൊച്ചിൻ യൂണിവേഴ്സിറ്റിയെ കുറിച്ചു് ചിന്തിക്കുമ്പോൾ, വാസ്തവത്തിൽ, ഹൃദയവേദനയോടുകൂടിയാണു് ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നതു്. ഈ രാജ്യത്തെ പതിനായിരക്കണക്കിനു് വിദ്യാർത്ഥികളുടെ ഭാവി ഇന്നു് അപകടത്തിലായിരിക്കുകയാണു് അവർക്കു് ഉന്നതവിദ്യാഭ്യാസത്തിനുള്ള എല്ലാ വാതിലുകളും അടഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറഞ്ഞു നാലായിരത്തിലധികം റിസൾട്ടു് ഇനിയും പെൻഡിംഗിലുണ്ടെന്നു്.

സർ, ഇപ്പോൾ ബി. എഡ്. പരീക്ഷകളിൽ നടന്ന പരീക്ഷാക്രമക്കേടുകളെക്കുറിച്ചും പത്രത്തിൽ വാർത്ത വന്നിരിക്കുകയാണു്. അങ്ങനെ ഈ രാജ്യത്തെ വിദ്യാഭ്യാസരംഗം ഇന്നു് ഏതു് നിലയിലെത്തിയിരിക്കുന്നുവെന്നു് നാം ആലോചിക്കണം. ഉന്നതവിദ്യാഭ്യാസരംഗത്തു് നമ്മുടെ സ്വന്തം അനുഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഞടിസ്ഥാനത്തിൽ, ഇനിയും തെറ്റ് ആവർത്തിക്കാതെയിരിക്കാൻവേണ്ടി ഈ നിയമം കുറ്റമറ്റതാക്കേണ്ടതാണ്. എന്നാൽ അതിനുള്ള ഒരു പ്രവണതയല്ല നിർഭാഗ്യവശാൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിക്കാണുന്നത്. നമ്മുടെതികച്ചും അനുഭവങ്ങൾ കൊണ്ടുമനസ്സിലാക്കാം, ഉന്നതവിദ്യാഭ്യാസത്തിൻെറ നിലവാരം എന്താണെന്ന്. അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന എല്ലാ പ്രധാന പരീക്ഷകളിലും നമ്മുടെ കുട്ടികൾ പിൻതള്ളപ്പെടുന്നു. കഴിഞ്ഞതവണ വന്ന ഐ. എ. എസ്. പരീക്ഷയുടെ റിസൾട്ട് നമ്മൾ പരിശോധിച്ചാൽ അത് വ്യക്തമാകും.

യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻെറ ശുപാർശകളിൽപ്പെട്ട ഒരു പ്രശ്നത്തിലേക്കാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ പറഞ്ഞു, ഇൻഡ്യയിലെ എല്ലാ യൂണിവേഴ്സിറ്റികളിലും പൊതുവിൽ ഒരു പരീക്ഷാ സമ്പ്രദായം ഏർപ്പെടുത്തണമെന്ന്. അതിന് അനുസൃതമായി ഒരു പദ്ധതിയാവിഷ്ക്കരിക്കണം, ഒരു ഏകീകൃത നിയമം ഇൽഡ്യയിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടപ്പിലാക്കണം. അതിനുവേണ്ടി ഒരു മോഡൽ ആക്ടും യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ തയ്യാറാക്കി. ഇന്ന് നമ്മുടെ രാജ്യത്തെ പല സംസ്ഥാനങ്ങളിലും ഇവിടത്തെ കുട്ടികൾ പിന്നോട്ടുപോവുകയാണ്. സർ, പണ്ടൊക്കെ ഐ.എ.എസ്സിലും, ഐ. പി. എസിലും അതുപോലുള്ള മൽസരപ്പരീക്ഷകളിലും കേരളത്തിന് ന്യായമായ ഒരു സ്ഥാനമുണ്ടായിരുന്നു. ഇന്ന് കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെല്ലാം പിൻതള്ളപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിന്ന് പുറത്തുവരുന്ന വിദ്യാർത്ഥികൾ ഐ.എ.എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. പരീക്ഷകളിൽ കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ പരീക്ഷകളിലും പിൻതള്ളപ്പെടുന്നു. അവർക്ക് മെരിറ്റിൻെറ അടിസ്ഥാനത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത സ്ഥിതിവിശേഷം വന്നിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസത്തിൻെറ നിലവാരം അത്രത്തോളം മോശമായിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയുടെ ഒരു ഡിഗ്രി സർട്ടിഫിക്കറ്റുമായി പുറത്ത് ഇറങ്ങാൻ വയ്യ. മറ്റ് സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ചെന്ന് കേരള യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റാണെന്ന് പറഞ്ഞാൽ ആ നോക്കാരണംകൊണ്ട് ഉദ്യോഗം നിഷേധിക്കുന്ന സ്ഥിതിവിശേഷം ഈ രാജ്യത്ത് ആവിർഭവിച്ചിരിക്കുന്നു. മൽസര പരീക്ഷാഫലങ്ങളിലെല്ലാം കേരളത്തിൻെറ സ്ഥാനം പിന്നിലായിരിക്കുന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, അത് ഗുരുതരമായ ഒരു പ്രതിസന്ധിയെ നേരിടുകയാണ് എന്നുള്ള കാര്യം നാം വിസ്മരിക്കരുത്. ഈ ഗുരുതരമായ പ്രതിസന്ധി ഇന്നും ഇന്നലേയും ഉണ്ടായതല്ല. ഈ രാജ്യത്തെ ഭരണകർത്താക്കൾ അവരവരുടെ സ്വന്തം കാര്യം നേടുന്നതിനുവേണ്ടി കാലാകാലങ്ങളിൽ ഉന്നത വിദ്യാഭ്യാസരംഗം കയ്യടക്കിയതിൻെറ ഫലമായും ഏതാനും സ്ഥാപിത താല്പര്യക്കാരെ നിലനിർത്താൻവേണ്ടി പ്രവർത്തിച്ചതിൻെറയും ഫലമായിട്ടാണ് ഉന്നതവിദ്യാഭ്യാസ രംഗം ഇത്രയും താറുമാറായത്. ഉന്നത വിദ്യാഭ്യാസരംഗത്ത് നമ്മൾ കാണുന്നത്, കച്ചവട മനോഭാവമാണ്. വിദ്യാഭ്യാസ രംഗത്ത് വിലപറച്ചിലാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒരു വിദ്യാർത്ഥിക്ക് പഠിക്കുന്നതിന് അഡ്മിഷൻ കിട്ടണമെങ്കിൽ അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെ കൊടുക്കേണ്ട ഒരു സ്ഥിതിവിശേഷം ഈ രാജ്യത്തെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുണ്ട്. നമ്മൾ എല്ലാവരുംകൂടി പ്രതിനിധികളായിട്ടിരുന്ന് വളരെ ഗുരുതരമായി കൊച്ചിൻ യൂണിവേഴ്സിറ്റിയെക്കുറിച്ചും, സയൻസ് ആൻറ് ടെക്നോളജിയെക്കുറിച്ചും ചർച്ച ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ നമ്മുടെ രാജ്യത്ത് നടക്കുന്ന അത്യന്തം ഗുരുതരമായ ഈ സ്ഥിതി വിശേഷത്തിലേക്ക് കണ്ണോടിക്കാതിരിക്കാൻ നിവൃത്തിയില്ല. എല്ലാ സ്വകാര്യകോളേജുകളിലും ഇപ്പോൾ അഡ്മിഷന്റെ സമയമാണ്. മാനേജ്മെൻറ് കാറ്റഗറിക്കുവേണ്ടി ലേലം വിളിയാണ് നടക്കുന്നത്. ഏത് കോളേജിന്റെ കാര്യം എടുത്താലും ഒരു വിദ്യാർത്ഥിക്കും പൈസ കൊടുക്കാതെ കോളേജിൽ ചേരാൻ വയ്യാത്ത സാഹചര്യമാണ് ഉള്ളത്. ഈ കോളേജിലെ നിയമനങ്ങൾക്ക് ഫോർമുലയും റേഷ്യോയും ഒക്കെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നിയമനങ്ങൾ പൂർണ്ണമായും ഇന്നും സ്ഥാപിതതാല്പര്യക്കാർ കയ്യടക്കിവച്ചിരിക്കുകയാണ്.

സർ, പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് യാതൊരു പരിഗണനയും ഈ സ്വകാര്യമേഖലയിലുള്ള നിയമനങ്ങളിൽ ഇല്ലെന്നുള്ളത് ഒരു വസ്തുത യാണ്.

അതിനുവേണ്ടി നിയമിക്കപ്പെടുന്ന കമ്മിറ്റികളിൽ കളക്ടർ അടക്കമുള്ള ഉത്തരവാദപ്പെട്ട ആളുകൾപോലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിയമനം നടക്കുന്നയ വസരത്തിൽ ഒഴിഞ്ഞുമാറുകയാണ്. എല്ലാ സംവരണതത്വങ്ങളേയും ലംഘിച്ചു കൊണ്ട് ഇഷ്ടംപോലെ ലക്ചറർമാരെ നിയമിക്കുന്ന സ്ഥിതിവിശേഷമാണ് നടക്കുന്നത്. അതുതന്നെയാണ് ഈ നിയമത്തിലുമുള്ള വ്യവസ്ഥ. ഈ നിയമം നടപ്പിലായാൽ രാജ്യത്തെ പാവപ്പെട്ട പിന്നോക്കക്കാരനും അതുപോലുള്ള അവഗണിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും സയൻസ് ആൻറ് ടെക്നോളജി കോളേജുകളിലേക്കുള്ള നിയമനങ്ങളിൽ ഒരൊറ്റയെണ്ണംപോലും കിട്ടുക യില്ല. നിയമനങ്ങൾ മുഴുവൻ കൈയ്യടക്കിവയ്ക്കാനുള്ള സംവിധാനം ഇതിനകത്തുണ്ട്. നോമിനേഷൻ സമ്പ്രദായത്തിന്റെ മറ്റൊരു ലക്ഷ്യം അതാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരനും അതുപോലെതന്നെ പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും എല്ലാക്കാലവും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഒരു ബാലികേറാമലയായിരിക്കും. നോമിനേഷൻ സമ്പ്രദായമാണ് അതിനുള്ള കാരണം.

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം ഞങ്ങൾ ഒന്നര മണിക്കൂറോളം കേട്ട് ഉൽബുദ്ധരായിട്ടുണ്ട്. ഇനി ബഹുമാന പ്പെട്ട മറ്റ് മെമ്പർമാർക്ക് പ്രസംഗിക്കാൻവേണ്ടി ഒന്നു നിർത്തിത്തന്നാൽ വളരെ ഉപകാരമായിരിക്കും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, സീതിഹാജിയുടെ വാച്ച് ഒന്നു പരിശോധിക്കണം. ഞാൻ പറഞ്ഞുവന്നത് ഈ നിയമം നടപ്പിലാക്കിയാൽ സേവന-വേതന വ്യവസ്ഥകളിൽ യാതൊരു മാറ്റവും ഉണ്ടാവുകയില്ലെന്നാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സീതിഹാജിക്ക് സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി എന്ന വിഷയത്തെ സംബന്ധിച്ച് പ്രസംഗിക്കാൻ കഴിയാത്തതുകൊണ്ട് അതേപ്പറ്റി അറിയാവുന്നവർ ആരെങ്കിലും പ്രസംഗിക്കുന്നത് ഒന്നു കേൾക്കുകയെങ്കിലും ചെയ്തു അതുയും ഒരു ബോധം അക്കാര്യത്തിൽ ഉണ്ടാക്കിക്കൂടേ ?

ശ്രീ. പി. സീതിഹാജി : എനിക്ക് സയൻസ് ആൻഡ് ടെക്നോളജിയെപ്പറ്റിയൊന്നും അറിഞ്ഞുകൂടാ. പക്ഷേ അതിനെപ്പറ്റി അറിയാവുന്ന വർക്കല രാധാകൃഷ്ണൻ ആ ബില്ലിനെപ്പറ്റി ഒന്നും പറഞ്ഞില്ല. ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ സയൻസ് ആൻഡ് ടെക്നോളജിക്ക് പ്രത്യേകം കോളേജ് ഇല്ല. അതുകൊണ്ട് അവിടെ നിയമനങ്ങളുടെ പ്രശ്നം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയിൽ നിയമനമൊന്നും ഇല്ലേ ?

ശ്രീ. പി. സീതിഹാജി : ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രത്യേകം കോളേജ് ഇല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കോളേജ് അല്ല, ഈ സ്ഥാപനത്തിലെ നിയമനത്തെക്കുറിച്ച് പച്ചമരുന്നോ അങ്ങാടിമരുന്നോ എന്നറിയാതെ സീതിഹാജി അവിടെയിരുന്ന് ഇങ്ങനെ പറഞ്ഞാൽ കഷ്ടമല്ലേ? യൂണിവേഴ്സിറ്റികളുടെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഇന്ന് സർക്കാർ കൊടുക്കുന്ന ഗ്രാൻഡ് ആണ് ഒരു പ്രധാന സോഴ്സ് ഓഫ് ഇൻകം. അതുകൊണ്ടുമാത്രം മതിയാവുമോ ? ഈയടുത്തകാലത്ത് പത്രങ്ങളിൽ ഒരു വാർത്തയുണ്ടായിരുന്നു. കേരള യൂണിവേഴ്സിറ്റി കൊടുത്ത ഒരു ചെക്ക് വണ്ടിച്ചെക്കായി മാറിയെന്ന്. നിയമപ്രകാരം കേരള യൂണിവേഴ്സിറ്റി വൈസ്ചാർസലറുടേയോ ആ ചെക്ക് കൊടുത്ത ഉദ്യോഗസ്ഥന്റേയോ പേരിൽ കേസെടുക്കാം. ഇങ്ങനെ ഒരു പരിതാപകരമായ സ്ഥിതി വിശേഷം ഈയടുത്തകാലത്ത് ഉണ്ടായതാണ്. യൂണിവേഴ്സിറ്റിയിലെ ഒരു രജിസ്ട്രാർ കൊടുക്കുന്ന ചെക്ക് വണ്ടിച്ചെക്ക് ആയിമാറുക ഒരു പൈസപോലും അവരുടെ കൈയ്യിലില്ലാത്ത ഒരു സ്ഥിതിവിശേഷം സംജാതമാകുക, ഇതൊക്കെയാണ് നടന്നിട്ടുള്ളത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ യഥാസമയം അവർക്ക് ഗ്രാന്റ് കൊടുക്കുന്നില്ല.

ശ്രീ. വി. സി. കബീർ : സർ, മലബാറിലുള്ളവർക്ക് അറിഞ്ഞുകൂടാത്ത ഒരു കാര്യമാണ് ഞാൻ ചോദിക്കാൻ പോകുന്നത്. 'വണ്ടിച്ചെക്ക്' എന്നു പറഞ്ഞാൽ എന്താണ്. വണ്ടിയിൽ കൊണ്ട് പോകുന്ന ചെക്കാണോ? എന്താണ് അതെന്ന് ഒന്നു വിശദീകരിക്കാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : വണ്ടിചെക്കെന്നു പറഞ്ഞാൽ അക്കൗണ്ടിൽ പണമില്ലാതെ എഴുതിക്കൊടുക്കുന്ന ചെക്കാണ്. അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് സീതിഹാജി എഴുതി കൊടുത്താലും അത് വണ്ടിച്ചെക്കാകും. സീതിഹാജി ഒരു ചെക്ക് എഴുതി അത് വണ്ടിയായി എന്നാണ് അറിയുന്നത്. ഞാൻ പറഞ്ഞുവരുന്നത് നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം അവരുടെ സാമ്പത്തികഭദ്രത കൈവരുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഉണ്ടാകണമെന്നാണ്. കൊച്ചിൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം അതില്ല.

ശ്രീ. എ. സി. ജോസ് : സർ, എവിടെവരെ എത്തിയെന്ന് ഒന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം അതിലെ എക്സിക്യൂട്ടീവ് പവേഴ്സ് മുഴുവനും കൈകാര്യം ചെയ്യുന്നത് വൈസ്ചാൻസലറാണ്. വൈസ്ചാൻസലർ തെരഞ്ഞെടുക്കപ്പെടുന്ന ആൾ ആയിരിക്കണം. വൈസ്ചാൻസിലറെ ചാൻസിലർ നിയമിക്കാൻ പാടില്ല. അക്കാഡമിക്സിന്റെ ഒരു കൗൺസിൽകൂടി ആ കൗൺസിലിൽ നിന്ന് യോഗ്യതയുള്ള ഒരാളെ തെരഞ്ഞെടുക്കുന്ന ഒരു സംവിധാനമുണ്ടാകണം. ചാൻസിലർ എന്നു പറയുന്നത് ഗവർണ്ണർ ആണ്. ഗവർണ്ണർ എന്നു പറയുന്നത് റിട്ടയേർഡ് പൊളിറ്റീഷ്യൻ ആണ്. ആ റിട്ടയേർഡ് പൊളിറ്റീഷ്യൻ ഗവൺമെന്റിന്റെ സ്വാധീനത്തിന് വശംവദനായി പലപ്പോഴും പ്രവർത്തിക്കുന്ന അനുഭവം നമുക്കുണ്ടായി. ആന്ധ്രയിലും പശ്ചിമബംഗാളിലും അപ്രകാരം പ്രവർത്തിക്കുന്നത് നമ്മൾ കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ അങ്ങനെയുള്ള പരാമർശങ്ങളം ഒഴിവാക്കുകയാണു നല്ലത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഗവർണ്ണറെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം എഴുതി ഇവിടെ പ്രിന്റു ചെയ്തു തന്നിട്ടുണ്ട്. അതു വായിച്ചു നോക്കിയെങ്കിലല്ലേ അറിയാൻ പറ്റൂ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഗവർണ്ണർ റിട്ടയേർഡ് പൊളിറ്റീഷ്യനാണ് എന്ന് ഇതിൽ എഴുതിയിട്ടില്ല. ഗവർണ്ണർ എന്നേ എഴുതിയിട്ടുള്ളു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഗവർണ്ണർ എന്നു പറയുന്നത് റിട്ടയേർഡ് പൊളിറ്റീഷ്യനല്ലേ?

ശ്രീ. പി: സീതിഹാജി : ഗവർണ്ണർ റിട്ടയേർഡ് പൊളിറ്റീഷ്യനാണെന്നും അദ്ദേഹത്തെ സമ്മർദ്ദം ചെലുത്തി സ്വാധീനിക്കാൻ കഴിയും എന്നുമാണല്ലോ നിങ്ങൾ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായപ്പോൾ ആ ഗവണ്മെന്റിനെ പിന്താങ്ങിയ വർക്കല രാധാകൃഷ്ണൻ എം. എൽ. എ., വിദ്യാഭ്യാസ വകുപ്പുമന്ത്രി ബേബിജോൺ എന്നിവരുൾപ്പെടെയുള്ള ക്യാബിനറ്റ് കേരള സർവ്വകലാശാലയിലെ മറ്റു വൈസ്ചാൻസലറായി ഇന്നയാളെ റെക്കമെൻറ് ചെയ്യണമെന്നു പറഞ്ഞപ്പോൾ അന്നത്തെ ഗവണ്മെൻറ് പറഞ്ഞത് കൂട്ടാക്കാതെ ഗവർണ്ണർ സ്വന്തമായി ആലോചിച്ച് ഒരാളെ വൈസ്ചാൻസിലറായി നിശ്ചയിച്ച കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതാണ്, ഞാൻ പറഞ്ഞത് അതും രാഷ്ട്രീയമാണ്. ഇവിടെ ഗവർണ്ണർ എന്നു പറയുന്ന ആൾ കേന്ദ്രഗവൺമെൻറിന്റെ പ്രതിനിധിയായിട്ട് ഇരിക്കുമ്പോൾ ആ.....

ശ്രീ. എം. എം. ഹസ്സൻ : സർ, തമിഴ് നാട്ടിൽ മി. ഖുറാന എന്നു പറഞ്ഞ ഒരു ഗവർണ്ണർ ഉണ്ട്. അദ്ദേഹം റിട്ടയേർഡ് പൊളിറ്റീഷ്യനാണോ ? തമിഴ് നാട്ടിലും കർണ്ണാടകയിലുമൊക്കെ ഇരിക്കുന്ന ഗവർണ്ണർമാർ രാഷ്ട്രീയക്കാരാണോ ? അപ്പോൾ Retired Politician എന്നുള്ള ആ പ്രസ്താവന ശരിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : രാഷ്ട്രീയക്കാരാണ്.

മി. ചെയർമാൻ : ശ്രീ. വർക്കല രാധാകൃഷ്ണൻ ബില്ലിലേക്കു വരൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇപ്പോൾ ഗവർണ്ണറായിട്ട് വരാൻ പോകുന്നത് ആരൊക്കെയാണെന്ന് നിങ്ങൾക്കറിയാമല്ലോ ? മുൻ കേന്ദ്രമന്ത്രി വി. എൻ ഗാഡ്ഗിലിനെ ഗവർണ്ണറാക്കാൻ പോകുന്നു. കേന്ദ്രമന്ത്രിസഭാ പുനഃസംഘടനയിൽനിന്ന് പുറത്തായ ആളുകളെ എല്ലാം വീണ്ടും അക്കോമഡേറ്റ് ചെയ്യാനുള്ള ഒരു പോസ്റ്റാണ് ഗവർണ്ണർഷിപ്പ്.

ശ്രീ. എ. സി. ജോസ് : നിങ്ങൾ പറയുന്നത് ഒന്നോ രണ്ടോ പോരാ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. അതിൽ എന്തായാലും പൊളിറ്റിക്സ് ഉണ്ട്.

ശ്രീ. എം. എം. ഹസ്സൻ : വക്കീലൻമാരെല്ലാം കേസില്ലാത്തവരാണെന്നു പറഞ്ഞാൽ ആ കൂട്ടത്തിൽ ശ്രീ. വർക്കല രാധാകൃഷ്ണനും പെടുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : അതുപോലെ അല്ല. ഗവർണ്ണറുടെ കൂട്ടത്തിൽ രാഷ്ട്രീയ പരിഗണനവച്ചാണ് നിയമനം നടത്തുന്നത്. മുമ്പ് കേന്ദ്രമന്ത്രിമാരായിരുന്നവരാണ ഇപ്പോൾ ഗവർണ്ണർമാരാകുന്നത്. കഴിഞ്ഞ മന്ത്രിസഭ പുന: സംഘടനയിൽ പുറത്തായ പലരെയും ഇപ്പോൾ ഗവർണ്ണർമാരായി നിയമിക്കാൻ പോകുന്നു. ഇപ്പോൾ ഹരിയാന, ആന്ധ്രാപ്രദേശത്തും പല സ്ഥലത്തും മുൻകേന്ദ്രമന്ത്രിമാരായിരുന്നവരെ ഗവർണ്ണർമാരാക്കാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ : അങ്ങാണോ ഗവർണ്ണർമാരെ നിയമിക്കുന്നത്? മെമ്പർ പറയുന്നതു കേട്ടാൽതോന്നും നിങ്ങളും രാജീവ്ഗാന്ധിയും കൂടി ആലോചിച്ചാണ് ഇതൊക്കെ ചെയ്യുന്നതെന്ന്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇതൊക്കെ പത്രത്തിൽ വന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, കേരള മുഖ്യമന്ത്രി കെ. കരുണാകരനെയും ഒരു ഗവർണ്ണറാക്കി മാറ്റി ഇവിടെ നിന്നും ഓടിക്കാൻ ആൻറണി കോൺഗ്രസ് ശ്രമിക്കുന്ന വിവരം നിങ്ങൾക്കറിയാമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അല്ല, കെ. കരുണാകരന് വേറെ പോസ്റ്റാണ് ഉദ്ദേശിച്ചിരിക്കുന്നത്. കമലാപതി ത്രിപാഠിയുടെ സ്ഥാനത്തേക്കാണ് നമ്മുടെ മുഖ്യമന്ത്രിയെ തീരുമാനിച്ചിരിക്കുന്നതെന്ന ഒരു വാർത്ത കണ്ടു. അത് ശരിയാണോയെന്ന് എനിക്കറിഞ്ഞുകൂടാ ?

ശ്രീ. എം. കെ. കേശവൻ : സർ, ബഹുമാന്യനായ കമലാപതി ത്രിപാഠിയെ 'ഗംഗാ'- അതോറിറ്റിയുടേയോ അല്ലെങ്കിൽ മറ്റെതെങ്കിലും തിന്റെ ചെയർമാനായി പോസ്റ്റ് ചെയ്യാൻ ശ്രമിച്ചപ്പോൾ അദ്ദേഹം അത് നിരാകരിക്കുകയും അങ്ങനെ ഒഴിഞ്ഞുകിടക്കുന്ന ആ പോസ്റ്റിലേക്കാണ് കേരളത്തിലെ മുഖ്യമന്ത്രിയെ നിയമിക്കാൻ പോകുന്നതെന്ന് ഒരു കിംവദന്തിയുണ്ട്. അതു കേട്ടിട്ടുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറയുന്നത് എവിടെയെല്ലാം കുഴഞ്ഞു കിടപ്പുണ്ടോ ആ കുഴഞ്ഞ സ്ഥലത്തെല്ലാം ശ്രീ. കെ. കരുണാകരനെയാണു പറഞ്ഞിയത് എന്നാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടാണ് ഗവർണ്ണർമാരെ നിയമിക്കുന്നതെന്നാണ് പറയുന്നത്. രാഷ്ട്രീയ പരിഗണനയൊന്നുമില്ലെങ്കിൽ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഗവർണ്ണറാകാൻ തയ്യാറാണോ ? എങ്കിൽ അങ്ങേക്ക് അതേപ്പറ്റി ആലോചിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അക്കാര്യം വരുമ്പോൾ ആലോചിക്കാം. ഇപ്പോൾ വേണ്ട. എന്റെ അഭിപ്രായത്തിൽ കേന്ദ്രത്തിൽ പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതുപോലെ ഗവർണ്ണർമാരേയും തെരഞ്ഞെടുക്കപ്പെടണം. ഈ നിയമത്തിലുള്ള മറ്റാരു പോരായ്മ അധികാരങ്ങളെല്ലാം കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇത് വികേന്ദ്രീകരിക്കണം. ഇന്നത്തെ ഈ അധികാരങ്ങളും മുഴുവൻ ഫലത്തിൽ ഗവൺമെൻറിലാണ് കോൺസൻട്രേറ്റ് ചെയ്തിരിക്കുന്നത്. ഗവൺമെൻറ് നോമിനേറ്റ് ചെയ്യുന്ന ഒരു ബോഡ്ഡിയിലാണ് ഈ അധികാരങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, യൂണിവേഴ്സിറ്റിയുടെ അട്ടോണമിയെ പരിപൂർണ്ണമായും നിഷേധിക്കുന്ന ഒരു സമീപനമാണ് ഈ ഓർഡിനൻസിലുള്ളത്. അതുകൊണ്ട് അതൊരു സമീതികരിക്കണം. പൂർണ്ണമായ സ്വയംഭരണാവകാശം നൽകണം. നമ്മുടെ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഉന്നതമായ നിർദ്ദേശങ്ങളും വളർത്തിയെടുക്കുന്നതിനും മനുഷ്യന്റെ കഴിവുകളും വികസിപ്പിച്ച് എടുക്കുന്നതിനും വേണ്ടിയാണ് യൂണിവേഴ്സിറ്റികളും നിലക്കൊള്ളുന്നത്. അവിടെ കൂച്ചുവിലങ്ങ് ഇട്ടുകൂടാ ? വിവിധ സമിതികളും മറ്റ് പ്രത്യേകമായ സ്വാതന്ത്ര്യം ഗവൺമെന്റ് അനുവദിക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തണം. കോൺസൻട്രേഷൻ ഓഫ് പവർ—എന്നുള്ളത് ഒഴിവാക്കണം. യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽ അടിമുടി ഡീസെൻട്രലൈസേഷൻ വരണം. ഇന്ന് അധികാരങ്ങളും മുഴുവനും ഒരൊറ്റ ബിന്ദുവിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. അതാണ് ഈ നിയമത്തിലുള്ള മറ്റൊരു വലിയ പോരായ്മയായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. മറ്റൊന്ന് ഈ വൈസ് ചാൻസിലർമാർക്ക് ഇന്നുള്ള അധികാരങ്ങളെക്കുറിച്ചാണ്. ഈ നിയമത്തിൽ കൊടുത്തിരിക്കുന്ന അധികാരങ്ങളും ഒരു 'കുട്ടി ഹിറ്റ്ലറെ' സൃഷ്ടിക്കാൻ മാത്രമേ ഉപകരിക്കൂ. വളർന്നുവികസിക്കുന്ന ഒരു യൂണിവേഴ്സിറ്റിയുടെ സർവ്വതോമുഖമായ പുരോഗതിക്ക് സഹായകമല്ല, ഇന്നത്തെ നിയമത്തിലെ വ്യവസ്ഥകളും. ഇന്ന് വൈസ് ചാൻസിലർമാർക്ക് കൊടുത്തിരിക്കുന്ന അധികാരം ഉപയോഗിച്ച് അദ്ദേഹത്തിന് എന്തുംചെയ്യാം. ഗവൺമെന്റിന്റെ ആനുകൂല്യത്തോടുകൂടി യൂണിവേഴ്സിറ്റിയുടെ മുഴുവൻ ഭരണവും കൈയ്യടക്കിവയ്ക്കാൻ ഈ നിയമപ്രകാരം വൈസ് ചാൻസിലർമാർക്ക് അധികാരം കിട്ടുന്നു. കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളിൽ ഇല്ലാത്തതാണിത്. അത് ഒഴിവാക്കണം. അക്കാഡമിക് കൗൺസിലിന് അധികാരം കൊടുക്കണം. സെനറ്റിന് അധികാരം കൊടുക്കണം. സിൻഡിക്കേറ്റിന് അധികാരം കൊടുക്കണം. എല്ലാ അധികാരങ്ങളും വൈസ് ചാൻസിലറിൽ കേന്ദ്രീകരിക്കുന്ന ഇന്നത്തെ സംവിധാനം മാറണം. അത് മാറിയിട്ട് 'decentralisation of Powers' അതായത് അധികാര വികേന്ദ്രീകരണം തത്വത്തിൽ പൂർണ്ണമായും അംഗീകരിച്ച് ഈ നിയമത്തിൽവേണ്ട ഭേദഗതികളും വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്കീയവസരത്തിൽ പറയുവാനുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബ്ലോക്ക് വികസന സമിതികളും അതുപോലെ ഇലക്റ്റഡ് കൺസ്ട്രക്റ്റീവ് കമ്മിറ്റി, തുടങ്ങിയ സകല തെരഞ്ഞെടുക്കപ്പെട്ട സമിതികളും പിരിച്ചുവിടുകയെന്നുള്ള ഒരു സ്വഭാവം ഉൾക്കൊള്ളുന്ന ഈ ഗവൺമെന്റിൽനിന്നും എന്തെങ്കിലും ജനാധിപത്യപരമായ പ്രക്രിയ അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : അത് പ്രതീക്ഷിക്കുന്നില്ല എന്നു മാത്രമല്ല, അത് നടപ്പിലാക്കാൻ സാദ്ധ്യതയില്ലെന്നും വിശ്വാസിക്കുക കൂടി ചെയ്യുന്നുണ്ട്, എന്തുകൊണ്ടെന്നാൽ ജനാധിപത്യപ്രക്രിയയെ നിങ്ങൾ അവിശ്വസിക്കുന്നു. 'let hundreds of flowers bloss' എന്നതാണ് യൂണിവേഴ്സിറ്റിയുടെ തത്വം. നൂറു പുഷ്പങ്ങളും വിടരട്ടെ. അപ്രകാരമുള്ള ഒരു സമീപനം നമ്മളും അംഗീകരിക്കണം. അതിൻപ്രകാരം ഈ സമിതികളെല്ലാം ജനാധിപത്യപരമായി പ്രവർത്തിച്ചുപോയാൽ എന്തോ അപകടം പതിയിരിക്കുന്നുവെന്നുള്ള മിഥ്യയായ ഒരു ധാരണയാണ് ഇവർക്കുള്ളത്. mis-trust of Democratic process അത്. നമുക്ക് ഗുണകരമായിരിക്കുകയില്ല.

ശ്രീ. വി. ദിനകരൻ : അങ്ങ് ഇവിടെ സംസാരിച്ച. അവസരത്തിൽ യൂണിവേഴ്സിറ്റിയുടെ ബ്യൂറോക്രസിയെ സംബന്ധിച്ച് വിമർശിച്ചുകൊണ്ട് സംസാരിച്ചു. ജനാധിപത്യസ്വഭാവം നിലനിറുത്തികൊണ്ട് പോകു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ലെന്നും വിമർശിച്ചു. അങ്ങ് ഏതിനെയാണ്, അനുകൂലിക്കുന്നത്? ബ്യൂറോക്രസിയെ അനുകൂലിക്കുന്നുണ്ടോ അതോ ജനാധിപത്യ സ്വഭാവത്തെ അനുകൂലിക്കുന്നുണ്ടോ? എന്താണെന്ന് ഞങ്ങൾക്ക് വ്യക്തമല്ല. അത് ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ദിനകരൻ കാര്യം മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. നിങ്ങൾ ഇപ്പോഴും അമ്പലപ്പുഴ കടൽപ്പുറത്ത് നിൽക്കുന്ന സ്ഥിതിയിലാണ് സംസാരിക്കുന്നത്. നിങ്ങൾ ഓക്കെ ചിന്തിക്കണം. നിങ്ങൾ അവിടെ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ഇതൊക്കെ പറയാം. കേരള നിയമസഭയിൽ വരുമ്പോൾ.....

ശ്രീ. വി. ദിനകരൻ: അങ്ങ് മാർക്സിസ്റ്റു ബഞ്ചിൽ അൽപ്പം വിവരമുള്ള ആളാണെന്നാണ് ഞാൻ ധരിക്കുന്നത്. അങ്ങയെപ്പോലുള്ള വർ ഇന്ന് അപ്പുറത്തിരിക്കുന്നതുകൊണ്ടാണോ ഇങ്ങനെ പറയുന്നതെന്ന് പുനർവിചിന്തനം കൂടി. എന്തായാലും അപ്പുറത്തിരിക്കുന്നതിൽ അൽപ്പം വിവരമുള്ള ആളാണ് അങ്ങ്. അങ്ങനെയുള്ള അങ്ങയെപ്പോലുള്ള ാളോട് വിവരമറിയാനായി ഒരു കാര്യം ചോദിക്കുമ്പോൾ വിവരദോഷികളെപ്പോലെ അതിൽ പ്രതികരിക്കുന്നത് ജനാധിപത്യസ്വഭാവത്തിനും ഇപ്പോഴത്തെ ഈ സാഹചര്യത്തിലും ഭൂഷണമല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അല്ല എന്തായാലും ദിനകരനോടുള്ള എല്ലാ ബഹുമാനങ്ങളോടും കൂടിത്തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ ഇവിടെ പറഞ്ഞുവന്നത് പൂർവ്വാപരവിരുദ്ധമായിട്ടല്ല. ജനാധിപത്യപരമായ സംവിധാനത്തിന് ആവശ്യമായ നടപടികൾ നിയമത്തിൽ വരുത്തണമെന്നാണ്. ബ്യൂറോക്രസിയെ ഞങ്ങൾ നഖശിഖാന്തം എതിർക്കുന്നു. അധികാര കേന്ദ്രീകരണത്തെ എതിർക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഈ സഭയിലെ ബഹുമാനപ്പെട്ട ഒരംഗം ഭരണപക്ഷത്തിന്റെ പ്രതിനിധിയ്ക്ക് മറുപടി പറയുമ്പോൾ അങ്ങ് കടപ്പുറത്തുനിന്നും വന്നതാണെന്നും മറ്റും താഴ്ത്തിപ്പറയുന്നത് ഓർഡറിലാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഏതായാലും കുട്ട്യാലി എനിക്കത് പറഞ്ഞുതന്നതിൽ സന്തോഷം. ഞാൻ ദിനകരനുമായി വളരെ അടുത്ത ബന്ധമുള്ള ആളാണ്. നിങ്ങൾ അതിൽ വിഷമിക്കേണ്ടാ. നമ്മൾ കടപ്പുറത്തായിരിക്കുമ്പോൾ ശരീരത്തിന് കൂടുതൽ ചൂടുപിടിക്കും. അതുകൊണ്ട് ചിലപ്പോൾ എല്ലാ കാര്യങ്ങളും ഒരേസമയം ഓർമ്മിക്കാൻ കഴിഞ്ഞുവെന്ന് വരില്ല എന്നാണ്. ഞാനും കടപ്പുറത്തുള്ളവനാണ്.

ശ്രീ. എം. എം. ഹസ്സൻ: അത് ഈ ബില്ലിന്റെ ചർച്ചയിൽനിന്നും മനസിലായി. കടപ്പുറത്തുനിന്നാണ് വരുന്നതെന്ന്.

ശ്രീ. വർക്കല രാധകൃഷ്ണൻ: ഓഹോ ഹസ്സനും കടൽപ്പുറത്തുനിന്നാണ് വരുന്നത്, അല്ലേ?

ശ്രീ. വി. ദിനകരൻ: സർ, അദ്ദേഹം സംസാരിച്ച അവസരത്തിൽ അദ്ദേഹം കടൽപ്പുറത്തുനിന്നും വരുന്നുവെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നും ഒരു കാര്യം ബോദ്ധ്യമായി, ഈ കടൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പുറത്തു നിന്നും വരുന്നവരെല്ലാം വിവരമില്ലാത്തവരാണെന്നുള്ള തെറ്റായ ധാരണ ഈ സഭയ്ക്ക് അഭിമാനം കൊടുത്തിട്ടുണ്ട്. അത് ഒന്നു തിരുത്തുവാൻ വിവരമുള്ള അങ്ങ് തയ്യാറാകുമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : കടൽപ്പുറത്തു നിന്നു വരുന്നവർ ബുദ്ധിമാൻമാരാണെന്നുള്ളതിന് തെളിവാണല്ലോ ദിനകരൻ.....

ശ്രീ. എ. സി. ജോസ് : സർ, ശ്രീ. വർക്കല രാധാകൃഷ്ണന്റെ പേര് കടൽപ്പുറം രാധാകൃഷ്ണനെന്ന് ആക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഏതായാലും കടപ്പുറം രാധാകൃഷ്ണൻ എന്നാക്കുന്നതിൽ വിരോധമില്ല. എന്നാലും കാസ്റ്റിംഗ് ജോസ് ആകുകയില്ല. സർ, ഞാൻ പറഞ്ഞുവന്നത് ജനാധിപത്യപ്രക്രിയയിൽ വിശ്വാസം ഉറപ്പിക്കണം എന്നാണ്. അതുപോലെതന്നെ മറ്റൊരു കാര്യം—നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദിശേഷയ്യാ കമ്മീഷനെ സ്ഥാനത്തും അസ്ഥാനത്തുമൊക്കെ ഉദ്ധരിക്കാറുണ്ട്. എന്നാൽ ആദിശേഷയ്യക്കമ്മീഷൻ യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷന്റെ ശുപാർശക്ക് എതിരാണ്. ആദിശേഷയ്യക്കമ്മീഷൻ പറയുന്നത് നിയമസഭയിൽ യൂണിവേഴ്സിറ്റിയുടെ കാര്യം ചർച്ച ചെയ്യാൻ പാടില്ലെന്നാണ്. യൂണിവേഴ്സിറ്റിയുടെ കാര്യമെല്ലാം യൂണിവേഴ്സിറ്റിയുടെ ഭിത്തികൾക്കുള്ളിൽ അതിനെക്കുറിച്ച് വിവരമുള്ള ആളുകൾ അക്കാഡമിക് കൗൺസിലിൽ ഇരുന്നുകൊണ്ട് ചർച്ച ചെയ്യണമെന്നാണ് ആദിശേഷയ്യക്കമ്മീഷൻ പറയുന്നത്. യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻ പറയുന്നത് ഈ ചർച്ചകളെല്ലാം നിയമസഭയിൽ നടക്കണമെന്നാണ്. ഇതിൽ ഏത് നിലപാടാണ് നമ്മുടെ മന്ത്രി സ്വീകരിച്ചിരിക്കുന്നത് ? ആദിശേഷയ്യക്കമ്മീഷന്റെ ശുപാർശയെ നിങ്ങൾ അംഗീകരിക്കുന്നോ അതല്ല, യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷന്റെ ശുപാർശകളെയാണോ അംഗീകരിക്കുന്നത് ? ഉന്നതവിദ്യാഭ്യാസരംഗത്തെ ഇന്നത്തെ സ്ഥിതിയെന്താണ് ? എന്താണ് ഇന്നത്തെ പരീക്ഷാസമ്പ്രദായത്തിന്റെ സ്ഥിതി ?

ശ്രീ. ടി. എസ്. ജോൺ : കഴിഞ്ഞദിവസം ഞാൻ ബില്ലിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. വർക്കല പറഞ്ഞു, ഞാൻ കൂടുതൽ സംസാരിക്കുന്നുവെന്ന്. ഇപ്പോൾ ഇവിടെ ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാതെ കാടുംപടപ്പും കയറി സംസാരിക്കുന്നത് ശരിയാണോ സർ ?

.....,(സഭയിൽ ചിരി).....

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ ബില്ലിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഇത് ബില്ലിന്റെ ബാക്ക്ഗ്രൗണ്ടാണ് മെറിറ്റോറിയൽസ് ആണ്.

As the Adiseshaiah Commission noted : "The older generation perhaps looks back to an earlier day when ths Senate was a forum for the leaders of the Professions and other representatives of the public to discuss with the members of the academic community matters relating to the affairs of the University". എന്നാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്. അപ്പോൾ പിന്നെ വായിക്കാതെ എന്തുചെയ്യും. ശ്രീ. ടി. എസ്. ജോൺ ഇപ്പോൾ ബർലിനിൽ ലോക മലയാള സമ്മേളനത്തിന് പോയി ആകെ തണുപ്പടിച്ചു യാതൊരു പ്രവർത്തനവുമില്ലാത്ത നിലയിൽ ആയിട്ടുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ട് ആണല്ലോ ഇവിടെ വന്നിരുന്ന് ഈ അഭിപ്രായങ്ങൾ ഒക്കെ തട്ടുന്നത്.....

LIBRARY ARCHIVES Kerala Legislative Assembly

The Government of Kerala has been swearing on the reports of Education Commissions like the Kothari Commission in defence of its educational reforms.

The present reform of the Cochin University is not based on any of the recommendations of this Commission. In fact, the reform violates most of its recommendations regarding university management. യൂണിവേഴ്സിറ്റി ഇങ്ങനെ നടത്തണമെന്നുള്ളതിനെ സംബന്ധിച്ചുള്ള റെക്കമെൻഡേഷൻസ് ഒന്നും ഈ ബില്ലിൽ ചേർത്തിട്ടില്ല. ആ റെക്കമെൻഡേഷന്റെ അടിസ്ഥാനത്തിലല്ല ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ നിയമത്തിന് സ്വീകാര്യമായ നിലയിൽ യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷന്റെ ശുപാർശയും കോത്താരി കമ്മീഷന്റെ ശുപാർശയും, അതു നമ്മുടെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന് എത്രമാത്രം പ്രായോഗികമാണെന്ന് മനസ്സിലാക്കി, അതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ടു കമ്മീഷന്റെയും ശുപാർശകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ നിയമം അടിമുടി ഭേദഗതി ചെയ്യണമെന്നും അതിന് ആവശ്യമായ ഭേദഗതികളും സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളുടെ ഭാവി ഭാസുരമാക്കാൻ, ഇവിടത്തെ ഉന്നതവിദ്യാഭ്യാസരംഗത്തെ ഉയർന്നനിലവാരത്തിലേക്ക് എത്തിക്കുവാൻ സഹായകമായ നിലയിൽ ഈ നിയമം പുനർനിർണ്ണയിക്കണമെന്നുമാണ് എനിക്ക് പറയുവാനുള്ളത്. അതുകൊണ്ട് ഈ ബിൽ ഇപ്പോഴത്തെ നിലയിൽ പാസാക്കരുത്. ഇത് കൂടുതൽ കൂലങ്കഷമായ ചർച്ചക്കുവേണ്ടി പൊതുജനാഭിപ്രായത്തിന് അയയ്ക്കണം എന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ബില്ലിന്റെ തത്വങ്ങളോട് യോജിക്കുകയാണെങ്കിലും അതേസമയം ഈ ബില്ലിന്റെ വ്യവസ്ഥകളോട് വിയോജിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബില്ലിന് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

This House resolves to disapprove the Cochin University of Science and Technology Ordinance, 1986 (Ordinance 48 of 1986).

ശ്രീ. പി. സീതി ഹാജി : സർ, ജനതാ പാർട്ടിക്കാർ ഇതൊക്കെ മലയാളമാക്കണമെന്ന് പറഞ്ഞിട്ട് ഈ അമെൻറുമെൻറ് മലയാളത്തിൽ എഴുതി കൊടുത്തുകൂടെ.

ശ്രീ. എസ്. ആർ. തങ്കരാജ് : ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ല് സഭയിൽ അവതരിപ്പിച്ചു കൊണ്ട് നടത്തിയ പ്രസ്താവന കേട്ടപ്പോൾ ഇപ്രകാരം ഒരു ഓർഡിനൻസ് അനവസരത്തിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നോ എന്ന് ഞാൻ സംശയിച്ചുപോയി. ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഇപ്രകാരം ഒരു ബില്ല് ഓർഡിനൻസായി അവതരിപ്പിച്ചില്ലായെങ്കിൽ എന്തു നഷ്ടം സംഭവിക്കുമായിരുന്നു എന്നോ ഇപ്രകാരം ഒന്ന് അവതരിപ്പിച്ചതുകൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്താണെന്നോ പറയേണ്ട ഒരു ബാദ്ധ്യത ഉണ്ടായിരുന്നു. ഈ ബില്ലിനെ ഓർഡിനൻസായി അവതരിപ്പിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട രേണുകക്ഷി അംഗം ശ്രീ. മുഹമ്മദാലി (1986 മാർച്ച് 9-ാം തീയതി പുന്നാണ് എന്റെ ഓർമ്മ) ഒരു സബ്മിഷനിലൂടെ ഇതിന്റെ ജനാധിപത്യ സ്വഭാവമില്ലായ്മയെക്കുറിച്ചും ഇത് നടപ്പിൽ വരുത്തുന്നതുകൊണ്ട് ഉണ്ടാകാവുന്ന ദോഷഫലങ്ങളെക്കുറിച്ചും പരാമർശിച്ച് സംസാരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. അന്ന് ആ സബ്മിഷനു മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിനു കാര്യമായ മാറ്റങ്ങൾ വരുത്തുമെന്നും ഇതിനു ജനാധിപത്യ സ്വഭാവം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതൊക്കെ പരിഹരിക്കുമെന്നുമൊക്കെ ഈ സഭയിൽ ഉറപ്പു പറഞ്ഞതാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം 1971-ൽ പാസ്സാക്കിയ കൊച്ചിൻ യൂണിവേഴ്സിറ്റി നിയമം നിലവിലുണ്ടായിരുന്നു. ആ നിലവിലുണ്ടായിരുന്ന നിയമത്തിൽ ചില വാക്കുകൾക്ക് മാത്രം ഭേദഗതി വരുത്തിക്കൊണ്ട് കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഇതുപോലെ ശാസ്ത്ര—സാങ്കേതിക ശാസ്ത്ര യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിന് എന്ത് പ്രത്യേക ആവശ്യമുണ്ടായി എന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയണമായിരുന്നു. ഈ രാജ്യത്ത് ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പുരോഗതി ഉണ്ടാകണമെന്ന് ആഗ്രഹമുള്ളവരാണ് ഈ രാജ്യത്തുള്ള മുഴുവൻ ആളുകളും. എല്ലാ കാലത്തും ശാസ്ത്ര സാങ്കേതിക രംഗങ്ങൾക്ക് അയൽ രാജ്യങ്ങളുടേയോ വിദേശരാജ്യങ്ങളുടേയോ പിന്നാലെ പോകേണ്ട ആവശ്യമില്ലെന്നും നമ്മുടെ രാജ്യത്ത് ആ രംഗത്ത് കാര്യമായപുരോഗതിയും സാങ്കേതിക പരിജ്ഞാനവും ഉണ്ടാകണമെന്ന് ആഗ്രഹമുള്ള ആളുകളുള്ള ഈ രാജ്യത്തു ഇത്രയും ജന വിരുദ്ധമായ ഒരു നിയമം, കൊണ്ടു വരേണ്ടായിരുന്നു. സാധാരണ ഒരു യൂണിവേഴ്സിറ്റി എന്നു കേൾക്കുമ്പോൾ അതിന്റെ ആട്ടോണമിയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നവരാണ് അപ്പുറത്തുള്ള പലരും. ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച പല ബഹുമാനപ്പെട്ട അംഗങ്ങളും 17 ഭരണസമിതി അംഗങ്ങളിൽ 14 എണ്ണത്തിന്റെയും നോമിനേഷനെക്കുറിച്ച് പറഞ്ഞു. ഇതു മുഴുവൻ വായിച്ചു നോക്കിയാൽ പതിനേഴു ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നോമിനേഷനിലൂടെ ഭരണസമിതിയിലേക്ക് കടന്നു വരുന്ന ആളുകളാണ്. ഇതിനു ഒരു പ്രോ-ചാൻസിലറുണ്ട്. ഈ പ്രോ-ചാൻസിലർ ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന രീതി അനുസരിച്ച് വിദ്യാഭ്യാസ മന്ത്രിയാണ്. ചാൻസിലർക്കു വേണ്ടി സകല അധികാരങ്ങളും കൈകാര്യം ചെയ്യുന്നത് ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല് അനുസരിച്ച് വിദ്യാഭ്യാസമന്ത്രിയാണ്. പ്രോ-ചാൻസിലർ എന്നുള്ള നിലയിൽ വിദ്യാഭ്യാസമന്ത്രി എന്തും സ്വയം കൈകാര്യം ചെയ്യുന്നതിനുവേണ്ടി അദ്ദേഹം ഒരു യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് ഈ രംഗത്ത് എന്തെങ്കിലും ആശാവഹമായ പുരോഗതി ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന് വിശ്വസിക്കാൻ യാതൊരു നിവൃത്തിയുമില്ല. ഇവിടെ നാലു പോസ്റ്റുകൾക്ക് മാത്രമാണ് ഗസറ്റിൽ പരസ്യം ചെയ്തു ആളിനെ എടുക്കണമെന്ന് പറഞ്ഞിട്ടുള്ളത്. ബാക്കിയുള്ളതെല്ലാം Creation of post-നു വരെ അധികാരം കൊടുത്തിരിക്കുന്നു. അതിന്റെ പരമാധികാരി പ്രോ-ചാൻസിലർ എന്നുള്ള നിലയിൽ വിദ്യാഭ്യാസമന്ത്രിയാണ്. ഇവിടെ ഈയടുത്തകാലത്ത് അടിയന്തിരസ്വഭാവം ഉണ്ടായതു Anti Defection Bill അവതരിപ്പിച്ചപ്പോഴാണ്. കേന്ദ്രത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്നുണ്ടായ തെരഞ്ഞെടുപ്പിൽ മൃഗീയമായ ഭൂരിപക്ഷത്തോടുകൂടി ശ്രീ. രാജീവ് ഗാന്ധി അധികാരത്തിൽവന്നു. കഴിഞ്ഞപ്പോഴേ തന്റെ കൂടെയുള്ള എം. പി. മാരെ നിലനിറുത്തണമെന്നുണ്ടെങ്കിൽ Anti Defection Bill കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നു. അല്ലെങ്കിൽ അദ്ദേഹത്തിന്റെ കരങ്ങളിൽ ഒതുങ്ങാതെ തന്നോടൊപ്പം നിന്നു വിജയിച്ച എം. പി. മാരെ തനിക്ക് കൈനഷ്ടം വരും എന്നുള്ള സ്ഥിതിവിശേഷം വന്നപ്പോഴേപോലും ഒരു ഓർഡിനൻസ് കൊണ്ടുവരാതെ നിയമനിർമ്മാണത്തിലൂടെ ആന്റി ഡിഫെക്ഷൻ ബില്ല് കൊണ്ടുവരുന്നതിനുള്ള ഒരു നല്ല മാർഗ്ഗം കേന്ദ്രത്തിൽ ശ്രീ. രാജീവ് ഗാന്ധി കാണിച്ചു. ഇവിടെ ഈ മന്ത്രിസഭയിൽ ആഭ്യ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെയാണെങ്കിലും ഒരു കാരണം പറഞ്ഞുകൊണ്ട്, ഒരു ഊരാക്കുടുക്ക്. ന്യായം പറഞ്ഞ് നമ്മുടെ മുൻജലസേചന വകുപ്പുമന്ത്രി ശ്രീ. എം. പി. ഗംഗാധരൻ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ ഓർഡിനൻസ് കൊണ്ടുവന്നു. അതിന് അദ്ദേഹം ഒരു ന്യായീകരണം ഇവിടെ പറഞ്ഞു. ഈ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ പി. എച്ച്. ഇ. ഡി. എന്ന നിലയിൽ നമ്മുടെ സംസ്ഥാനരേണത്തിൻറെ ഒരു ഉപവകുപ്പായി കഴിയുന്നിടത്തോളം കാലം വിദേശ രാജ്യങ്ങളിൽനിന്നോ അല്ലെങ്കിൽ വേൾഡ് ബാങ്കിൻറെയോ സഹായം നമ്മുടെ ശുദ്ധജലവിതരണ രംഗത്തേക്ക് ലഭിക്കുന്നതിന് സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്നു. അതു പോലെ തന്നെ മുൻഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആയിരുന്നാലും അധികാരത്തിൽ ഇരുന്നപ്പോഴും ഇങ്ങനെ ഒരു നിയമം കൊണ്ടു വരുന്നതിന് കാര്യമായി ആലോചിക്കുകയും അതിന് രൂപം കൊടുക്കുകയും ചെയ്തിരുന്നു. കഴിയുന്നതുംവേഗം ഇതുപോലെ ഓർഡിനൻസിലൂടെ എങ്കിലും ഒരു നിയമം ഈ രാജ്യത്ത് കൊണ്ടുവന്നില്ലെങ്കിൽ ഇവിടെ ശുദ്ധജലവിതരണ രംഗത്ത് ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സാദ്ധ്യമല്ല. കൂടി വെള്ളം ലഭ്യമാക്കാതിരിക്കുന്ന ഒരു സാഹചര്യത്തിൽ വിദേശ രാജ്യങ്ങളുടേയോ വേൾഡ് ബാങ്കിൻറെയോ സഹായം കിട്ടാതെ പോകും. എന്തെല്ലാം കാരണം പറയുകയുണ്ടായി. ഈ നിയമം ഓർഡിനൻസായി കൊണ്ടുവന്നപ്പോഴും അങ്ങനെ എന്തെങ്കിലും ഒരു പ്രത്യേക സാഹചര്യം ഈ രാജ്യത്ത് നിലവിലുള്ളതായി അദ്ദേഹം അവതരിപ്പിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതിനെ പരാമർശിച്ചു കൊണ്ട് പ്രസംഗിച്ചപ്പോഴും പറയുകയുണ്ടായില്ല അടിമുടി അഴിമതി നടത്തണമെന്നു ആഗ്രഹമുള്ളതുകൊണ്ടാണ്. ഇതുപോലെ ഉള്ള ഒരു നിയമം ഇവിടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇന്നുതന്നെ അൽപ്പസ്വൽപ്പം സ്വയംഭരണാവകാശം നിലവിരിക്കുന്ന കോളേജുകളിലായാലും ശരി യൂണിവേഴ്സിറ്റിയിലായാലും ശരി ഇവിടെ നടക്കുന്ന ട്രാൻസ്ഫറുകളെക്കുറിച്ച് അഴിമതികൂടാതെ അങ്ങാടി പാട്ടാണ്. മന്ത്രിമാരുടെ പിന്നിൽ ആരൊക്കെയാണ് പ്രവർത്തിക്കുന്നത് എന്ന് എനിക്ക് പറയാൻ നിർവാഹമില്ല. പക്ഷേ അറിഞ്ഞോ അറിയാതെയോ ഒരു ട്രാൻസ്ഫർ വേണമെങ്കിൽ ഇന്ന് 10,000 രൂപയിൽകൂടുതൽ ചെലവു ചെയ്യണമെന്നാണ് പറയപ്പെടുന്നത്. ഇതുപോലുള്ള ആരോപണങ്ങളും ഈ രാജ്യത്ത് മുഴുവൻ നിലനിൽക്കുന്ന സന്ദർഭത്തിൽ ജനാധിപത്യ സ്വഭാവമൊട്ടുമില്ലാതെ ഇതുപോലെ ഒരു നിയമം അവതരിപ്പിക്കുമ്പോഴും അതിൻറെ എല്ലാവിധ വശങ്ങളെക്കുറിച്ചും നമ്മൾ സമഗ്രമായി പഠിക്കേണ്ട ആവശ്യമുണ്ട്. ഇവിടെ ഒരു വൈസ് ചാൻസിലറെ നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എല്ലാവിധ ബഹുമതികളോടും കൂടി ചോദിക്കുകയാണ്. ഈ വൈസ് ചാൻസിലർ കേന്ദ്രഗവൺമെൻറിൽ ഒരു അപ്പർ ഡിവിഷൻ ക്ലാർക്കോ അല്ലെങ്കിൽ അതിലുപരിയായി ഏതോ തസ്തികയിൽ ഇരുന്ന ആളും ഏതോ പ്രധാനമായ വിഷയത്തിൽ എന്തോ തീസീസ് എഴുതി അവതരിപ്പിച്ചു, എന്ന ഒരു കാരണത്താലാണ് അദ്ദേഹത്തെ വൈസ് ചാൻസലറാക്കി നിയമിച്ചിട്ടുള്ളത്. നമ്മൾക്ക് ഈ രാജ്യത്ത് ഇതുപോലുള്ള സ്ഥാനം അലങ്കരിക്കുന്ന ആളുകളെ കുറിച്ച് ചില സങ്കൽപ്പങ്ങൾ ഉണ്ടായിരുന്നു. ഭരണഘടന നിലവിൽ വരുമ്പോൾ ചില സങ്കൽപ്പങ്ങളുണ്ടായിരുന്നു. പല മേഖലകളിലും പ്രഗൽഭരായിട്ടുള്ള പ്രശസ്തരായിട്ടുള്ള ആളുകൾ ആ പ്രാഗൽഭ്യത്തിൻറെയും പ്രശസ്തിയുടേയും അംഗീകാരം ലഭിച്ചിട്ടുള്ള ആളുകൾ നമ്മുടെ രാജ്യസേവനത്തിനുവേണ്ടി ഒരു പക്ഷേ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലേക്ക് വരാൻ തയ്യാറാകാതെ വരും. ഇപ്രകാരമുള്ള ആളുകളെ, ഡോക്ടർ ജോൺ മത്തായിയെപ്പോലെ പ്രഗൽഭരായ സാമ്പത്തിക ശാസ്ത്രജ്ഞൻമാരെയൊക്കെ രംഗത്ത് കൊണ്ടു വരണമെന്നുണ്ടെങ്കിൽ നമ്മുടെ രാജ്യസഭയിലേതുപോലുള്ള, അത്തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ള തെരഞ്ഞെടുപ്പുകളിലൂടെ അല്ലാതെ കൊണ്ടുവരാൻ സാദ്ധ്യമല്ല. ഇതുപോലെയുള്ള രംഗങ്ങളിലേക്ക് പ്രഗൽഭരും പ്രശസ്തരുമായിട്ടുള്ള ആളുകളെ, സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ, നമ്മുടെ രാജ്യസേവനത്തിനുവേണ്ടി വിദ്യാഭ്യാസ രംഗത്ത് പ്രഗൽഭവും പ്രശസ്തവുമായിട്ടുള്ള സേവനം നടത്തുന്നതിലേക്ക് കൊണ്ടുവരണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ഇതുപോലെയുള്ള ഒരാളിനെ നിയമിക്കാൻ പാടില്ലായിരുന്നു. ബിൽ വായിച്ചു നോക്കുമ്പോൾ മനസ്സിലാകുന്ന ഏറ്റവും ദുഃഖകരമായ കാര്യം ഈ യൂണിവേഴ്സിറ്റിക്ക് സെനറ്റില്ല സിൻഡിക്കേറ്റുണ്ട്.. സെനറ്റിന്റെ അധികാരമെല്ലാം ഒരു കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. പക്ഷെ ആ കമ്മിറ്റിയിൽ ഇന്നു നിലവിലിരിക്കുന്ന മറ്റു യൂണിവേഴ്സിറ്റികളിലുള്ളതുപോലെയുള്ള അധികാരങ്ങളൊന്നും കൊടുത്തിട്ടില്ല. ഈ രീതിയിൽ ഇത്രയും വികലവും ഒരേരൂപ്യവുമായ വിധത്തിൽ വകുപ്പുകൾ എഴുതി ചേർത്തുകൊണ്ട് ജനാധിപത്യസ്വഭാവമെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവരിക എന്നു പറഞ്ഞാൽ അത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ കൊണ്ടു മാത്രമേസാധിക്കുകയുള്ളൂ. അദ്ദേഹം വിദ്യാഭ്യാസമന്ത്രിയായിതുടരുന്ന കാലത്ത് ചില അത്ഭുതങ്ങൾ സൃഷ്ടിക്കണം എന്ന ആഗ്രഹമുണ്ട്. അതിന്റെ ഭാഗമായിട്ട് തന്നെയാണ് കോട്ടയം കേന്ദ്രമാക്കി ഗാന്ധിജി യൂണിവേഴ്സിറ്റി കൊണ്ടുവന്നത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ)

സർ, ഇതിന്റെ പ്രത്യേക സ്വഭാവത്തെ കുറിച്ചൊക്കെ മുമ്പ് പ്രസംഗിച്ച ആളുകൾ പരാമർശിച്ചു കഴിഞ്ഞു. അതുപോലെ ഗാന്ധിജി യൂണിവേഴ്സിറ്റിയെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. കെ. വി. സുരേന്ദ്രനാഥ് സംസാരിച്ചതാണ്. എന്റെ കാലത്ത് രണ്ട് യൂണിവേഴ്സിറ്റികൾ കൊണ്ടുവന്നുവെന്നുള്ള അംഗീകാരം നേടിയെടുക്കണമെങ്കിൽ ഇതുപോലെ ഏതെങ്കിലുമൊക്കെ തരത്തിൽ ഒരു നിയമം ഇവിടെ കൊണ്ടു വന്നേ തീരൂ. അതിന് ജനാധിപത്യസ്വഭാവമുണ്ടോയെന്ന് നോക്കേണ്ട ആവശ്യമില്ല. അതിനെല്ലാം ഉപരിയായി അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറയുന്ന ഒരുകാര്യം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ നിർദ്ദേശപ്രകാരമാണെന്നാണ്. സാധാരണഗതിൽ ഒരു Model by-law അല്ലെങ്കിൽ ചില ഗൈഡ്ലൈൻസ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനായിരുന്നാലും ശരി, ഇതുപോലുള്ള ഗ്രാന്റുകൾ തരുന്ന കമ്മിറ്റികൾ നിർദ്ദേശിക്കുന്നുള്ളത് സത്യമാണ്. ആ ഒരൊറ്റ കാരണം കൊണ്ട് അവർ പറയുന്ന തരത്തിൽ അക്കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഓർഡിനൻസ് വരുകയെന്നു പറയുന്നത് ഈ രാജ്യത്ത് അല്ലാതെ മറ്റ് ഏതെങ്കിലുമൊരു രാജ്യത്ത് നിലവിലുണ്ടോയെന്ന് എനിക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല. യു. ജി. സി ചില ഗൈഡ് ലൈൻസ് കൊടുത്തിട്ടുണ്ടെങ്കിൽ അതിന് ജനാധിപത്യസ്വഭാവം വരുത്തണം. ഇവിടെ മുഴുവൻ ആളുകളെയും നോമിനേറ്റ് ചെയ്യുമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗമായ ഹസ്സൻ, എം. എൽ. എ. മാരെ തെരഞ്ഞെടുക്കുമെന്നാണ് പറഞ്ഞത്. ഇതിൽ ഏതെങ്കിലുമൊരാൾ മന്ത്രിയുടെ പാർശ്വവർത്തിയായി മാറാതിരിക്കുന്ന ഒരാളെ ഇതിൽ നെക്കമെൻഡ് ചെയ്യുമെന്ന് വിശ്വസിക്കേണ്ട ഏതെങ്കിലുമൊരു ഭാഗം ഇതിലുണ്ടോ ?

ശ്രീ. കോട്ടക്കുഴി സുകുമാരൻ : ഈ ഭരണകക്ഷിയിലേക്ക് ജനതാപാർട്ടി വരാൻ പോവുകയാണല്ലോ, പിന്നെയിങ്ങനെ പറയാൻ കൊള്ളാമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ജനതാപാർട്ടിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അറിയില്ലെങ്കിൽ അതിനെക്കുറിച്ച് സംസാരിക്കാതിരിക്കുകയാണ് നല്ലത്. വല്ലതും നക്കാപിച്ചയ്ക്കുവേണ്ടി പാർട്ടി വിട്ടുപോവുകയും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശീതളച്ഛായയിൽ അൽപ്പസ്വൽപ്പം സൗഭാഗ്യങ്ങളൊക്കെ വരുമ്പോൾ പാർട്ടിയെ മറക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് സഹതാപമേയുള്ളു. ഇവിടെ നിന്ന് ആരെങ്കിലും അപ്പുറത്തു വരുമെന്ന് ദിവാസ്വപ്നം കാണുന്നുണ്ടെങ്കിൽ അതു മാറ്റി വച്ച് ബഹുമാനപ്പെട്ട അംഗം ഈ ബില്ലിനെക്കുറിച്ച് വല്ലതും പഠിക്കുകയാണ് നല്ലത്. സർ, ജനാധിപത്യ സ്വഭാവത്തെക്കുറിച്ച് നോക്കുമ്പോൾ ഇതിൽ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗം ശ്രീ. ഹസ്സൻ പറഞ്ഞതു് എം. എൽ. എ. മാരെ തെരഞ്ഞെടുക്കുമെന്നാണ്. എം. എൽ. എ. മാർ തെരഞ്ഞെടുക്കപ്പെട്ടാണ് ജനപ്രതിനിധിസഭയിലേക്ക് വരുന്നതെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. പക്ഷെ അങ്ങനെ തെരഞ്ഞെടുത്തുവരുന്ന വ്യക്തികളിൽ ആർക്കാണ് ഇതിൽ നോമിനേഷൻ കിട്ടുക. അതിന് ഇവിടെ മന്ത്രിയുടെ ശിങ്കിടി പാടി നടക്കേണ്ട ഒരു സാഹചര്യം വരുമ്പോൾ അങ്ങനെയുള്ള എം. എൽ. എ. മാരെയെങ്കിലും ഈ ജനപ്രതിനിധി സ്വഭാവമനുസരിച്ച് ഈ അസംബ്ലിയിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കണമെന്ന് ഒരു വകുപ്പുകൂടി എഴുതി ചേർക്കുവാൻപോലും ധൈര്യം കാണിച്ചിട്ടില്ല. അതിനുള്ള സൻമനസുപോലും കാണിച്ചിട്ടില്ല. അതിൽനിന്നും ഇതിന് എന്തുമാത്രം ജനവിരുദ്ധമായ നയമാണ് അല്ലെങ്കിൽ ആട്ടോണമി ഇല്ലാത്ത തരത്തിലാണ് ഈ നിയമം എഴുതി പിടിപ്പിച്ചിട്ടുള്ളതു എന്ന് മനസ്സിലാക്കാൻ സാധിക്കും. ഇതിൽ ഗവർണ്ണറുടെ ഉന്നത പദവിയെ കുറിച്ചും അദ്ദേഹത്തിന്റെ പക്ഷപാതരഹിതമായ പ്രവർത്തനങ്ങളെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ മറുവശത്തുനിന്നും പല ചോദ്യങ്ങളും ഉന്നയിക്കുകയുണ്ടായി. ഈ സഭ സാക്ഷ്യം വഹിച്ചുള്ളതാണ് ഇവിടെ ചില ചെറിയ കാലഘട്ടങ്ങളിൽ അസംബ്ലിയും മന്ത്രിസഭയും പ്രവർത്തിക്കാതിരുന്ന സന്ദർഭത്തിൽ ഗവർണ്ണർ പബ്ലിക് സർവ്വീസ് കമ്മിഷനിൽപ്പോലും ഒരംഗത്തെ തിരുകിക്കയറ്റിയ സംഭവം നമുക്കറിവുള്ളതാണ്. അങ്ങനെ സ്ഥാനത്തും അസ്ഥാനത്തും അധികാരദുർവിനിയോഗം ചെയ്യുന്ന ആളുകളാണ് ഭരണ രംഗത്തുള്ളത്. ജനാധിപത്യ സ്വഭാവമുണ്ടാകണമെന്നുണ്ടെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ വരുകയെന്നുള്ളതു് ഏറ്റവും ആവശ്യമായ ഒരു കാര്യമാണ്. ഈ ശാസ്ത്ര സാങ്കേതിക രംഗത്തുള്ള പ്രഗത്ഭൻമാർ ഒരു പക്ഷേ തെരഞ്ഞെടുപ്പിനു നിന്നില്ലെങ്കിൽ അങ്ങനെയുള്ള ചില പ്രത്യേക ടെക്നിക്കൽ പോസ്റ്റുകളൊഴിച്ച് മറ്റെല്ലാം തെരഞ്ഞെടുക്കപ്പെടണം. തെരഞ്ഞെടുപ്പിലൂടെ അതിനൊരു സെനറ്റുണ്ടാകണം, അതിൽനിന്നും ഒരു സിൻഡിക്കേറ്റ് ഉണ്ടാകണം. അതിനു ഒരു ഭരണസമിതിയുണ്ടാകണം. ഈ നിയമം നമ്മൾ ഒന്ന് പഠിച്ചു നോക്കിയാൽ എത്ര കാലം കഴിഞ്ഞാലും ആ കാലമത്രയും നോമിനേറ്റ് ചെയ്യപ്പെട്ട ഭരണസമിതിയുണ്ടാകും. നോമിനേറ്റ് ചെയ്യപ്പെട്ട ഭരണസമിതിക്ക് പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനുള്ള അധികാരം കൂടി കൊടുത്തിട്ടുണ്ട്. സർ, ഈ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിന്റെ അധികാരം ഏൽപ്പിച്ചു കൊടുത്തതിന്റെ ദുരന്ത ഫലം ഏറ്റവും ഒടുവിൽ അനുഭവിച്ചത് പഴയ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയാണ്. ഇപ്പോഴത്തത് വാട്ടർ അതോറിറ്റിയാണ്. അതിൽ നടത്തിയിട്ടുള്ള നിയമനങ്ങളെക്കുറിച്ച് അതിന്റെ സബ്ജക്ട് കമ്മിറ്റിയിലെ ഒരംഗമെന്നനിലയിൽ എനിക്കു മനസിലാക്കാൻ സാധിച്ചതു മുൻമന്ത്രിയുടെ പിൻഗാമിയായിവന്ന മന്ത്രിക്കുപോലും അവിടെ നടന്ന ആ ക്രമക്കേടുകളെ അംഗീകരിക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷ മുണ്ടായതായിട്ടാണ് അറിയുന്നത്. എങ്കിൽപ്പോലും മുൻമന്ത്രി ചെയ്തത് എല്ലാം അംഗീകരിക്കുന്നുവെന്നുള്ള ഒറ്റ വാചകം മാത്രമാണ് അദ്ദേഹം അതിന്റെ ചർച്ചാവേളയിലും ഈ സഭയിലും പറഞ്ഞിട്ടുള്ളത്. ഈ രീതിയിൽ ഈ നിയമനത്തെ വളച്ചൊടിച്ച് തങ്ങളുടെ പാർശ്വവർത്തികളെയും

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടമുള്ളവരെയും തിരുകിക്കയറ്റുന്നതിനുവേണ്ടിയാണ് ഇങ്ങനെയുള്ള വകുപ്പുകളും എഴുതിച്ചേർത്ത് ഒരു നിയമം കൊണ്ടുവന്നിട്ടുള്ളത്. അങ്ങനെ കൊണ്ടുവന്ന നിയമം അതു പൂർണ്ണമായി മാറ്റുകയോ അല്ലെങ്കിൽ അതിനെ വീണ്ടും ചർച്ചക്ക് വിധേയമാക്കി ജനാധിപത്യസ്വഭാവമുള്ളതാക്കുകയോ ചെയ്യണം. ഇതിന് ഒരു ജനാധിപത്യഭരണസമിതിയുണ്ടാക്കണം. ആ ഭരണ സമിതിയിൽനിന്നും ഒരു സിൻഡിക്കേറ്റിന് രൂപം കൊടുക്കണം. ആ സിൻഡിക്കേറ്റിൽ വിദഗ്ദ്ധൻമാരും പ്രഗത്ഭൻമാരുമായ ആളുകളെ ഉൾക്കൊള്ളിക്കേണ്ടത് ഇതിന്റെ കാര്യമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇതിന് അഫിലിയേഷൻ ഇല്ലെന്നും ഒരു ഫെഡറൽ സ്വഭാവത്തിലുള്ളതാണെന്നും ഭരണകക്ഷി അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. ഇതിന്റെ ജൂറിസ് ഡിക്ഷൻ അനുസരിച്ച് ഈ സംസ്ഥാനത്തുള്ള ഏതു കോളേജിനെ വേണമെങ്കിലും ഇതിനോട് അഫിലിയേറ്റ് ചെയ്യാം. അങ്ങനെ അഫിലിയേറ്റ് ചെയ്തത് പ്രവർത്തനം നടത്തുമ്പോൾ ഇതിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ പറഞ്ഞിട്ടുള്ളത് അനുസരിച്ച് അത്രയും തുക കൊണ്ടുപോകുന്നതിനുണ്ടെങ്കിൽ ഇതിനുവേണ്ടി കൂടുതൽ തുക അനുവദിക്കണം. അപ്പോൾ ഇവിടെ പറയാത്ത ഒരു വലിയ തുക ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി ചെലവ് ചെയ്യണം. ഇതിൽ എഴുതി ചേർത്തിട്ടുള്ള വകുപ്പുകൾ മുഴുവൻ നോമിനേഷനു വേണ്ടിയുള്ളതാണ്. അതുപോലെ പ്രോ-ചാൻസലറായി പ്രവർത്തിക്കുന്ന മന്ത്രിയുടെ ഇഷ്ടം പോലെ അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ, അദ്ദേഹത്തിന്റെ ഇഷ്ടമനുസരിച്ച് ഒത്തുപ്രവർത്തിക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരെ തിരുകി കയറ്റാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണമെന്നുള്ള നിലയിൽ ഇതിനെ മുഴുവൻ മാറ്റുന്നതിനുവേണ്ടി ഈ ബില്ലിനെ അദ്ദേഹം പ്രസ്സ് ചെയ്യരുതെന്നും ഒരു പുതിയ സമഗ്രമായ നിയമം എഴുതി അവതരിപ്പിക്കുന്നതിനുള്ള സൻമനസ്സ് കാണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

Shri V. J. Thankappan : Sir, I move that the Cochin University of Science and Technology Bill, 1986 be circulated for eliciting public opinion till 30-11-1986.

പ്രയുക്തശാസ്ത്രം, സാങ്കേതികശാസ്ത്രം, വ്യവസായം, മാനേജ്മെന്റ് എന്നിവയിലുള്ള ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും വേണ്ടി ഓർഡിനൻസുവഴി ഒരു യൂണിവേഴ്സിറ്റി വിദ്യാഭ്യാസ വകുപ്പു മന്ത്രി സൃഷ്ടിച്ചിരിക്കുകയാണ്. ഈ ഓർഡിനൻസിനെ ബില്ലാക്കി നിയമ സഭയിൽ കൊണ്ടുവരുമ്പോൾ ആ ബില്ലിനെ സംബന്ധിച്ച് വളരെ വിശദമായ പഠനവും ചർച്ചയും വേണമെന്നുള്ളതുകൊണ്ടാണ് ഈ ബിൽ നമ്മുടെ സംസ്ഥാനത്തുള്ള ജനങ്ങളുടെ അഭിപ്രായങ്ങൾ ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്നും അല്ലെങ്കിൽ ഒരു സെലക്ട് കമ്മിറ്റിയിലെ വിവരമുള്ള ചില ആളുകളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കുന്നതിനും പരിശോധിക്കുന്നതിനുംവേണ്ടി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും ആവശ്യപ്പെട്ടത്. ഇവിടെ 1971-ലെ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ട് നിലവിലുണ്ട്. അതനുസരിച്ച് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതാണ് ഈ ഓർഡിനൻസുമൂലം യൂണിവേഴ്സിറ്റിയുടെ ഘടന മാറുന്നതിനുമുൻപുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി. ആ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്നും വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്ത് മുഴുവൻ പ്രാതിനിധ്യമുള്ള ജൂറിസ്ഡിക്ഷനുള്ള ശാസ്ത്ര സാങ്കേതിക ശാസ്ത്രത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു യൂണിവേഴ്സിറ്റി സംഘടിപ്പിക്കുമ്പോൾ അതു സംബന്ധിച്ച് വിശദമായ ചർച്ചയും പഠനങ്ങളും വേണ്ടിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, ഇത് യാതൊന്നുമില്ലാതെയാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പു മന്ത്രി ഓർഡിനൻസ് മുഖേന ഒരു യൂണിവേഴ്സിറ്റി സൃഷ്ടിച്ചെടുത്തത്. ബഹുമാന്യനായ ശ്രീ. സുരേന്ദ്രനാഥ് ഇവിടെ പറഞ്ഞു അദ്ദേഹത്തിന്റെ യൂണിവേഴ്സിറ്റി ശിശുവാണെന്ന്. ഗാന്ധിജി യൂണിവേഴ്സിറ്റി ഓർഡിനൻസ് മുഖേന കൊണ്ടുവന്നു നടപ്പിലാക്കി. യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മിഷന്റെ ഗ്രാൻസോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങളോ ഇതുവരെ ലഭിച്ചിട്ടില്ല. ഈ യൂണിവേഴ്സിറ്റിക്കും വരാൻ പോകുന്ന ഗതികേടിനെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും എല്ലാം മുൻകൂട്ടി കാണുന്നതിന് ഈ സംസ്ഥാനം നാലര വർഷമായി ഭരിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. സർ, നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാർക്ക്. പ്രത്യേകിച്ചും, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഒരു തോന്നലുണ്ട്. വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളെക്കുറിച്ചെല്ലാം അദ്ദേഹം ഒരു സർവ്വജ്ഞനാണെന്ന്. വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ചും, ശാസ്ത്ര സാങ്കേതിക വൈദഗ്ദ്ധ്യവും അദ്ദേഹത്തിനുണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. അദ്ദേഹം സ്വയം വിദ്യാഭ്യാസ വിചക്ഷണനായി മാറിക്കൊണ്ടിരിക്കുന്നു. മലയാള സാഹിത്യത്തെക്കുറിച്ച് അദ്ദേഹത്തിന് വല്ലതും പറയാനുണ്ടെങ്കിൽ അക്കാര്യം പറയുന്നതിൽ തെറ്റില്ല. അദ്ദേഹം മലയാളത്തിലെ ഒരു മഹാ സാഹിത്യകാരൻ കൂടിയാണ്. മലയാള ഭാഷയെ വികസിപ്പിച്ച് പശ്ചിമ യൂറോപ്പിലേക്ക് കൂടി കൊണ്ടുപ്പോയ ഒരാളാണ് അദ്ദേഹം. കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന "മാ" പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം ലേഖനങ്ങളും എഴുതാറുണ്ട്. കൂടാതെ പേര് മാറ്റി ചിലപ്പോൾ ചെറുകഥയോ, നോവലോ, നോവലെറ്റോ, തുടർക്കഥയോ ഒക്കെ എഴുതിയിട്ടുണ്ടാകും. അതുകൊണ്ട് അദ്ദേഹം പ്രതിഭയുള്ള ഒരു മലയാള സാഹിത്യകാരനാണെന്ന് വേണമെങ്കിൽ അംഗീകരിച്ചു കൊടുക്കാം. പക്ഷെ അദ്ദേഹം ഒരു വിദ്യാഭ്യാസ വിചക്ഷണനാണോ എന്നുള്ളതാണ് സംശയമാണ്. ശാസ്ത്രത്തെക്കുറിച്ചും, സാങ്കേതിക ശാസ്ത്രത്തെക്കുറിച്ചുമെല്ലാം അഭിപ്രായം പറയാൻ അദ്ദേഹത്തിന് പരിജ്ഞാനമുണ്ടോ? അക്കാര്യത്തിൽ എനിക്ക് സംശയമാണ്. ഒരു യൂണിവേഴ്സിറ്റിയെ സൃഷ്ടിക്കുമ്പോൾ, അദ്ദേഹവും അദ്ദേഹത്തിന്റെ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർ മാത്രം ഇരുന്നുകൊണ്ട് ആന്ധ്രായിലെ ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയുടെയും അപ്പുറത്ത് അണ്ണാമല യൂണിവേഴ്സിറ്റിയുടെയും നിയമത്തിലെ വകുപ്പുകൾ കടമെടുത്തിട്ട് അതിനെന്ന് മാറ്റി, തിരിച്ചെഴുതി പുതിയതായി ഒരു യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നാൽ അത് അംഗീകരിക്കുവാൻ കഴിയുമോ? സർ, നിയമസഭയും നിയമസഭയുടെ കമ്മിറ്റികളും മാത്രം ഇക്കാര്യം ചർച്ച ചെയ്താൽ പോരാ. നമ്മുടെ സംസ്ഥാനത്ത് വേറെയും രണ്ടു മൂന്നു യൂണിവേഴ്സിറ്റികളുണ്ട്. അതിലെ പ്രഗൽഭൻമാരായ വിദ്യാഭ്യാസ വിചക്ഷണൻമാരെയും, അതുപോലെതന്നെ പ്രഗൽഭരായ ചിന്തകൻമാരെയും, ബുദ്ധിജീവികളെയുമെല്ലാം ഈ ചർച്ചയിൽ പങ്കെടുപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു യൂണിവേഴ്സിറ്റി നിയമം എഴുതിയുണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ഈ നിയമം ബഹുജനങ്ങളുടെയും അഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നതിന്റെ പശ്ചാത്തലം. ഇവിടെ 1980-ൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സെനറ്റ് യോഗം ചേർന്നുകൊണ്ടാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഒരു ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിനുവേണ്ടി തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കമ്മിഷന്റെ ചെയർമാനാണ്

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ട ചക്രബർത്തി. ആ ചക്രബർത്തിയുടെ റിപ്പോർട്ട് ഒന്ന് മറിച്ച് നോക്കാൻ ഇടയായതുകൊണ്ട് അക്കാര്യങ്ങൾ കൂടി പറഞ്ഞാൽ മാത്രമേ ഈ ചർച്ച പൂർത്തീകരിക്കാൻ കഴിയൂ. സർ, ചക്രബർത്തിയുടെ റിപ്പോർട്ടിൽ പ്രധാനമായും ഒരു കാര്യം ചൂണ്ടിക്കാണിച്ചിരിക്കുന്നു. അത് യൂണിവേഴ്സിറ്റിയുടെ പേരിനെ സംബന്ധിച്ചാണ്. ആ പേര് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി എന്നുള്ളതിനു പകരം കേരളാ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി, കൊച്ചിൻ എന്നോ കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ഓഫ് കൊച്ചിൻ എന്നോ ആയിട്ടിക്കണം എന്നുള്ളതാണ് ശ്രീ. ചക്രബർത്തിയുടെ നിർദ്ദേശം പേരിനെ സംബന്ധിച്ച ശ്രീ. ചക്രബർത്തിയുടെ ആദ്യത്തെ നിർദ്ദേശം അംഗീകരിക്കണമെന്നാണ് ഈ ബില്ലിന്റെ പേരിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ള അഭിപ്രായം. സർ, യൂണിവേഴ്സിറ്റി സെനറ്റ് കൂടി ഒരു കമ്മിഷനെ നിയമിക്കുമ്പോൾ ആ സെനറ്റിന് പ്രത്യേകിച്ച് ചില ഉദ്ദേശങ്ങളുണ്ടായിരുന്നു. സാങ്കേതിക ശാസ്ത്രത്തെ സംബന്ധിച്ച്, അതിന്റെ ബിരുദാനന്തര പഠനത്തേയും, ഗവേഷണത്തേയും സംബന്ധിച്ച്, വ്യക്തമായ ചില ധാരണകളോടുകൂടിയാണ് ശ്രീ. ചക്രബർത്തിയെ ചെയർമാനാക്കിയുള്ള കമ്മിഷനെ നിയമിച്ചത്. ശ്രീ. ചക്രബർത്തി കൽക്കട്ടയിലെ ജാദവ്പൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്നു. മറ്റ് അംഗങ്ങൾ സാധാരണക്കാരല്ല. വിദ്യാഭ്യാസ മേഖലയിലെ അറിയപ്പെടുന്ന മിടുക്കൻമാരായ ആളുകളാണ്. ആന്ധ്രാ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ് ഡോക്ടർ പി. എൻ. ഗണപതി, അദ്ദേഹവും ഒരു മെമ്പറാണ്. മറ്റൊരു മെമ്പർ പി. കെ. അയ്യർകാർ, ഫിസിക്സ് ഗ്രൂപ്പിലെ ഡയറക്ടറാണ്, ഡോക്ടർ ചോ. മറ്റൊരാൾ പ്രൊഫസർ എൽ. എസ്. ചന്ദ്രകാന്ത്, Former Educational Advisor (Technical) to Government of India. അഞ്ചാമത്തെ ആൾ പ്രൊഫസർ പി. വി. ഇന്ദ്രശേൻ, ഡയറക്ടർ ഓഫ് ഇൻസ്ട്രക്ഷണൽ ഓഫ് ടെക്നോളജി, ആറാമത്തെ ആൾ പി. കെ. ഉമാശങ്കർ, Special Secretary to Government of Kerala. ഏഴാമത്തെ ആൾ ഡോക്ടർ ടി. വി. കെ. മേനോൻ, പ്രോ-വൈസ് ചാൻസലർ, യൂണിവേഴ്സിറ്റി ഓഫ് കൊച്ചിൻ. ഇങ്ങനെ വിപുലവും വിദ്യാഭ്യാസവും അക്ഷരജ്ഞാനവുമുള്ള ആളുകളെയാണ് ഇതിന്റെ കമ്മിറ്റിയായി നിയമിച്ചുകൊണ്ട് ഡോക്ടർ എം. എ. ചക്രബർത്തിയെ അതിന്റെ ചെയർമാനായി 1980-ൽ നിയമിച്ചത്. 1980-ൽ ഇവിടെ അധികാരത്തിലിരുന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അല്ല എന്ന് ഞാൻ പറയാതെ തന്നെ എല്ലാ പേർക്കും അറിയാം. അപ്പോഴും നല്ല ഉദ്ദേശങ്ങളോടുകൂടി നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ഉണ്ടാക്കാൻ പോകുന്ന ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് വളരെ നല്ല ഉദ്ദേശത്തോടുകൂടി അത് ഇൻഡ്യക്ക് തന്നെ മാതൃകയാകത്തക്ക രീതിയിലുള്ള ഒരു യൂണിവേഴ്സിറ്റിയാകണം എന്ന് അന്നത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി സെനറ്റിനും, അതുപോലെ തന്നെ അന്നത്തെ ഗവൺമെൻറിനും ആഗ്രഹമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ്, പല കാര്യങ്ങളും ചർച്ച ചെയ്യുകയും പല ആളുകളേയും കൊണ്ട് ഇൻറർവ്യൂ നടത്തി അഭിപ്രായങ്ങൾ ആരായുകയും പല ഡോക്കുമെൻറുകളും മറ്റും നോക്കുകയുമെല്ലാം ചെയ്തതിനുശേഷമാണ് ശ്രീ. ചക്രബർത്തി അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത്. സർ ആ റിപ്പോർട്ട് സമർപ്പിച്ചതിൽ പ്രധാനപ്പെട്ട ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി വിട്ടു കളഞ്ഞു. ആ നിർദ്ദേശമാണ് യൂണിവേഴ്സിറ്റിക്ക് ഒരു സെനറ്റ് ഉണ്ടാകണമെന്നുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ ബില്ല് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ സെനറ്റ് ഉണ്ടായാൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷന്റെ സഹായങ്ങളൊന്നും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുകയില്ലെന്ന് പറഞ്ഞു. അത് ശരിയാണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇന്ന് ഒരു സെനറ്റുണ്ട്. കേരള യൂണിവേഴ്സിറ്റിക്ക് ഒരു സെനറ്റുണ്ട്. പല യൂണിവേഴ്സിറ്റികൾക്കും ഇന്ന് സെനറ്റുണ്ട്. സെനറ്റുള്ളതുകൊണ്ട് ഏതെങ്കിലും യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ സഹായങ്ങൾ കിട്ടാതെ പോയിയെന്ന് അനുഭവത്തിൽ നിന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? തെരഞ്ഞെടുക്കപ്പെട്ട ഒരു ജനകീയ ബോഡി ഉണ്ടാകാതിരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഒരു ന്യായം കണ്ടുപിടിച്ചെന്ന് മാത്രമേയുള്ളു. അങ്ങനെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ വ്യക്തമായ നിർദ്ദേശം. സെനറ്റ് ഉണ്ടായിക്കൂടാ, സെനറ്റ് ഉണ്ടായാൽ ഗ്രാന്റ് തരാൻ കഴിയുകയില്ല എന്ന നിർദ്ദേശം ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സഭയെ അക്കാര്യം ബോദ്ധ്യപ്പെടുത്തണം. അല്ലാതെ ഇങ്ങനെ ഒന്ന് ഉണ്ടെന്ന് പറഞ്ഞുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിയെ ഇല്ലാതാക്കുന്നതിനോട് എനിക്ക് യോജിക്കാൻ കഴിയുകയില്ല.

ചക്രബർത്തിയുടെ റിപ്പോർട്ടിൽ അദ്ദേഹം വ്യക്തമായി സെനറ്റിനെക്കുറിച്ച് പറയുന്നുണ്ട്. ആരെല്ലാമായിരിക്കണം സെനറ്റിലെ മെമ്പറൻമാരെന്ന് അതിൽ പറയുന്നുണ്ട്. ഇവിടെ സമർപ്പിച്ചിട്ടുള്ള ബില്ലിൽ സിൻഡിക്കേറ്റിനെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചുമെല്ലാം ഇവിടെ വിശദമായി ചർച്ച ചെയ്തതാണ്. എന്റെ അഭിപ്രായത്തിൽ സെനറ്റ് കൂടിയേ തീരൂ. അദ്ധ്യാപകരേയും വിദ്യാർത്ഥി പ്രതിനിധികളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തെരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യരീതിസംവിധാനം അത് ഏത് യൂണിവേഴ്സിറ്റിയായാലും ഏത് സ്വയംഭരണസ്ഥാപനമായാലും അത് കൂടിയേ തീരൂ. തെരഞ്ഞെടുപ്പ് എത്രത്തോളം ഒഴിവാക്കാമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. പാർലമെന്റിന്റെ സംവിധാനത്തിൽക്കൂടി, തെരഞ്ഞെടുപ്പിൽക്കൂടി പഞ്ചായത്തിലായാലും മുനിസിപ്പാലിറ്റിയിലായാലും വായനശാലയിലായാലും പാർലമെന്റിലായാലും. തെരഞ്ഞെടുപ്പിൽക്കൂടി അധികാരത്തിൽ വരാൻ കഴിയുമെങ്കിൽ തെരഞ്ഞെടുപ്പ് സംവിധാനം കൊള്ളാം, ജനാധിപത്യം കൊള്ളാം. തെരഞ്ഞെടുപ്പിൽക്കൂടി അധികാരത്തിൽ വരാൻ കഴിഞ്ഞില്ലെങ്കിൽ അവിടെയെല്ലാം തെരഞ്ഞെടുപ്പ് സംവിധാനം തകർക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. തെരഞ്ഞെടുപ്പിനെക്കുറിച്ച് പറയുമ്പോൾ മറ്റൊരു കാര്യംകൂടി പറയാതെ കടന്നു പോകാൻ പറ്റുമോ? ഇതേ നോമിനേഷൻ വ്യവസ്ഥ ഇന്ന് ഇന്ത്യാരാജ്യം ഭരിക്കുന്ന കോൺഗ്രസ് പാർട്ടിയിലുമുണ്ട്. അവിടെ വാർഡ് കമ്മിറ്റി അതിന്റെ കൺവീനറെ തെരഞ്ഞെടുക്കുകയല്ല, നിയമിക്കുകയാണ് ചെയ്യുന്നത്. മണ്ഡലം പ്രസിഡന്റിനെ നിയമിക്കുന്നു, ബ്ലോക്ക് പ്രസിഡന്റിനെ നിയമിക്കുന്നു, ജില്ലാ ഡി. സി. സി. പ്രസിഡന്റൻമാരെ നിയമിക്കുന്നു, പി. സി. സി. പ്രസിഡന്റിനെ നിയമിക്കുന്നു. അവസാനം എ. ഐ. സി. സി. പ്രസിഡന്റ് ഞാനാണെന്നുപറഞ്ഞുകൊണ്ട് ഒരാൾ അവിടെ കയറിയിരിക്കുന്നു. ഇതാണ് ആ പാർട്ടിക്കകത്തുള്ള ജനാധിപത്യസംവിധാനം. അതുപോലുള്ള ജനാധിപത്യ സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തിലും അടിച്ചേൽപ്പിക്കുന്നതിനു വേണ്ടിയാണ് ഈ ഗവൺമെന്റും അതിലെ പ്രധാനപ്പെട്ട കക്ഷിയായ കോൺഗ്രസ് പാർട്ടിയും ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: കോൺഗ്രസിന്റെ ജനാധിപത്യ സംവിധാനത്തെക്കുറിച്ച് താങ്കൾ ഇവിടെ സൂചിപ്പിച്ചല്ലോ? മാർക്സിസ്റ്റ് പാർട്ടിയുടെ ജനാധിപത്യം എന്താണ്? ശ്രീ. എം. വി. രാഘവനും കൂട്ടരും ഒരഭിപ്രായം പറഞ്ഞുവെന്നുള്ളതിന്റെ പേരിൽ അവരെ പുറത്താക്കുക മാത്രമല്ല ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കുലർ വഴി ശ്രീ. എം. വി. രാഘവൻ നടത്തുന്ന പാപ്പിനിശ്ശേരി ആശുപത്രിയിൽ മാർക്സിസ്റ്റുകാർ പോകാൻ പാടില്ല, ചായ കുടിക്കാൻ പാടില്ല എന്നൊക്കെ തീരുമാനമെടുക്കുകയുണ്ടായി. ഇത്തരത്തിലുള്ള തീരുമാനമെടുത്തതിന്റെ പിന്നിൽ എന്തു ജനാധിപത്യമാണുള്ളത് ?

ശ്രീ. വി. ജെ. തങ്കപ്പൻ : എന്റെ സുഹൃത്ത് ശ്രീ. പി. പി. തങ്കച്ചൻ ഞങ്ങളുടെ പാർട്ടിയുടെ കോൺഗ്രസിനെക്കുറിച്ചും പാർട്ടിയുടെ ജില്ലാ സംസ്ഥാന സമ്മേളനം നടത്തുന്നതിനെക്കുറിച്ചുമൊന്നും പത്രദ്വാരാപോലും വിവരമില്ലെന്നാണ് തോന്നുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പാർട്ടിയുടെ അഖിലേന്ത്യാ കോൺഗ്രസ് അംഗീകരിക്കുന്ന രേഖയെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനഘടകമായ ബ്രാഞ്ച് കമ്മിറ്റി മുതൽ ചർച്ച ചെയ്തത് അതുതൊട്ടുള്ള മുഴുവൻ സമ്മേളനങ്ങളിലും ചർച്ച ചെയ്തത് അവസാനം പാർട്ടികോൺഗ്രസ് അംഗീകരിക്കുന്നതാണ് രേഖ. ഭൂരിപക്ഷം ന്യൂനപക്ഷത്തെ അംഗീകരിക്കുന്നു. ഭൂരിപക്ഷം ഒരു രേഖ അംഗീകരിച്ചുകഴിഞ്ഞാൽ എം. വി. രാഘവനല്ല ദേവേന്ദ്രനായാലും. അതിനെ വെല്ലുവിളിക്കുവാൻ കഴിയില്ല. അതിനെ വെല്ലുവിളിച്ചു കഴിഞ്ഞാൽ ഈ പാർട്ടിക്കകത്ത് നിൽക്കാൻ കഴിയുകയില്ല. മറ്റേതെങ്കിലും പാർട്ടിയിൽ പോയി നിൽക്കാം. മാർക്സിസ്റ്റ് പാർട്ടിയിൽ നിൽക്കണമെങ്കിൽ അഖിലേന്ത്യാ കോൺഗ്രസ് അംഗീകരിച്ച രേഖ അപ്പടി അംഗീകരിച്ചേ പറ്റൂ. അതാണ് അതിന്റെ ബുദ്ധിമുട്ട്. നിങ്ങളുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പില്ലാത്തതും ഞങ്ങളുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പുള്ളതും പാർട്ടി കോൺഗ്രസ് അംഗീകരിച്ച രേഖയും ഒന്നും എന്റെ സുഹൃത്ത് ശ്രീ. പി.പി. തങ്കച്ചൻ പത്രങ്ങളിൽക്കൂടിപ്പോലും വായിച്ചറിയാത്തതിൽ എനിക്ക് ദുഃഖം ഉണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ശ്രീ. കമലാപതി ത്രിപാഠി കോൺഗ്രസ് പാർട്ടിയെക്കുറിച്ച് ഇതൊരു പാർട്ടിയല്ലെന്നും ഇതൊരു കറക്കുകമ്പനിയാണെന്നും പറഞ്ഞിട്ട് ആ പാർട്ടിയുടെ വർക്കിംഗ് പ്രസിഡന്റായി ഇപ്പോഴും തുടർന്നു വരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : അതാണ് ഞാൻ പറഞ്ഞുവരുന്നത്. കമലാപതി ത്രിപാഠിയെ ഇലക്ട് ചെയ്തതല്ല. അദ്ദേഹത്തെയും എന്റെ സുഹൃത്ത് രാധാകൃഷ്ണൻ പറഞ്ഞതുപോലെ എവിടെയെങ്കിലും ഒന്നിരുത്തണമല്ലോ, അതുകൊണ്ടാണവിടെ ഇരുത്തിയത്.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ എപ്പോഴും കോൺഗ്രസ് പാർട്ടിക്കകത്ത് തെരഞ്ഞെടുപ്പ് നടക്കുന്നില്ലെന്നും ഞങ്ങളുടെ പാർട്ടി ജനാധിപത്യ പാർട്ടിയാണെന്നുമൊക്കെ പറയാറുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സ്വതന്ത്രപരമായ, ഒരു ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് എവിടെയെങ്കിലും ഏതെങ്കിലും ഘടകത്തിൽ ഇതുവരെയെങ്കിലും നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ ? എല്ലാ പാർട്ടി കമ്മിറ്റികളിലും യുവജന സംഘടനകളിലും മഹിളാസംഘടനകളിലുമൊക്കെ നിങ്ങളുടെ പാർട്ടി കമ്മിറ്റി നിയോഗിക്കുന്നവരാണ് ഭാരവാഹികളായിട്ട് വരുക. അതായത് പാകിസ്ഥാനിൽ ജനറൽ സിയാ നടത്തിയതുപോലെയുള്ള തെരഞ്ഞെടുപ്പില്ലാതെ യഥാർത്ഥത്തിൽ ജനാധിപത്യപരമായ ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പ് നിങ്ങൾ നടത്തിയിട്ടുണ്ടോ ? ജനാധിപത്യത്തിന്റെ ഏറ്റവും മൗലികമായ ഘടകം ന്യൂനപക്ഷത്തിന്റെ അഭിപ്രായ വ്യത്യാസങ്ങളാണ്. അത് അംഗീകരിക്കാൻ തയ്യാറില്ലെന്ന് പറഞ്ഞവരെ പുറത്താക്കിയവരാണ് നിങ്ങൾ. പിന്നെ ഈ ഭൂരിപക്ഷത്തെപ്പറ്റി പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : ഞാൻ അതിനെപ്പറ്റി പറയാം. ഞങ്ങളുടെ പാർട്ടി കമ്മിറ്റികളെ സംബന്ധിച്ചിടത്തോളം ഭൂരിപക്ഷ തീരുമാനം ന്യൂന പക്ഷം അംഗീകരിക്കും. ഭൂരിപക്ഷമനുസരിച്ചാണ് ഏത് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പ് നടക്കുക. ആ തെരഞ്ഞെടുപ്പ് നടക്കുന്ന കമ്മിറ്റിയിൽ എന്റെ സുഹൃത്ത് ശ്രീമാൻ ഹസ്സനെ കൊണ്ടുവരാൻ കഴിയുകയില്ല. ആ ബുദ്ധിമുട്ട് അത് പരസ്യമായി നടത്താൻ കഴിയുകയില്ല. ഏതുകമ്മിറ്റിയിലും അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ഭൂരിപക്ഷമനുസരിച്ചാണ്. ജനാധിപത്യ മര്യാദയനുസരിച്ചാണ്. യാതൊരു സംശയവുമക്കാര്യത്തിലില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : കോൺഗ്രസ് പാർട്ടിയിൽ 16 വർഷമായി തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. അവിടെ മുഴുവൻ നോമിനേഷനുകളാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : അതാണ് ഞാൻ പറഞ്ഞു വരുന്നത്. 16 വർഷമായി കോൺഗ്രസ് പാർട്ടിക്കകത്ത് നടന്നുകൊണ്ടിരിക്കുന്ന അതേ പാരമ്പര്യമാണ് ഈ ഗവൺമെന്റും പിൻതുടരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കോൺഗ്രസ് പാർട്ടിയിൽ യാതൊരു ജനാധിപത്യവും ഇല്ലെന്നുള്ളതിന്റെ തെളിവാണ് പ്രിയരഞ്ജൻ ദാസ് മുൻഷിയുടെ കാര്യം. എനിക്കൊരു മുസ്ലീമാകാം, എനിക്കൊരു ക്രിസ്ത്യാനിയാകാം, എനിക്കൊരു നീഗ്രോയാകാം, പക്ഷെ ഒരിക്കലും ഒരു കോൺഗ്രസ്-(ഐ)ക്കാരൻ ആകാൻ പറ്റുകയില്ലെന്ന് പറഞ്ഞ പ്രിയരഞ്ജൻ ദാസ് മുൻഷിയെയാണ് ഇപ്പോൾ ഡി. സി. സി. യുടെ പ്രസിഡന്റാക്കുകയും മന്ത്രിസഭയിലേക്ക് ഉൾപ്പെടുത്തുകയും ചെയ്തത്. ഏറാം മൂളികൾക്കുമാത്രമേ ആ പാർട്ടിയിൽ സ്ഥാനമുള്ളുവെന്നുള്ളതിന്റെ ഒരു തെളിവാണിതെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയുമോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : പ്രിയരഞ്ജൻ ദാസ് മുൻഷിയെപ്പറ്റി പറയുമ്പോൾ ഒരുപാട് പറയേണ്ടി വരും.

ശ്രീ. കെ. സി. ജോസഫ് : ഇവിടെ ചർച്ച ചെയ്യുന്നത് യൂണിവേഴ്സിറ്റി ബില്ലാണോ അതോ കോൺഗ്രസ് പാർട്ടിയുടെ ജനാധിപത്യ സംസ്കാരമാണോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : ഞാൻ യൂണിവേഴ്സിറ്റി ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. കാരണം ഇതിനകത്ത് സിൻഡിക്കേറ്റിലേക്ക് മുഴുവൻ അംഗങ്ങളെയും നോമിനേറ്റ് ചെയ്യാം. നോമിനേഷൻ എന്ന പേരുവരുമ്പോൾ അതുകൂടി പറയാതിരിക്കുവാൻ കഴിയുകയില്ല. പ്രിയരഞ്ജൻ ദാസ് മുൻഷി കഷ്ടകാലത്തിന് ഡി. സി. സി. യുടെയും ബംഗാൾ കോൺഗ്രസ് പ്രദേശ് കമ്മിറ്റിയുടെയും പ്രസിഡന്റായിപ്പോയി. അയാളെ ഒന്നുകൊല്ലാൻ, അടിക്കാനല്ല (അയാളെ ആ പാർട്ടിയിൽ നിന്നും പുറത്താക്കിയിട്ടില്ല) ഡി. സി. സി. പ്രസിഡന്റായിരിക്കുമ്പോൾ അദ്ദേഹം താമസിച്ചിരുന്ന അദ്ദേഹത്തിന്റെ ഓഫീസിൽ കയറി ഇതേ കോൺഗ്രസിലെ (മാർക്സിസ്റ്റ് പാർട്ടി അല്ല) ആളുകൾ കത്തിയും വടിയും വാളുമായി അകത്തുകയറി കൊല്ലാൻ ശ്രമിച്ചു. ഇനിയും പശ്ചിമബംഗാളിൽ ഇങ്ങനെ താമസിക്കാനനുവദിച്ചാൽ ചിലപ്പോൾ അദ്ദേഹത്തിന്റെ ജീവനു തന്നെ അപകടം വരുമെന്നുള്ളതുകൊണ്ടാണ് പ്രധാനമന്ത്രി അദ്ദേഹത്തെ മന്ത്രിസഭയിലേക്ക് എടുത്തത്. മന്ത്രിസഭയിലേക്ക് എടുക്കുമ്പോൾ സ്വാഭാവികമായും പട്ടാളവും പോലീസും പത്രാസുമെല്ലാമുള്ളതുകൊണ്ട് പെട്ടെന്ന് അദ്ദേഹത്തെ കൊല്ലാൻ കഴിയുകയില്ല. അതുകൊണ്ടാണ് എടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോട്ടക്കുഴി സുകുമാരൻ : മഴയുടെ കുറവുകൊണ്ട് കറൻറ് കിട്ടാതെ വന്ന സന്ദർഭത്തിൽ തിരുവനന്തപുരത്ത് നടന്ന സമ്മേളനത്തിൽ മഴ പെയ്യാതിരിക്കാൻ വേണ്ടി ഉന്നതനായ ഒരു മാർക്സിസ്റ്റ് നേതാവ് പത്മനാഭസ്വാമി ക്ഷേത്രത്തിൽ 101 തേങ്ങ അടിച്ചുവെന്നുള്ള വിവരമറിയാമോ ? അത് ഏത് പ്രത്യയശാസ്ത്രത്തിലുള്ളതാണെന്ന് പറഞ്ഞാൽകൊള്ളാം.

ശ്രീ. വി. ജെ. തങ്കപ്പൻ : ഞങ്ങളുടെ പാർട്ടി നേതാക്കൻമാർക്കെതിരായി കള്ളപ്രചാര വേല നടത്താൻ വാഷിംഗ്ടണിൽ നിന്നും പണംപറ്റുന്ന പല ആളുകളും ഈ രാജ്യത്തുണ്ട്. അക്കൂട്ടത്തിൽ പത്രക്കാരുമുണ്ടാകും. ഇല്ലെന്നു പറയാൻ കഴിയുകയില്ല.

അതൊക്കെ കണ്ണടച്ചുകൊണ്ട് കാണുകയും, പെവിപൊത്തിപ്പിടിച്ചുകൊണ്ട് കേൾക്കുകയും ചെയ്യുന്ന ചില പത്രം ഉടമകൾ നമ്മുടെ രാജ്യത്തുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ചിലതൊക്കെ കാണാൻ പാറ്റു, ഉദാ : ലോക പ്രശസ്തനായ ഡാനിയേൽ ഒക്ടേഹ എന്നു പേരുള്ള നിക്കോരാഗ്വൻ പ്രസിഡൻറ് ഇൻഡ്യാമഹാരാജ്യത്ത് വന്നിട്ട് അത് കാണാൻ കഴിയാത്ത പത്രക്കാരാണ് നമ്മുടെ രാജ്യത്തുള്ളത്. എന്നാൽ സഖാവ് കാട്ടായിക്കോണം ഏതെങ്കിലുമൊരു സ്ഥലത്തു പോയാൽ അത് ഭൂതക്കണ്ണാടി വച്ച് നോക്കിക്കാണാനും, കള്ളപ്രചരണങ്ങൾ നടത്താനും കഴിയും. സഖാവ് കാട്ടായിക്കോണത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ഒരു കോവിലിലും പോയി തേങ്ങയടിക്കേണ്ട ആവശ്യമില്ല, പായസം കുടിക്കേണ്ട കാര്യവുമില്ല. പക്ഷേ ഞങ്ങളുടെ അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻറെ സമ്മേളനം ഇവിടെ നടക്കുമ്പോൾ പത്തായിരം ആളുകൾക്ക് അക്കോമഡേഷൻ നൽകേണ്ട കാര്യമുണ്ടായിരുന്നു. അതുകൊണ്ട് ദേവസ്വത്തിൻറെ വക..... ....

മി. സ്പീക്കർ : അങ്ങ് സാധാരണ ബില്ലിനെക്കുറിച്ച് മാത്രം പറയുന്ന ആളാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : അത് മാത്രമാണ് പറഞ്ഞു വന്നത്. എൻറെ അറൻഷൻ ശ്രീ. കോട്ടക്കുഴി ഇടയ്ക്ക് തിരിച്ചു.

മി. സ്പീക്കർ : അങ്ങയുടെ ശ്രദ്ധ തിരിക്കാൻ വേണ്ടി പലരും പലവിധത്തിൽ ശ്രമിക്കും. അങ്ങ് ബില്ലിലേക്ക് വരു.

ശ്രീ. വി. ജെ. തങ്കപ്പൻ : അങ്ങനെ അക്കോമഡേഷനുവേണ്ടി ദേവസ്വം വക ഹാൾ ബുക്ക് ചെയ്യാൻ പോയപ്പോൾ അവിടത്തെ പായസം കൊടുത്തു. പായസം കുടിക്കുന്നതിൽ അപകടമുണ്ടോ ? പായസം കഴിച്ചത്, മഴ പെയ്യാതിരിക്കാനല്ല. അങ്ങനെ ശ്രീ. കാട്ടായിക്കോണത്തിനും, ഞങ്ങളുടെ പ്രസ്ഥാനത്തിലെ സ്നേഹിതൻമാർക്കുമെതിരായി ഇവിടത്തെ പത്രങ്ങൾ നടത്തുന്ന കള്ളപ്രചാരവേല അതേപടി നിങ്ങൾ വെട്ടിവിഴുങ്ങേണ്ട.

മി. സ്പീക്കർ : അങ്ങ് ബില്ലിലേക്ക് വരു, വളരെ മാതൃകാപരമായി ബില്ലിനെക്കുറിച്ച് സംസാരിക്കുന്ന ആളാണല്ലോ അങ്ങ്.

ശ്രീ. വി. ജെ. തങ്കപ്പൻ : ഞാൻ പറഞ്ഞുവന്നത് ചക്രബർത്തി കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചാണ്. ചക്രബർത്തി കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം അതിൽ സെനറ്റ് വേണമെന്ന് പറഞ്ഞിട്ടുണ്ട്. എൻറെ ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി ഇവിടെ ഈ ബിൽ അവതരിപ്പിക്കുമ്പോൾ ചക്രബർത്തി കമ്മീഷൻ റിപ്പോർട്ടിൻറെ പ്രസക്തമായ ഭാഗങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നു പറഞ്ഞു. ചക്രബർത്തി കമ്മീഷൻ റിപ്പോർട്ടിൽ സെനറ്റ് വേണം അതിൽ ആരെല്ലാം വേണം, എങ്ങനെയാണ് തെരഞ്ഞെടുക്കപ്പെടേണ്ടത് എന്നുള്ളത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞാൻ അത് വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

The Senate may consist of the following members, namely :

Ex-officio members

1 The Chancellor

2 The Pro-Chancellor

3 The Vice-Chancellor

4 The Pro-Vice-Chancellor

5 The Mayor of Cochin

6 Two officers nominated by Government

7 One nominee each of the Vice-Chancellors of the other Universities of the State

8 Members of the Syndicate who are not members of the Senate

9 The Director of Collegiate Education.

ഇതിൽ മേയർ ഓഫ് കൊച്ചിൻ ഒഴിവാക്കാം, കാരണം അന്ന് ആ റിപ്പോർട്ട് പരിശോധിക്കുമ്പോൾ ആ യൂണിവേഴ്സിറ്റിയുടെ അധികാര പരിധി വളരെ ചുരുങ്ങിയിരുന്നു. ഇലക്റ്റഡ് മെമ്പേഴ്സ് ആരെല്ലാമെന്ന് ചക്രബർത്തി പറയുന്നു.

1 Five members elected from among the Heads of University Departments and Heads of branches of studies in the University.

2 Two members elected by the Legislative Assembly of Kerala from among themselves of whom atleast one shall be from the area under the territorial jurisdiction of the University.

നമ്മുടെ സംസ്ഥാന നിയമസഭയിൽനിന്ന് രണ്ടുപേരെ ഇലക്ട് ചെയ്യാം. ഇവിടെ വിദ്യാഭ്യാസമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ രണ്ട് എം. എൽ. എ. മാരെപോലും നോമിനേറ്റ് ചെയ്യുന്നതാണ്. ഭരണകക്ഷി കോൺഗ്രസാണെങ്കിൽ രണ്ടു കോൺഗ്രസിനും നോമിനേറ്റ് ചെയ്യാം; ഒരു കാരണവശാലും എന്നും കോൺഗ്രസ് ആയിരിക്കാൻ സാദ്ധ്യതയില്ലല്ലോ. ഞങ്ങൾ വന്നാലും ഞങ്ങൾക്ക് രണ്ടുപേരെ നോമിനേറ്റ് ചെയ്യണമെന്ന അഭിപ്രായമില്ല അവരെ തെരഞ്ഞെടുക്കണം, ചക്രബർത്തിയുടെ റിപ്പോർട്ടും അതാണ്.

3 Five members other than those mentioned in item (1) under 'Elected Members', elected from among themselves by the teaching staff of the University Departments.

4 One member elected by the employees other than teachers of the University from among themselves.

5 Five members elected by the students of the University from among themselves in such manner as may be prescribed.

ഇത് ഇവിടെ പ്രത്യേകം എടുത്തു സൂചിപ്പിക്കാൻ ഒരു പ്രധാന കാരണമുണ്ട്. ഏതു യൂണിവേഴ്സിറ്റി ആയാലും വിദ്യാർത്ഥികളെ സംബന്ധിച്ച് എന്തെങ്കിലും പറയും. യൂണിവേഴ്സിറ്റിയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകർ, പ്രൊഫസർ, ഡീൽ, റീഡർ തുടങ്ങിയ പ്രഗൽഭൻമാരോടൊപ്പം തന്നെ ഇരുന്ന് ആ യൂണിവേഴ്സിറ്റിയുടെ ഭരണത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് സംസാരിക്കാനും, അഭിപ്രായം പറയാനും കഴിവുള്ള പല മിടുക്കൻമാരായ വിദ്യാർത്ഥികളും—പ്രൊഫസർമാരെക്കാൾ മിടുക്കൻമാരായ വിദ്യാർത്ഥികൾ—നമ്മുടെ വിദ്യാർത്ഥി സമൂഹത്തിലുണ്ട്. എന്തുകൊണ്ട് വിദ്യാർത്ഥികൾക്ക് സെനറ്റിലേക്ക് പ്രാതിനിധ്യം കൊടുത്തുകൂടാ ? എന്തുകൊണ്ട് പുതിയ ഈ ആക്ടിൽ വിദ്യാർത്ഥി യൂണിയനെക്കുറിച്ച് ഒരക്ഷരം പോലും സംസാരിച്ചിട്ടില്ല ?

1971-ൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിലവിൽ വന്ന ആക്ടിനെ സംബന്ധിച്ച് പറയുമ്പോൾ അതിലെ 5-ാം വകുപ്പിന്റെ 16-ാം ഉപവകുപ്പിൽ ക്ലാസ് (സി)യായി കൊടുത്തിട്ടുണ്ട്. 'to institute and provide funds wherever necessary for the maintenance of—

(c) University union for students ; '

യൂണിവേഴ്സിറ്റി യൂണിയൻ ഇല്ലാത്ത യൂണിവേഴ്സിറ്റിയുണ്ടോ ? വിദ്യാർത്ഥികൾക്ക് ഒന്നിച്ചുകൂടാനും, അവർക്ക് സംഘടിതമായി പല കാര്യങ്ങളും ചെയ്യാനും, കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കാനും, ഈ രാജ്യത്തുള്ള മുഴുവൻ കാര്യങ്ങളും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്യാനും, അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും, ഉറക്കെ പറയാനുമുള്ള അവസരം യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ഉണ്ടാക്കിക്കൊടുക്കണ്ടേ ? ഈ യൂണിവേഴ്സിറ്റി ബില്ലിൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ യൂണിയൻ മന്ത്രിയുടെ പാർട്ടിയുടെയോ അല്ലെങ്കിൽ മറ്റാരുടേയും പക്ഷത്തല്ല. അവർക്ക് ചിലപ്പോൾ രാഷ്ട്രീയ അഭിപ്രായം കണ്ടേക്കും, അത് അവർ ഉറക്കെ പരസ്യമായി പറഞ്ഞേക്കും. ചിലപ്പോൾ നമുക്കാർക്കും ഇഷ്ടപ്പെടാത്ത അഭിപ്രായങ്ങൾ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ പറഞ്ഞേക്കും. അതുകൊണ്ട് വിദ്യാർത്ഥികളുടെ യൂണിയനേ വേണ്ടയെന്നു തീരുമാനിക്കാൻ പറ്റുമോ ? അതിനാൽ ഞാൻ അതിശക്തിയായി ആവശ്യപ്പെടുന്നത് യൂണിവേഴ്സിറ്റി ആക്ടിൽ വിദ്യാർത്ഥികളെ ഒഴിവാക്കിക്കൊണ്ട് ഈ ആക്ട് ഒരു കാരണവശാലും പാസ്സാക്കരുതെന്നാണ്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചും, അവിടെ പഠിക്കാനിടയുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചും വിദ്യാർത്ഥികളുടെ അഭിപ്രായവും നമ്മുടെ സംസ്ഥാനത്തിലെ വിദ്യാർത്ഥി സമൂഹത്തിന്റെയാകെത്തന്നെ അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ടാകണം ഈ യൂണിവേഴ്സിറ്റി ബില്ലിന് അവസാനരൂപം കൊടുക്കേണ്ടത്.

ശാസ്ത്ര-സാങ്കേതിക ശാസ്ത്ര ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും മാത്രമേ ഇതിനകത്ത് പ്രൊവിഷനുള്ളു. ഇപ്പോൾ അവിടെ നിലവിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്ട് അല്ലെങ്കിൽ ഓർഡിനൻസ് വരുന്നതിനുമുമ്പുവരെ അവിടെ നിലനിന്നിരുന്ന ചില കോഴ്സുകളുണ്ട്; ബിരുദത്തിനുള്ള കോഴ്സുകൾ—ഗ്രാഡുവേഷനുള്ള കോഴ്സുകൾ—പോളിമർ സയൻസ് ആൻറ് റബ്ബർ ടെക്നോളജി, അപ്ലൈഡ് ഇക്കണോമിക്സ്, ഹിന്ദി, നിയമം, ഷിപ്പ് ടെക്നോളജി ഇങ്ങനെയുള്ള പല ഡിഗ്രികോഴ്സുകളും ആ യൂണിവേഴ്സിറ്റിയിൽ നടത്തിയിരുന്നു. അതിൽ ഹിന്ദിയും നിയമവും സ്വന്തം വീടിനടുത്തുള്ള യൂണിവേഴ്സിറ്റിയിലേക്ക് മാറി. മറ്റ് ഡിഗ്രി കോഴ്സുകളെ സംബന്ധിച്ച് ചക്രബർത്തി കമ്മിഷൻ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തുന്നുണ്ട്. ശാസ്ത്ര-സാങ്കേതിക ശാസ്ത്ര ഗവേഷണം യൂണിവേഴ്സിറ്റി ആയാലും, ആ യൂണിവേഴ്സിറ്റിയിൽ ബിരുദ-ബിരുദാനന്തര പഠനത്തോടൊപ്പം തന്നെ ഇന്ന് നിലനിൽക്കുന്ന ബിരുദത്തിനുവേണ്ടിയുള്ള പഠന കോഴ്സുകളും കൂടി ആ യൂണിവേഴ്സിറ്റിയിൽ ഉണ്ടാകണമെന്നാണ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് ശക്തമായി ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സിൻഡിക്കേറ്റിനെ സംബന്ധിച്ച് ഇവിടെ പലരും ശക്തിയായി അഭിപ്രായം പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. എന്നാലും സിൻഡിക്കേറ്റിന്റെ ഘടനയെ സംബന്ധിച്ച് രണ്ട് വാക്ക് പറയാതെ പോകുന്നത് ശരിയല്ല. സിൻഡിക്കേറ്റെന്നാൽ ഇവിടത്തെ മന്ത്രിയുടെ കൈക്കരുത്ത് ഒതുങ്ങണം, യൂണിവേഴ്സിറ്റി എന്നു പറയുമ്പോൾ കുറെയൊക്കെ സ്വയംഭരണാധികാരം കൊടുക്കേണ്ട ഒരു മേഖലയാണ്. വൈസ് ചാൻസിലർക്ക് സിൻഡിക്കേറ്റിൽ ഇഷ്ടംപോലെ ചെയ്യാം. ഇത് ഞാൻ പറയാൻ കാരണം അനുഭവത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പരിശോധിക്കേണ്ടതുള്ളതുകൊണ്ടാണ്. കഴിഞ്ഞ നിയമസഭാസമ്മേളനകാലത്താണ് പി. ഡി. സി. ബോർഡിനെതിരായ സമരം ഇവിടെ കൊടുമ്പിരികൊണ്ടത്.

സർ, ഈ ഗവൺമെന്റ് ആദ്യമായി ചെയ്തത് യൂണിവേഴ്സിറ്റിയുടെ സ്വയംഭരണ സ്ഥാപനങ്ങളായ സിൻഡിക്കേറ്റിനേയും സെനറ്റിനേയും കത്തിവച്ചു. അങ്ങനെ ഇഷ്ടംപോലെ തകർക്കാനും ഇഷ്ടംപോലെ പുനഃസംഘടിപ്പിക്കാനും ഉള്ള ഒരു നിയമം, ഒരുസമ്പദായം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുകയില്ല. നമ്മുടെ പഞ്ചായത്തുബോഡികളെയും മുൻസിപ്പൽ കൗൺസിലുകളെയും ഇഷ്ടം പോലെ പിരിച്ചു വിടുംപോലെ സഹകരണസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിനെ ഇഷ്ടംപോലെ പിരിച്ചുവിടുന്നതുപോലെ നമ്മുടെ ശാസ്ത്രസാങ്കേതിക ശാസ്ത്രം പഠിപ്പിക്കുന്ന ഒരു മഹത്തായ സ്ഥാപനത്തിന്റെ ഭരണാധികാരികളെയും ജനാധിപത്യ ബോഡിയേയും ഇഷ്ടംപോലെ പിരിച്ചു വിടാനും, ഇഷ്ടംപോലെ പുനഃസ്ഥാപിക്കാനുമുള്ള അധികാരം ഒരു ഗവൺമെന്റിനു കൊടുക്കാമോ. ഈ ഗവൺമെന്റ് ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായുള്ള ഗവൺമെന്റ് എന്നുള്ളതല്ല, ഏത് ഗവൺമെന്റ് ആയിരുന്നാലും ഈ രാജ്യത്ത് ശാസ്ത്ര രംഗത്ത് പ്രാഗൽഭ്യമുള്ള ആളുകളും, റിസർച്ച് നടത്തുന്ന ആളുകളും അതിന്റെ ഭരണത്തിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട ബോഡിയെ സംബന്ധിച്ച് അതിനെ ഇഷ്ടം പോലെ പിരിച്ചുവിടാനും ഇഷ്ടംപോലെ പുനഃസ്ഥാപിക്കാനുമുള്ള അധികാരം വൈസ് ചാൻസിലർക്ക് ഒരു കാരണവശാലും കൊടുക്കാൻ പറ്റുകയില്ല. പിന്നെ ഇവിടെ തെരഞ്ഞെടുക്കപ്പെടുന്ന 3 ആളുകളും ആണ് ഉള്ളത്, എന്റെ സുഹൃത്ത് ശ്രീമാൻ എം. എം. ഹസ്സന്റെ ഭാഷയിൽ പറഞ്ഞാൽ തെരഞ്ഞെടുക്കപ്പെടുന്ന ആളുകളും ആണ് ഈ സിൻഡിക്കേറ്റിലുള്ളത്. ഒന്ന്, പ്രോ-വൈസ്-ചാൻസിലറായ ഈ വിദ്യാഭ്യാസ മന്ത്രി, (ആരായാലും). പിന്നെയുള്ളത് നിയമസഭയിലുള്ള 2 എം. എൽ. എ. മാരെ നോമിനേറ്റ് ചെയ്യും. അത് നോമിനേറ്റ് ചെയ്യുമ്പോൾ, വിദ്യാഭ്യാസ മന്ത്രിക്ക് കെ. പി. സി. സി. ആഫീസിൽ നിന്ന് ലിസ്റ്റ് കൊടുത്താൽ അത് അപ്രകാരം ചെയ്യാതിരിക്കാൻ പറ്റുമോ? നോമിനേഷൻ, അപ്പുറത്തുള്ളവർക്ക് ആത്മാർത്ഥമായി പിൻതാങ്ങുന്നത്, ഒരു തൊഴിലും ചെയ്യാതെ നോമിനേഷൻ ചെയ്യപ്പെട്ടാൽ അവിടെ പോയി വെറുതേ ഇരിക്കാം എന്നുള്ളതു കൊണ്ടാണ്. മി. പി. പി. തങ്കച്ചന് അവിടെ പോകാൻ അർഹതയുണ്ടെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ തെരഞ്ഞെടുക്കപ്പെടുന്നത് പ്രോപ്പോഷണൽ റപ്രസന്റേഷന്റെ അടിസ്ഥാനത്തിൽ അല്ല, ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രോപ്പോഷണൽ റപ്രസന്റേഷന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽനിന്നും 5 ആളുകളെ തെരഞ്ഞെടുക്കപ്പെടുന്നു, ആ യൂണിവേഴ്സിറ്റിയിലേക്ക്. ആ രീതിയിൽ സബ്ജക്റ്റ് കമ്മിറ്റി റീ ഓർഗനയിസ് ചെയ്യണം. സബ്ജക്റ്റ് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്യുമ്പോൾ പ്രധാനപ്പെട്ട സെനറ്റ് പുനസ്ഥാപിക്കുകയും, സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും നോമിനേഷൻ എന്നുള്ളത് അത്യാവശ്യമായിട്ടുള്ള ചില ശാസ്ത്ര

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക രംഗങ്ങളിൽ ശാസ്ത്ര വിദ്യാഭ്യാസ മേഖലയിൽ വിചക്ഷണൻമാരായിട്ടുള്ള ആളുകളെ മാത്രം നോമിനേറ്റ് ചെയ്യുകയും, അല്പാത്ത അദ്ധ്യാപകരും വിദ്യാർത്ഥികളും നിയമസഭയിലും അതുപോലുള്ളവർക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള ഒരു സെനറ്റ് തെരഞ്ഞെടുക്കണം എന്നാണ് ശക്തിയായി ഇക്കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഈ ബില്ല് അതുപോലെ പാസ്സാക്കിയാൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ പോലെ അതല്ലെങ്കിൽ മറെറാരു ഡിപ്പാർട്ടുമെൻറ് പോലെ കൊച്ചിയിൽ സ്ഥാപിക്കപ്പെടുന്ന ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഒരു വിദ്യാഭ്യാസ വകുപ്പുപോലെ മാറി എടുക്കാനുള്ള ശ്രമം ആണ് നടക്കുന്നത്. അതു വഴി സെക്രട്ടേറിയറ്റിൽ ഇരുന്നുകൊണ്ട് മന്ത്രിമാർക്കും മന്ത്രിമാരുടെ പാർശ്വവർത്തികൾക്കും ഇഷ്ടംപോലെ ഭരിക്കാനുള്ള ഒരവസരമാണ് ഈ ബില്ലുവഴി ഉണ്ടാക്കി കൊടുക്കുന്നത്. അതുകൊണ്ടാണ് എനിക്ക് ഇതിനെ എതിർക്കേണ്ടിവരുന്നത്. ഇനി ട്രൈബ്യൂണലിനെ സംബന്ധിച്ചാണ് പറയുവാനുള്ളത്. ഇവിടെ ട്രൈബ്യൂണലിനെപ്പറ്റി പറഞ്ഞു, അതിന്റെ തീരുമാനം അന്തിമമാണെന്നും പറയുന്നുണ്ട്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമാക്കി കൂടാ. ട്രൈബ്യൂണൽ തീരുമാനിച്ചത് സംബന്ധിച്ച് അത് Appealable ആകണം. ഹൈക്കോടതിക്ക് അതിന്റെ മേൽ അധികാരം വേണം. ഈ ബില്ലിൽ അതിനുള്ള അധികാരം കൊടുക്കണം. അതുപോലെതന്നെ അക്കാഡമിക്ക് കൗൺസിലിനെസംബന്ധിച്ചും അതിനുള്ള എക്സ് ഒഫീഷ്യോ, അംഗങ്ങളെ കൂടാതെ കുറെ നോമിനേഷൻ വരുന്നുണ്ട്, അതിശക്തമായി എതിർക്കേണ്ട ചില വകുപ്പുകളാണ് അക്കാഡമിക്ക് കൗൺസിലിലെ നോമിനേഷനെ സംബന്ധിച്ച് പറയാനുള്ളത്. അതിൽ രണ്ട് വിദഗ്ദ്ധരെ ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്നു. വ്യവസായ വാണിജ്യ വിദഗ്ദ്ധർ, രാഷ്ട്രീയ വിദഗ്ദ്ധർ ഇവരിൽ നിന്നും അക്കാഡമിക്ക് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു. ആരായിരിക്കും ഇതിലേക്ക് നാമ നിർദ്ദേശം ചെയ്യപ്പെട്ടു വരുന്നത്? നമുക്ക് ഊഹിച്ചുകൂടെ, വ്യവസായവും വാണിജ്യവും നടത്തി എന്ന് പറഞ്ഞാൽ എന്തെല്ലാം വാണിജ്യമാകും, എന്തെല്ലാം കച്ചവടം ചെയ്താം എന്നതിനെക്കുറിച്ച് തീരുമാനിക്കണം. ഏതെല്ലാം വ്യവസായം നടത്തുമോ അതെല്ലാം വ്യവസായം ആകും. അങ്ങനെ ഏത് വിറക് വെട്ടിക്കും ഏത് വെള്ളം കോരുകാരനും ഏത് കച്ചവടക്കാരനും ഈ യൂണിവേഴ്സിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടുവരാം. അതുകൊണ്ട് ഈ 'വ്യവസായ—വാണിജ്യം' എന്നുള്ളത് വ്യക്തമായിട്ടുള്ള ചില നിർവ്വചനം വേണം. അതുപോലെ 3 ഫാക്കൽറ്റി ഗ്രൂപ്പുകളായി തിരിക്കേണ്ടതും, ഓരോ ഫാക്കൽറ്റി ഗ്രൂപ്പിൽ നിന്നും ഓരോ ഗവേഷണ പണ്ഡിതൻമാരെ ഒരു വർഷത്തേക്ക് തെരഞ്ഞെടുപ്പിൽ കൂടി തീരുമാനിക്കണം. എന്തിനാണ് ഈ നറുക്കെടുപ്പ്? നറുക്കെടുപ്പില്ലാതെ ഒരാളിനെ തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തു കൂടെ? ഇപ്പോഴും നറുക്കെടുപ്പും നോമിനേഷനുമാണ് ഈ കൊച്ചിൻ യൂണിവേഴ്സിറ്റി ആക്ടിൽ പ്രധാനപ്പെട്ട വ്യവസ്ഥകൾ. ഒന്നുകിൽ നോമിനേഷൻ അല്ലെങ്കിൽ നറുക്കെടുപ്പ്. തെരഞ്ഞെടുപ്പ് എന്നു പറയുമ്പോഴും ഈ ഗവൺമെൻറിന് പ്രത്യേകിച്ച് വിദ്യാഭ്യാസ മന്ത്രിക്ക് അലർജിയാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി നിയമത്തെ സബ്ജക്ട് കമ്മിറ്റി ആയിട്ട് കണ്ടാൽ പോരാ. സബ്ജക്ട് കമ്മിറ്റിയിൽ എം.എൽ.എ. മാർ മാത്രമായിരുന്നു. അവിടെ തെളിവ് എടുക്കാൻ കഴിയില്ല. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസമുള്ള ആളുകളെ ചോദ്യം ചെയ്ത് ഇൻവർവ്വ്യൂ നടത്താൻ കഴിയില്ല. അതുപോലെ വിദ്യാഭ്യാസം നേടിയവരുമായി ചർച്ച ചെയ്യണം. അവരുടെ അഭിപ്രായം ഉൾക്കൊള്ളണം. അത് നിയമത്തിൽ ഉൾക്കൊള്ളാനും കഴിയുകയില്ല. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ററ് കമ്മിററിക്ക് അയച്ചാൽ പോരാ ഇത് സംബന്ധിച്ച് ബഹു ജനങ്ങളുടെ അഭിപ്രായം ആരായണം. അതിൽ പ്രത്യേകിച്ചും വിവരമുള്ള ആളുകളുടെ അഭിപ്രായം ആരായണം. അങ്ങനെ വിവരം ആരാഞ്ഞുകൊണ്ട് ച്രകബർത്തി കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന രീതിയിൻ ഈ ബില്ല് റീഡ്രാഫ്ററ് ചെയ്ത് അവതരിപ്പിക്കാൻ പബ്ലിക് ഒപ്പിനിയൻ ആരായണം എന്നുള്ളതാണ് എന്റെ ഭേഭഗതി. അത് ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി സി. ജോർജ് : സർ, 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ബിൽ സെലക്ററ് കമ്മററിക്ക് അയ്ക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ആദ്യമായിട്ടാണ് കേരളത്തിൽ ഇതുപോലെ ഒരു നിയമം ഉണ്ടാകുന്നതും ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിവേഴ്സിററി സ്ഥാപിക്കാൻ ശ്രമിക്കുന്നതും എന്ന വസ്തുത നിഷേധിക്കാൻ എനിക്ക് കഴിയുകയില്ല. ആ നിലയിൽ വിശദമായ ചർച്ചകൾക്കായി ജനങ്ങളുടെ അഭിപ്രായവും ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധൻമാരുടെ അഭിപ്രായവും ആരായേണ്ടതായിട്ടുണ്ട്, അതു കൊണ്ടാണ് ഈ ബില്ല് സെലക്ററ് കമ്മററിക്ക് അയച്ച് തെളിവെടുപ്പുകൾ നടത്തി എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും അഭിപ്രായം ആരാഞ്ഞതിനു ശേഷം നിയമം ആക്കാം എന്ന പ്രമേയം ഞാൻ അവതരിപ്പിച്ചത്. നമുക്ക് അറിയാം, നമ്മുടെ സംസ്ഥാനത്ത് യൂണിവേഴ്സിററികൾ പഴയ ബ്രിട്ടീഷ്കാർ ഭരണം നടത്തിയിരുന്ന കാലഘട്ടത്തിൽ അന്നത്തെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു മുന്നോട്ടുപോയിക്കൊണ്ടിരുന്നു, ആ യൂണിവേഴ്സിററികളിൽ നിന്ന് പുറത്തു വരുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിത മാർഗ്ഗത്തിനുവേണ്ടിയുള്ള അല്ലെങ്കിൽ ഒരു പടല തൊഴിലാളികളെ വാർത്തെടുക്കുന്നതിനുള്ള പഠനം എന്നതിലധികമായി ഒന്നും ഇല്ലാത്ത സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. പഴയ വിദ്യാഭ്യാസ നയം തുടരുന്ന ഇന്നത്തെ സാഹചര്യത്തിൽ, മാററം വരുത്താനുള്ള ശ്രമം ഈ ഗവൺമെൻറ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും ഏറെറടുത്തിരിക്കുന്നു. ഇന്ന് ബ്രിട്ടീഷുകാർപോലും അവരുടെ നയത്തിൽ നിന്നും മാറി വിദ്യാഭ്യാസത്തിന് പുതിയ മാനവും കാഴ്ചപ്പാടും നൽകാനുള്ള തനേരടേതോടുകൂടി മുന്നോട്ടു പോകുന്നു. 1965-ലെ ലേബർ ഗവൺമെൻറാണ് പോളിടെക്നിക്ക് സ്ഥാപിക്കാൽ തീരുമാനമെടുത്തത്. ഇന്ന് അതൊക്കെ യൂണിവേഴ്സിററിയുടേതിനേക്കാൾ വലിയ സ്ഥാപനങ്ങളായി മാറുകയും വിദ്യാർത്ഥികൾക്ക് തൊഴിൽപരിശീലനങ്ങൾ നൽകുന്ന സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്ന സ്ഥാപനമായി മാറിക്കൊണ്ടിരിക്കുകയുമാണ്. നമ്മെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിററികൾ പഴയപടി തന്നെ തുടരുന്നു. ഇവിടെ യൂണിവേഴ്സിററികൾക്ക് സ്വയം ഭരണവകാശങ്ങൾ പോരായെന്നാണ് പറയുന്നത്. യൂണിവേഴ്സിററി വൈസ്ചാൻസലർക്കും അതുപോലെ തന്നെ സിൻഡിക്കേററ് മെമ്പർമാർക്കും അധികാരങ്ങൾ മുഴുവനായി നൽകണം, ഗവർമെൻറിന്റെ യാതൊരുവിധ നിയന്ത്രണങ്ങളും പാടില്ലെന്നാണ് പറയുന്നത്. അതേ ഭാഷയിൽ തന്നെ വർക്കല രാധാകൃഷ്ണനും വി. ജെ. തങ്കപ്പനും പറയുന്നു, എന്തുകൊണ്ട് കേരള യൂണിവേഴ്സിററി കഴിഞ്ഞ പ്രീ-ഡിഗ്രി പരീക്ഷാഫലം താമസിപ്പിച്ചു അതിന്റെ ഉത്തരവാദിത്വം ഗവൺമെൻറിന് ഇല്ലേ എന്ന്. ഒരു നയം രൂപീകരിക്കാനുള്ള അവകാശം ഗവൺമെൻറിനില്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. അങ്ങനെ ഗവൺമെൻറ് രൂപീകരിക്കുന്ന നയത്തിനെതിരായി സമരം ചെയ്യാൻ സിൻഡിക്കേററ് മെമ്പർമാരും, ആ സിൻഡിക്കേററ് മെമ്പർമാർക്ക് പിൻതുണകൊടുത്തുകൊണ്ട് യൂണിവേഴ്സിററിയുടെ ഭരണാ

LIBRARY ARCHIVES Kerala Legislative Assembly

ധികാരികം രംഗത്തുവരുന്ന സാഹചര്യമെന്ന് പറഞ്ഞാൽ സിൻഡിക്കേറ്റിനും യൂണിവേഴ്സിറ്റിയുടെ ഭരണാധികാരികൾക്കും വിദ്യാർഥികളോടാണോ അതോ ആരോടാണ് ഉത്തരവാദിത്വം എന്ന് എനിക്ക് സംശയം തോന്നിപ്പോകുന്നു. ഈ സഭ തുടങ്ങിയ അന്നുതന്നെ പ്രതിപക്ഷം അടിയന്തിരപ്രമേയവുമായി വന്ന് ചർച്ച ചെയ്ത ഒരു കാര്യമാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞിട്ട് റിസൽട്ട് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളുടെ റിസൽട്ട് പ്രസിദ്ധീകരിച്ചപ്പോൾ ജയിച്ചവർ തോൽക്കുകയും തോറ്റവർ ജയിക്കുകയും ചെയ്തിരിക്കുന്നു. ഫസ്റ്റ്ക്ലാസ്സ് കിട്ടി ജയിച്ചുവെന്ന് പറഞ്ഞ ആളുകൾ പിന്നീട് തോറ്റിരിക്കുന്നു, തോറ്റുവെന്ന് പറഞ്ഞിരുന്ന ആളുകൾ റാങ്കിലേക്ക് കടന്നുവന്നിരിക്കുന്നു. ആ രീതിയിൽ യൂണിവേഴ്സിറ്റി ഭരണം മുന്നോട്ടു പോകുന്നത് ശരിയാണോയെന്ന കാര്യം ചർച്ച ചെയ്യേണ്ടതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നത്. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത് ? ഗവൺമെന്റ് ഒരു നയം രൂപീകരിച്ചപ്പോൾ ആ നയത്തിന് അനുസൃതമായി തീരുമാനമെടുക്കാൻ ആളുകളുമായി ചർച്ചചെയ്യാൻ പോകുന്നുവെന്ന് പത്രത്തിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകരും സമരവുമായി രംഗത്ത് വന്നു. അവർക്ക് എന്തായിരുന്നു ആവശ്യം അവരുടെ ജോലിയുടെ പ്രശ്നമായിരുന്നു അവർക്ക്. അവർക്ക് ശമ്പളമായിരുന്നു പ്രശ്നം. അല്ലാതെ ലക്ഷക്കണക്കിന് വരുന്ന വിദ്യാർത്ഥികളോട് അവർക്ക് യാതൊരു ആത്മാർത്ഥതയുമില്ലായിരുന്നു. അവർക്ക് വിദ്യാർത്ഥികളുടെ പ്രശ്നവുമായി ബന്ധപ്പെടാതെ വഴിയില്ലായിരുന്നു. അവരുടെ സമരം എന്നു പറയുന്നത് സേ-വേതന വ്യവസ്ഥകൾക്കുവേണ്ടി മാത്രമുള്ളതായിരുന്നു. ഈ രീതിയിൽ യൂണിവേഴ്സിറ്റിയെ അധപ്പതിക്കണമെന്നാണോ ഇടതുപക്ഷം പറയുന്നത് എന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്. നമുക്കറിയാം യൂണിവേഴ്സിറ്റി പരീക്ഷ കഴിഞ്ഞാൽ റിസൽട്ട് വരും. റിസൽട്ട് വന്നാൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ അപാകതകൾ കടന്നുകൂടിയെന്നു വരാം. അങ്ങനെവരുമ്പോൾ യൂണിവേഴ്സിറ്റിയെ നിയന്ത്രിച്ചേ മതിയാകൂ യെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, യൂണിവേഴ്സിറ്റിയെ നിയന്ത്രിക്കണമെന്ന് പറഞ്ഞു. ഇന്ന് കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായ ഗോപാലനെനിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമോ? ഗോപാലൻ ആർ. എസ്സ്. എസ്സ്. എസ്സിന്റെ ശിബിരത്തിൽ പങ്കെടുത്തതായി ഗവൺമെന്റിന് ആക്ഷേപം കിട്ടിയതായി കേൾക്കുന്നു ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ അക്കാര്യം പെട്ടിട്ടുണ്ടോ ?

ശ്രീ. പി സി. ജോർജ് : സർ, ആ ചോദ്യം എനിക്ക് ഇഷ്ടപ്പെട്ടു. കാരണം ഞാൻ പറഞ്ഞ അഭിപ്രായം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഗൽഭനായ നേതാവ് കോടിയേരി അംഗീകരിച്ചതിന്റെ തെളിവായി ഞാൻ അതിനെ കാണുകയാണ്. താമസിച്ചാലും നിങ്ങൾ അംഗീകരിച്ചല്ലോ. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആർ. എസ്സ്. എസിന്റെ ശിബിരത്തിൽ പോയി പ്രസംഗിച്ചെങ്കിൽ അത് തെറ്റാണെന്നാണ് എന്റെ കാഴ്ചപ്പാട്. അയാളെ നിയന്ത്രിക്കേണ്ട, വെറുതേ കയറൂരി വിടണോ. യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻമാരേയും അതുപോലെതന്നെ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനേയും നിയന്ത്രിച്ചേ

LIBRARY ARCHIVES Kerala Legislative Assembly

മതിയാകു, ഗവൺമെൻറാണ് നയം രൂപീകരിക്കുന്നത്. ആ നയത്തിനനു സരണമായി ഭരണം നടത്താൻ അവരെ നിയന്ത്രിച്ചേ മതിയാകൂ എന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. കോടിയേരി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അങ്ങനെയൊരു ശിബിരത്തിൽ യൂണിവേഴ്സിറ്റിയുടെ ഒരു വി. സി: പ്രസംഗിക്കുന്നത് ശരിയല്ല. അതിന് പരാതി കിട്ടിയിട്ടുണ്ടെങ്കിൽ, എനിക്ക് അറിയുകയില്ല മന്ത്രിമാരാണ് പറയേണ്ടത്. മന്ത്രിമാർക്ക് പരാതി കിട്ടിയാൽ ഒളിച്ചുവയ്ക്കുമോ എന്ന് എനിക്കറിയില്ല. പരാതി കിട്ടിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കണമെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. കത്തോലിക്കാ കോൺഗ്രസിനേറയും മുസ്ലീം ജമാ അത്ത് ലീഗിനേറയും ആർ. എസ്. എസിനേറയും സമ്മേളനത്തിലും ശിബിരത്തിലും പോയി വി. സി. മാർ പ്രസംഗിക്കാൻ തുടങ്ങിയാൽ വളരെ ബുദ്ധിമുട്ടാണ്. അത് അവസാനിപ്പിക്കണം. അക്കാര്യത്തിൽ നടപടി സ്വീകരിക്കുകയും വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് പരാതി കിട്ടിയാൽ ഒളിച്ചു വയ്ക്കുമോ?, അതിൽ നടപടി സ്വീകരിക്കണം. അതിന് തർക്കമില്ല. ഞാനും ആ പോയിൻറിലേക്ക് വരുകയാണ്. നമ്മുടെ യൂണിവേഴ്സിറ്റികളെ കയറൂരി വിടാൻ കഴിയുമോ? വി. സി. മാരും ഉദ്യോഗസ്ഥൻമാരും കയറൂരുന്ന സമ്പ്രദായം നമ്മുടെ രാജ്യത്തിന് നല്ലതാണോ? ഈ രാജ്യത്തിൻെറ ഭാവി നിശ്ചയിക്കേണ്ട സ്ഥാപനമെന്ന നിലയിൽ അവിടുത്തെ ഭരണസംവിധാനത്തിൽ പൂർണ്ണമായ നിയന്ത്രണം ഗവൺമെൻറിന് ഉണ്ടായിരിക്കണമെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപ്പോലെ നയം രൂപീകരിക്കുന്നത് ഗവൺമെൻറാണ്. ആ നയത്തിന് അനുസരണമായി മാത്രമേ യൂണിവേഴ്സിറ്റികൾക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളു, അപ്രകാരമേ പോകാൻ പാടുള്ളുവെന്നാണ് എൻെറ കാഴ്ചപ്പാട്. അതനുസരിച്ച് തീരുമാനിച്ചേ മതിയാകു. ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞതുകൊണ്ട് പറയുകയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് ഉണ്ടാക്കിയ ഉടനെ തന്നെ ഒരു വി. സി. ചാർജ് എടുത്തു. വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഒരു സെമി ഹിറ്റ്ലറായിട്ടാണ്. അദ്ദേഹത്തിൻെറ പ്രവർത്തനം. ഗവൺമെൻറ് അതൊന്നും അറിയുന്നില്ലേ? അത് വിദ്യാഭ്യാസമന്ത്രിയും അറിയണമെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. സിൻഡിക്കേറ്റ് മെമ്പർമാരെ വേണ്ടവിധത്തിൽ അദ്ദേഹം ഡിസ്മിസ് ചെയ്തുകളയും. അങ്ങനെയൊക്കെയാണോ പോകേണ്ടത്? അവിടെ രജിസ്ട്രാറെ നിയമിച്ചിരിക്കുന്നു. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും പ്രാതിനിധ്യം നൽകണം സമുദായിക പ്രാതിനിധ്യം വേണം എന്നു വാദിക്കുന്നവരാണ് നമ്മളെല്ലാവരും. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എൻെറ അറിവ് ശരിയാണെങ്കിൽ രജിസ്ട്രാറായി വരേണ്ടത് ഒരു ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടയാളായിരുന്നു. പക്ഷേ പരസ്യം ചെയ്തപ്പോൾ ആ കാര്യം പറഞ്ഞില്ല. ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ട ആരേയും ലഭിക്കാത്തതുകൊണ്ട് ഒരു സവർണ്ണനെ നിയമിച്ചിരിക്കുന്നു എന്നു പറഞ്ഞ് വൈസ് ചാൻസലർ രക്ഷപ്പെടുന്നത് ശരിയാണോ? ഹരിജനങ്ങളും ഗിരിജനങ്ങളുമായ, വിദ്യാഭ്യാസമുള്ള, ശാസ്ത്രസാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ ഇല്ലെന്നാണോ അദ്ദേഹം പായുന്നത്. വിവരമുള്ള ഐ. എ. എസ്സുകാർ, ഉദ്യോഗസ്ഥൻമാർ, ഡോക്ടർമാർ, എൻജിനീയർമാർ എന്നിവർ ഹരിജനങ്ങളിലും ഗിരിജനങ്ങളിലുമുണ്ട്. എന്തുകൊണ്ട് ആ കാര്യം പരിഗണിച്ചില്ല. ഈ ഗവൺമെൻറ് ആ കാര്യം ഒന്നു പരിശോധിക്കണം അല്ലാതെ നടന്നുപോയിനടന്നോട്ടെ, എല്ലാ കാര്യങ്ങളും സംഭവിച്ചുപോയി

LIBRARY ARCHIVES Kerala Legislative Assembly

ഇനി പറഞ്ഞിട്ട് കാര്യമുണ്ടോ എന്ന ചിന്താഗതിയിൽ ഗവൺമെന്റ് പോകുന്നതിനോടു എനിക്ക് യോജിപ്പില്ല. അതുകൊണ്ടാണ് ഇത് വിശദമായ പഠനത്തിനുവേണ്ടി സെലക്ട് കമ്മിറ്റിക്കു അയയ്ക്കണമെന്ന് പറഞ്ഞത്. എന്റെ ഓർമ്മ ഒരു കോൺഫറൻസിൽ വച്ച് പ്രശസ്തനായ അമേരിക്കൻ അംബാസിഡർ ആയിരുന്ന ലാൽബ്രിയത്തിനോട് ഇൻഡ്യൻ യൂണിവേഴ്സിറ്റിയേയും പാശ്ചാത്യ യൂണിവേഴ്സിറ്റിയേയും താരതമ്യപ്പെടുത്തിക്കൊണ്ട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അദ്ദേഹം അതിന് മറുപടിയായി പറഞ്ഞ കാര്യം വളരെ പ്രസക്തമാണെന്നാണ് എനിക്ക് തോന്നുന്നത്.

പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ ആഗ്രഹവും ബുദ്ധിപരമായ കഴിവുമുള്ള ആളുകൾ വരുന്നു. അല്ലാത്തവർ പ്രൊഫഷണൽ മേഖലയിലേക്ക് പോകുന്നു. അതുകൊണ്ട് അവിടുത്തെ വിദ്യാർത്ഥികൾ അവരുടെ കഴിവിന്റെ ഒരംശം യൂണിവേഴ്സിറ്റിക്ക് സംഭാവന ചെയ്തിട്ടാണ് പോകുന്നത്. പക്ഷേ ഇൻഡ്യയിലുള്ള വ്യത്യാസം ഇൻഡ്യൻ യൂണിവേഴ്സിറ്റി എല്ലാതരം വിദ്യാർത്ഥികൾക്കും പ്രവേശനം കൊടുക്കുകയാണ്. അതിൽ ഭൂരിപക്ഷവും വിദ്യാഭ്യാസത്തിനുവേണ്ടി വരുന്നവരല്ല. അവരുടെ ബുദ്ധിപരമായ പാപ്പരത്വം മുഴുവൻ അവർ യൂണിവേഴ്സിറ്റികളിൽ നിക്ഷേപിച്ചിട്ടാണ് പോകുന്നത്. അങ്ങനെ സർവ്വകലാശാലകളിൽ ബുദ്ധിപരമായ പാപ്പരത്വം കുമ്പാരമായി മാറിയിരിക്കുന്നു എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. അക്കാര്യം അത് നമുക്ക് നിഷേധിക്കാൻ കഴിയുമോ ? ഇൻഡ്യൻ യൂണിവേഴ്സിറ്റികളിൽ വരുന്ന വ്യത്യാസം ഒരു ജീവിതമാർഗ്ഗത്തിനുവേണ്ടി എങ്ങനെയെങ്കിലും ഒരു അഡ്മിഷൻവാങ്ങി, ഏതെങ്കിലും ഒരു ഡിഗ്രിയെടുത്ത് തൊഴിൽ ലഭിക്കണമെന്ന ആഗ്രഹത്തോടുകൂടി വിദ്യാർത്ഥികൾ ഇവിടേക്ക് കടന്നുവരികയാണ്. യൂണിവേഴ്സിറ്റികളിലേക്ക് വരുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണമെന്നല്ലാതെ മറ്റ് ആഗ്രഹമൊന്നുമില്ല. പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ അതിനുമാറ്റം ഉണ്ടെന്നാണ് ലാൽബ്രിയത്തിനെ പോലെയുള്ള ആളുകൾ പറഞ്ഞിരിക്കുന്നത്. നമ്മുടെ സർവ്വകലാശാലകൾ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളാണോ അതോ അഭ്യാസം നൽകുന്ന സ്ഥാപനങ്ങളാണോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. അപ്പോഴേ നമുക്കറിയാം ; കൊച്ചിൻ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവന്നത് വെറുതെയായിരുന്നില്ല. 1980-ൽ പ്ലാനിംഗ് ബോർഡിന്റെ ശുപാർശ, 1982-ൽ ചക്രബർത്തി കമ്മിറ്റി റിപ്പോർട്ട് 1983-ൽ നിയമിച്ച പി. ആർ. പിള്ളയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട്, ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് ഇതുപോലെ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കാൻ തീരുമാനമെടുത്തത്.

സർ, ബഹുമാനപ്പെട്ട തങ്കച്ചൻ ഇവിടെ പറഞ്ഞത് വിദ്യാഭ്യാസ വിചക്ഷണൻ ആണെന്ന ഒരു ധാരണയുള്ള വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബ് എന്നാണ്. എന്നാൽ അദ്ദേഹത്തിന്റെ ആക്ഷേപം ഇങ്ങനെയായിപ്പോയതിൽ എനിയ്ക്ക് ദു:ഖമുണ്ട്. നിങ്ങൾ നിയമം കൊണ്ടുവരുന്ന വ്യക്തി ആരെന്ന് നോക്കിയാണ് നിയമത്തെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്നത്. ശരിയല്ല. ഈ രീതിയിൽ ഒരു നിയമത്തെ നോക്കിക്കാണാൻ ശ്രമിക്കുന്നത് ശരിയാണോയെന്ന് പ്രതിപക്ഷം ചിന്തിക്കണം. എന്ന അഭിപ്രായമേ എനിയ്ക്കുള്ളൂ. എന്നാൽ ഒരുവിധം വിദ്യാഭ്യാസവും വിവരവുമുള്ള ഒരു വിദ്യാഭ്യാസമന്ത്രിയാണ് അദ്ദേഹം എന്ന് കാണാൻ കഴിയും എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ വർക്കല രാധാകൃഷ്ണനും പ്രതിപക്ഷത്തുള്ള മറ്റ് ആളുകളും സംസാരിക്കുമ്പോഴും അവർക്ക് സമ്മതിക്കാൻ കഴിയാത്ത ഒരു കാര്യം ഗാന്ധിജി യൂണിവേഴ്സിറ്റിയാണ്. വിദ്യാഭ്യാസത്തെപ്പറ്റി എന്തു ചർച്ച നടന്നാലും ഗാന്ധിജി യൂണിവേഴ്സിറ്റിയെ രണ്ട് പ്രാവശ്യം വിളിക്കാതെ പോകുന്നത് വലിയ ബുദ്ധിമുട്ടാണ്. എല്ലാവരുടേയും വിരോധം കോട്ടയത്ത് യൂണിവേഴ്സിറ്റി സ്ഥാപിച്ചു എന്നതിനെക്കുറിച്ചാണ്. കോട്ടയം യൂണിവേഴ്സിറ്റി എന്ന് പേരിടാൻ പാടില്ലായിരുന്നോ എന്നുവരെ ശ്രീ. വർക്കല രാധാകൃഷ്ണൻ ചോദിക്കുകയുണ്ടായി. ഇങ്ങനെ അസൂയയും കുശുമ്പും പാടുണ്ടോ? നമ്മൾ ആലോചിക്കേണ്ട ഒരു കാര്യമാണ്. വർക്കല രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ ഈ രീതിയിൽ സംസാരിക്കുന്നത് ശരിയാണോ? ഇന്ന് ഗാന്ധിജി യൂണിവേഴ്സിറ്റിയെ ചീത്തവിളിക്കാൻ വർക്കല രാധാകൃഷ്ണനെ പ്രചോദനം നൽകിയ കാരണമെന്താണ്? അദ്ദേഹം അകപ്പാടെ പറഞ്ഞത് ഹിന്ദിയും നിയമവും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും അങ്ങോട്ട് മാറുന്നു എന്ന വലിയൊരു ആരോപണമാണ്. ഇത് വിദ്യാഭ്യാസമന്ത്രി പറഞ്ഞിട്ടാണോ? ശ്രീ. ടി. എം. ജേക്കബിന്റെ നിർദ്ദേശപ്രകാരമാണോ? ഈ സംസ്ഥാനത്തെ വിദ്യാഭ്യാസവും വിവരവുമുള്ള ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തത്. ശ്രീ. സി. ആർ പിള്ള, ഗവർണർ, എം. ആർ. സീതാരാമൻ, ചീഫ് സെക്രട്ടറി രാമചന്ദ്രൻ, ഡോ. എസ്. വാസുദേവ് ഇവർ ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. ഇവരെല്ലാം വിദ്യാഭ്യാസവും വിവരവും ഇല്ലാത്ത ആൾക്കാരാണോ? ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഒരു തീരുമാനം എടുത്തത്. മറിച്ച് ആ റിപ്പോർട്ട് ഈ കമ്മിറ്റി സമർപ്പിച്ചതിനുശേഷം വീണ്ടും ഹിന്ദിയും നിയമവും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽത്തന്നെ തുടരാൻ അനുവദിച്ചിരുന്നുവെങ്കിൽ നിങ്ങൾ പറയുമായിരുന്നു ഇതിനകത്തു വിദ്യാഭ്യാസമന്ത്രിക്ക് എന്തോ ഗൂഢോദ്ദേശമുണ്ടായിരുന്നു എന്ന്. വിദഗ്ദ്ധമായ ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് അതേപടി ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ കടുത്ത വിമർശനം നടത്തുന്നത് ശരിയാണോ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഇവിടെ കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. ഇത് ഗവൺമെന്റിന്റെ തീരുമാനം മനസിലാക്കിയിട്ട് അവർ ശുപാർശ ചെയ്തതാണോ അതോ അവർ ശുപാർശ ചെയ്തതനുസരിച്ച് ഗവൺമെന്റു തീരുമാനിച്ചതാണോ എന്നുള്ള വിവരം മെമ്പർ വ്യക്തമാക്കാമോ?

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയെപ്പോലുള്ള ആളുകൾ ഇങ്ങനെ പറയുന്നത് ശരിയാണോ? ഇത്രയും വിദഗ്ദ്ധൻമാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ പറയുന്നതുപോലെ ഒരു കമ്മിറ്റിയുടെയും ആവശ്യം ഇവിടെ ഇല്ലല്ലോ. ഈ കമ്മിറ്റിയിൽ ഒരു ആളുപോലും കേരള കോൺഗ്രസുകാരനായിട്ടില്ല. അതുകൊണ്ട് നിങ്ങൾ ആരും പേടിക്കേണ്ട. ശാസ്ത്രജ്ഞൻമാരും സാങ്കേതിക വിദഗ്ദ്ധരുമാണ് ഇതിലെ അംഗങ്ങൾ. ഈ മേഖലകളിൽ വിദഗ്ദ്ധൻമാരെന്ന് ജനങ്ങൾ പരക്കെ അംഗീകരിച്ചിരിക്കുന്ന ഒരു കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുത്തു ഗവൺമെന്റ് മുമ്പോട്ടുപോകുമ്പോൾ അതിനകത്തും കുറ്റം കാണാൻ ശ്രമിക്കുകയാണ്. വിദ്യാഭ്യാസമന്ത്രി മഹാപാപം ചെയ്തു എന്നാണ് ഇവിടെ പ്രതിപക്ഷം പറയുന്നത്. ഈ രീതിയിൽ നമ്മുടെ സഭയിലെ അംഗങ്ങൾ സംസാരിക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, അവരുടെ റിപ്പോർട്ടിൽത്തന്നെ പറഞ്ഞിരിക്കുന്നു "ശാസ്ത്ര—സാങ്കേതിക സർവ്വകലാശാലയാകുമ്പോഴും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പഴയ കൊച്ചിൻ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന ഹിന്ദിയും നിയമവും വകുപ്പുകളും ഗാന്ധിജി സർവ്വകലാശാലയിലേക്ക് മാറ്റണം. ഇത് വിദ്യാഭ്യാസമന്ത്രി പറഞ്ഞ് എഴുതിയതാണോ? ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഒരു വാചകം മനസിലാക്കണം 'ശാസ്ത്ര—സാങ്കേതിക സർവ്വകലാശാലയാകുമ്പോഴും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുകൂലതമല്ലാത്തതിനാൽ..' പൂർണ്ണമായും ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയാണ് നമ്മൾ ഉണ്ടാക്കുന്നത് അല്ലാതെ നിയമവും ഹിന്ദിയും ഉൾക്കൊള്ളിച്ചിട്ടുള്ള സർവ്വകലാശാലകളല്ല. അതിന്റെ ഫുൾസ്റ്റോപ്പ് ഉൾക്കൊള്ളണമെങ്കിൽ ഹിന്ദിയും നിയമവും അങ്ങോട്ട് മാറണം. ആ നിലയ്ക്ക് ഈ രീതിയിൽ പ്രതിപക്ഷത്തു നിന്നു സംസാരിക്കുന്നത് ശരിയല്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. എന്തിനുവേണ്ടിയാണ് ഈ രീതിയിലുള്ള ആരോപണം ഉന്നയിക്കുന്നത്?

സർ, ഈ ഗവൺമെന്റു വന്നതിനുശേഷമാണ് ഗാന്ധിജി യൂണിവേഴ്സിറ്റിയുണ്ടായത്. ഇപ്രാവശ്യത്തെ പ്രീ-ഡിഗ്രി റിസൽറ്റ് വന്നതിനുശേഷം നമ്മുടെ മൂന്നു യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ഏറ്റവും നല്ല നിലയിൽ റിസൽറ്റ് പ്രസിദ്ധീകരിക്കുകയും ഏറ്റവും കുറഞ്ഞ പരാതികളും വരികയും ചെയ്തിരിക്കുന്നത് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ആണ്. എന്നിട്ടും പ്രതിപക്ഷത്തു നിന്നും ആരെങ്കിലും സംസാരിക്കാൻ എഴുന്നേറ്റാൽ ഗാന്ധിജി യൂണിവേഴ്സിറ്റിയെപ്പറ്റി പരാതിയാണ് പറയുന്നത്. ഞാൻ ആ യൂണിവേഴ്സിറ്റിയുടെ പരിധിയിൽപ്പെട്ട ആളായതുകൊണ്ട് സംസാരിച്ചു പോകുന്നതാണ്. ആ നിലയ്ക്ക് തീരുമാനങ്ങൾ എടുക്കുമ്പോൾ ഈ വക കാര്യങ്ങൾ പരിഗണിക്കണമെന്നു മാത്രമേ എനിയ്ക്ക് പറയാനുള്ളൂ.

ഇപ്പോഴുള്ള യൂണിവേഴ്സിറ്റികളുടെ സ്ഥിതിയെന്താണ്? ഇപ്പോഴുള്ള യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികൾ പി. എച്ച്. ഡി. യ്ക്ക് പ്രബന്ധങ്ങൾ കൊടുത്താൽ അത് ഗവേഷണങ്ങളാക്കുന്ന പ്രൊഫസർമാരാണ് ഇപ്പോഴുള്ളത്. ഞാൻ ഉദാഹരണങ്ങൾ പറയണമോ? ഞാൻ ആരെയും അപമാനിക്കാൻ ആഗ്രഹിക്കുന്നില്ല. വിദ്യാർത്ഥികൾ കൊടുക്കുന്ന പ്രബന്ധങ്ങൾ എടുത്ത് ഗവേഷണങ്ങളാക്കുന്ന പ്രൊഫസർമാരാണ് നമുക്കുള്ളത്. അപ്പോൾ ഒരു ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ പ്രസക്തി അവിടെയാണ് തുടങ്ങുന്നത്. ഇവിടെ വളർന്നുവരുന്ന തലമുറയ്ക്ക് ചിന്തിക്കാനും ചിന്തിക്കുന്നത് പ്രാവർത്തികമാക്കാനുമുള്ള മേഖലയുണ്ടാക്കിക്കൊടുക്കുവാനുമുള്ള ബാദ്ധ്യത ഗവൺമെന്റിനില്ലേ, ഭരണാധികാരിവർഗ്ഗത്തിനില്ലേ? അതിനെക്കുറിച്ച് നാം ആലോചിക്കണം. ആ നിലയിൽ നമ്മുടെ വളർന്നു വരുന്ന തലമുറയുടെ ഭൗതികമായ വളർച്ചയ്ക്ക് ആവശ്യമായ സംവിധാനം ഏർപ്പെടുത്താനുള്ള ഉത്തരവാദിത്വവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ ചീത്തപറഞ്ഞാലും അഭിനന്ദിക്കുവാനുള്ള സൻമനസ്സ് പ്രതിപക്ഷം കാണിക്കണമെന്നാണ് എനിയ്ക്ക് പറയാനുള്ളത്. ഭരണാധികാരികൾ എന്നു പറയുന്നവർ രാഷ്ട്രീയപ്രവർത്തകരാണ് എന്ന വസ്തുത നിഷേധിക്കുവാൻ നമുക്കു കഴിയുകയില്ല. ഈ രാഷ്ട്രീയക്കാരെ വലിയ പുച്ഛമാണ്. എന്നാൽ യൂണിവേഴ്സിറ്റികളിൽ നടക്കുന്നത് എന്താണ്? യൂണിവേഴ്സിറ്റികളുടെ ഭരണാധികാരികൾ എന്നു പറയുന്നവർ ഇന്ന് നമ്മുടെ പൊതുപ്രവർത്തകരായ രാഷ്ട്രീയക്കാർ നടത്തുന്നതിനേക്കാൾ കൂടുതലായ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയപ്രവർത്തനമല്ലേ യൂണിവേഴ്സിറ്റികളിൽ നടത്തുന്നത് ? നിയന്ത്രിക്കുവാനുള്ള ബാദ്ധ്യത നമുക്കില്ലേ ? ഒരു സിൻഡിക്കേറ്റിനെ സസ്പെൻറു ചെയ്തതിനെപ്പറ്റി കുറേ ഇവിടെ പറയുന്നത് കേട്ടു. ആ സിൻഡിക്കേറ്റിനെ പിരിച്ചുവിടാൻ പോകുന്നുവെന്ന് പറഞ്ഞു സമരം സംഘടിപ്പിക്കുവാൻ ശ്രമിച്ചവരാണ് അപ്പുറത്തിരിക്കുന്നത്, എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണ്. അപ്രത്യേക സാഹചര്യത്തിൽ ഗവൺമെൻറിൻെറ നയത്തിനുവിരുദ്ധമായി വിദ്യാർത്ഥികൾക്ക് ഉപദ്രവം സിൻഡിക്കേറ്റ് ചെയ്യുന്നുവെന്ന് മനസിലാക്കിക്കഴിഞ്ഞപ്പോൾ അതിനെ സസ്പെൻഡ് ചെയ്തു. ആ പ്രശ്നം തീർന്നപ്പോൾ ആ സിൻഡിക്കേറ്റിനെ തിരിച്ചുവയ്ക്കാനും ഗവൺമെൻറു തയ്യാറായി. എന്നാൽ അങ്ങനെ ഗവൺമെൻറു തയ്യാറായതിനെപ്പറ്റി ആരും പറയുന്നില്ല. അവരെ തിരിച്ചു വച്ചത് ശരിയായില്ല എന്ന കാഴ്ചപ്പാടാണ് ഇപ്പോൾ എനിക്കുള്ളത്. കാരണം സസ്പെൻഡ് ചെയ്തപ്പോൾ ഒരു സമരവും ബഹളവും അതിൻെറപേരിൽ നിങ്ങൾ നടത്തിയതാണ്. ഡിസ്മിസ് ചെയ്താലും അതിൽക്കൂടുതൽ ഒന്നും നിങ്ങൾ നടത്തുകയില്ല എന്ന് എനിയ്ക്കറിയാം. ആ നിലയ്ക്ക് അതിനെ ഡിസ്മിസ് ചെയ്തിരുന്നുവെങ്കിൽ സ്വല്പം കൂടി നന്നാകുമായിരുന്നുവെന്ന കാഴ്ചപ്പാടാണ് എനിയ്ക്കുള്ളത്. ഈ സിൻഡിക്കേറ്റ് ഇപ്പോൾ തിരിച്ചുവന്നിട്ട് എന്താണ് ചെയ്യുന്നത്. കഴിഞ്ഞകാലങ്ങളിൽ അവിടെനിന്നും മാർക്ക് ലിസ്റ്റ് കൊണ്ടുപോകുകയും അതുപോലെ ലിസ്റ്റ് എടുത്തു മാറ്റുകയും ചെയ്ത ആളുകൾക്ക് സംരക്ഷണം കൊടുക്കുകയും ഒരു വിധത്തിലും ആ കാലഘട്ടങ്ങളിൽ നടന്ന കള്ളത്തരങ്ങൾ പുറത്തുവരാതിരിക്കുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നത് ശരിയാണോ ? അങ്ങനെ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻമാർ കാണിച്ചിരുന്ന തെറ്റുകൾ ഒരു കാരണവശാലും പുറത്തുവരണ്ടത് എന്ന ചിന്താഗതിയോടുകൂടി അവർക്ക് സംരക്ഷണം കൊടുക്കുന്ന രീതിയിൽ സിൻഡിക്കേറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അത് ശരിയല്ല എന്ന അഭിപ്രായമാണ് എനിയ്ക്കുള്ളത്....

മി. സ്പീക്കർ : ശ്രീ. ജോർജിന് നാളെ തുടർന്നും സംസാരിക്കാവുന്നതാണ്.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും കൂടുന്നതുമാണ്.

(1986-ഒക്ടോബർ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.32-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly